# Trichur Archdiocesan Bulletin TAB

മാർച്ച്
2018
വാല്യം: 65 ലക്കം: 03
ESTD:1934





2017 ഡിസംബർ 24നു മാർ റാഫേൽ തട്ടിൽ പിതാവിനാൽ കൂദാശ ചെയ്യപ്പെട്ട
മണ്ണുത്തി സെന്റ് ആന്റണീസ് ഇടവകയിലെ നവീകരിച്ച അൾത്താര.




Trichur Archdiocesan Bulletin TAB

ESTD 1934

**മാർച്ച് 2018**

ലക്കം : 3 വാല്യം : 85

Imprimature
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
Smriti design

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325, 2338203,
2333542 Fax : 2338205
*Email:* curiatcr@gmail.com
bulletintcr@gmail.com
*Website:* www.trichurarchdiocese.org


## ഈ ലക്കത്തിൽ


| | |
|---|---|
| ഇടയലേഖനം | 04 |
| സർക്കുലർ | 12 |
| ഇടവക സ്ഥാപനഡിക്രി | 18 |
| കച്ചേരികാര്യം | 24 |
| Portfolios of Protosyncellus and Syncelli | 39 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 41 |
| സഹായമെത്രാന്റെ പരിപാടികൾ | 43 |
| നാളാഗമം | 45 |
| നാമകരണ നടപടികൾ | 53 |
| സാമ്പത്തിക കാര്യാലയം | 55 |
| വൈദികർ | 57 |
| സന്യസ്തർ | 60 |
| അതിരൂപത തീർത്ഥകേന്ദ്രം | 64 |
| മതബോധനം | 66 |
| സ്ഥാപനങ്ങൾ | 74 |
| സംഘടനകൾ | 107 |



# ഇടയലേഖനം

433/ 2018
12.02.2018 P-1

**മാർ ആൻഡ്രൂസ് താഴത്ത്**

ഈശോയിൽ സ്നേഹമുള്ള പ്രിയ വൈദികരേ, ബഹു. സമർപ്പിതരേ, പ്രിയ സഹോദരീ സഹോദരന്മാരേ, വത്സലമക്കളേ,

**1. ആമുഖം :** 2018ലെ വലിയ നോമ്പിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. ദൈവാനുഗ്രഹത്തിന്റെ പ്രത്യേക അവസരമാണ് ഈ കാലഘട്ടം. മനുഷ്യരക്ഷാർത്ഥം ഭൂമിയിൽ അവതീർണ്ണനായ യേശു തന്റെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽ പറഞ്ഞ വാക്കുകൾ ധ്യാനിക്കുവാൻ ഇത്തരുണത്തിൽ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. "സമയം സമാഗതമായി. ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ. 1:15; മത്താ. 3:2; 4:17).

**2. സമയം സമാഗതമായി :** സമയത്തിന്റെ പരിപൂർത്തിയിൽ (ഗലാ. 4:4) അവതാരം ചെയ്ത യേശു, സുവിശേഷസന്ദേശത്തിന്റെ സത്പ്രഭതൂകി സകലരെയും രക്ഷയുടെ മാർഗ്ഗമായ മാനസാന്തരത്തിലേക്കും (മത്താ. 3:2; 4:17) ശിഷ്യത്വത്തിലേക്കും (യോഹ. 8:31–32; മത്താ. 16:24) ക്ഷണിക്കുകയും തന്റെ പീഡാനുഭവത്തിലൂടെയും മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും

മനുഷ്യരക്ഷ സാക്ഷാകത്കരിക്കുകയും ചെയ്തു. രക്ഷയുടെ ഈ മഹാരഹസ്യങ്ങൾ ധ്യാനിച്ച് ധന്യത നേടുവാനും പാപം നിറഞ്ഞ പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് (എഫേ. 4:24; കൊളോ. 3:10) പരിശുദ്ധിയുടെ പരിമളമുള്ള പുതിയ മനുഷ്യനായി ഉയിർത്തെഴുന്നേല്ക്കാനും ദൈവം നൽകിയിരിക്കുന്ന അനുഗ്രഹപൂർണ്ണവും അനുയോജ്യവുമായ (സങ്കീ. 102:13) അവസരമാണ് നോമ്പുകാലം. പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും ധർമ്മദാനത്തിലൂടെയും (മത്താ. 6) അഹങ്കാരത്തിന്റെയും ആർത്തിയുടെയും അഴുക്കുകൾ അകറ്റിക്കളയാനുള്ള അവസരമാണ് നോമ്പുകാലമെന്ന് ഫ്രാൻസിസ് മാർപ്പാപ്പ ഈ വർഷത്തെ നോമ്പുകാലസന്ദേശത്തിൽ നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്.

**3. ദൈവരാജ്യം സമീപിച്ചിരിക്കുന്നു:** സുവിശേഷസന്ദേശത്താൽ സംപൂരിതമായി നമ്മുടെ ഹൃദയങ്ങളും കുടുംബങ്ങളും ഇടവകകളും പൊതുസമൂഹവും രാഷ്ട്രവുമെല്ലാം ദൈവരാജ്യമാക്കി മാറ്റാനുള്ള നമ്മുടെ ദൗത്യം അനുസ്മരിക്കാനും അനുവർത്തിക്കാനുമുള്ള അവസരം കൂടിയാണ് നോമ്പുകാലം. 'ഈശോ ഈ ഭവനത്തിന്റെ നാഥൻ' എന്ന് നാം എഴുതിവയ്ക്കേണ്ടത് വാതിൽപ്പടികൾക്കപ്പുറം ഹൃദയഭിത്തികളിലാണ്. നമ്മുടെ ഉള്ളിൽ വസിക്കാനും നമ്മുടെ ജീവിതവഴികളെ നിയന്ത്രിക്കാനും ഈശോയ്ക്ക് സാധിക്കുന്നവിധം നമ്മെ പൂർണ്ണമായി അവിടുത്തെ കരങ്ങളിൽ സമർപ്പിക്കുമ്പോഴാണ് ദൈവരാജ്യം നമ്മുടെ ഇടയിൽ സംസ്ഥാപിതമാകുന്നത്. ഈ ലോകത്തിൽ ആരംഭിക്കുന്ന ദൈവരാജ്യാനുഭവം അതിന്റെ പൂർണ്ണത കൈവരിക്കുന്നത് പിതാവിന്റെ ഭവനമായ (യോഹ. 14:6) സ്വർഗത്തിൽ എത്തിച്ചേരുമ്പോഴാണ് (യോഹ. 18:36; മത്താ. 25:34).

**4. ആത്മാവിനാൽ നയിക്കപ്പെടുക :** ആത്മാവിൽ നയിക്കപ്പെടുമ്പോഴാണ് അനുതാപത്തിന്റെയും ജീവിതനവീകരണത്തിന്റെയും അനുഭവത്തിൽ നാം ആഴപ്പെടുന്നത്. ആത്മാവിനാൽ നയിക്കപ്പെട്ട് 40 ദിനരാത്രങ്ങൾ മരുഭൂമിയിൽ പ്രാർത്ഥനയിലും ഉപവാസത്തിലും മുഴുകിയ ശേഷമാണ് യേശു തന്റെ ദൗത്യം ആരംഭിച്ചത് (മത്താ. 4:1; മർക്കോ. 1:12). ഈ കാലഘട്ടത്തിന്റെ വെല്ലുവിളികളെയും പ്രതിസന്ധികളെയും പ്രലോഭനങ്ങളെയും അഭിമുഖീകരിക്കുന്നതിനും അതിജീവിക്കുന്നതിനും ആത്മാവിന്റെ ആവാസവും ശാക്തീകരണവും നമുക്ക് അനിവാര്യമാണ്.



ദൈവമക്കളാകുവാനും (റോമ. 8:14); ദൈവവചനം ഗ്രഹിക്കാനും (യോഹ. 14:26); അന്തഃരംഗത്തെ അനുതാപപൂരിതമാക്കാനും (അ. പ്ര. 2:38) ആത്മാവിന്റെ നിറവും കനിവും നമ്മിലുണ്ടാകണം. പുതിയ ജീവിതത്തിലേക്ക് പ്രവേശിച്ചുകൊണ്ട് (യോഹ. 3:6–8) പഠിപ്പിക്കാനും നയിക്കാനും വിശുദ്ധീകരിക്കാനുമുള്ള യേശുവിന്റെ ദൗത്യത്രയങ്ങളിൽ പങ്കുചേരുവാനും അവിടുത്തെ സുവിശേഷം പ്രസംഗിച്ചുകൊണ്ട് ലോകത്തിന്റെ അതിർത്തികൾവരെ സാക്ഷികളാകുവാനുമുള്ള (അ. പ്ര. 1:8; 2:4, 7–18, 38–42) കൃപയ്ക്കു ഈ നോമ്പുകാലത്ത് നമുക്ക് പ്രത്യേകമായി പ്രാർത്ഥിക്കാം. ആത്മാവ് നിറഞ്ഞ് യേശു ദൗത്യം നിർവഹിച്ചതുപോലെ (ലൂക്ക. 4:18; ഏശ. 61:1–2) നമുക്കും പ്രവർത്തിക്കാം.

**5. അനുതപിക്കുക :** ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽ പാപം വലിയ വിടവുണ്ടാക്കുന്നു. ഈ വിടവു നികത്തി മനുഷ്യനെ ദൈവവുമായി രമ്യപ്പെടുത്തുന്നതിനാണ് യേശു മനുഷ്യനായി അവതരിച്ചതും മോചനദ്രവ്യമായി (മർക്കോ. 10:45) കുരിശിൽ മരിച്ചതും. യേശുവിന്റെ രക്ഷാകരപ്രവർത്തനങ്ങൾക്ക് നാം നൽകുന്ന പ്രത്യുത്തരമാണ് അനുതാപവും മാനസാന്തരവും ജീവിതനവീകരണവും. പാപങ്ങളെ കുറിച്ച് പശ്ചാത്തപിക്കുവാനും അവയ്ക്ക് പരിഹാരമായി പ്രായശ്ചിത്തം അനുഷ്ഠിക്കുവാനും നോമ്പിന്റെ ഈ പുണ്യാവസരം നാം വിനിയോഗിക്കണം. വലിയ നോമ്പിനോടനുബന്ധിച്ച് ഇടവകകളിൽ നടക്കുന്ന ധ്യാനത്തിൽ പൂർണ്ണമായി പങ്കുചേരുവാനും വേണ്ടത്ര ഒരുക്കത്തോടും അനുതാപത്തോടും കൂടെ പെസഹാകുമ്പസാരം നടത്തുവാനും ഞാൻ ഏവരെയും ആഹ്വാനം ചെയ്യുന്നു. വ്യക്തിപരമായ പ്രാർത്ഥനക്ക് കൂടുതൽ സമയം കണ്ടെത്തുവാനും കുടുംബപ്രാർത്ഥന കൂടുതൽ സജീവമാക്കുവാനും സാധിക്കുന്നിടത്തോളം എല്ലാ ദിവസവും വിശുദ്ധ ബലിയിൽ പങ്കെടുക്കുവാനും കുരിശിന്റെ വഴി പോലെയുള്ള ഭക്താഭ്യാസങ്ങൾ നന്നായി അനുഷ്ഠിക്കുവാനും മത്സ്യ മാംസാദികൾ വർജ്ജിക്കുവാനും ദുശ്ശീലങ്ങൾ തിരുത്തുവാനും നോമ്പുകാലഘട്ടത്തിൽ നാം പരിശ്രമിക്കണം. നോമ്പുകാലചൈതന്യത്തിൽ നാം നടത്തുന്ന തീർത്ഥാടനങ്ങൾ ആത്മവിശുദ്ധീകരണത്തിനുള്ള മറ്റൊരു പ്രധാന മാർഗ്ഗമാണ്. പാലയൂർ മഹാതീർത്ഥാടനവും അതിനോടനുബന്ധിച്ചുള്ള മറ്റു തീർത്ഥാടനങ്ങളും മേൽപ്പറഞ്ഞ

ലക്ഷ്യത്തിന്റെ സാക്ഷാത്ക്കാരത്തിനായിട്ടാണ് നാം നടത്തുന്നത്.

**6. സുവിശേഷത്തിൽ വിശ്വസിക്കുക :** ദൈവവചനമാകുന്ന വാളുകൊണ്ടാണ് പ്രലോഭകനായ പിശാചിനെ യേശു കീഴടക്കിയത് (മത്താ. 4:4). പരിശുദ്ധ അമ്മയെപ്പോലെ ദൈവവചനം വിനയപൂർവ്വം ***ശ്രവിക്കാനും*** ഇതാ കർത്താവിന്റെ ദാസി എന്നു പറഞ്ഞുകൊണ്ട് വിശ്വാസത്തോടെ വചനം ***സ്വീകരിക്കുവാനും*** പരിശുദ്ധാത്മശക്തിയാൽ വചനത്തിന് മാംസം കൊടുക്കുവാനും ജീവിതം മുഴുവൻ യേശുവിനെ ***സംവഹിക്കുവാനും*** അവനെ ലോകത്തിൽ ***പ്രഘോഷിക്കാനും പ്രദാനം ചെയ്യാനും*** നമുക്കും സാധിക്കണം. ഈ സുവിശേഷവത്കരണ ദൗത്യത്തിൽ താഴെപ്പറയുന്ന മേഖലകൾ നാം ശ്രദ്ധിക്കണം.

**7. സുവിശേഷസാക്ഷ്യം:**

***(a) വ്യക്തിജീവിതത്തിലുള്ള സുവിശേഷസാക്ഷ്യം :*** ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനും (ഉത്. 1:26) ത്രിയേക ദൈവത്തിന്റെ ആലയവുമായ (1 കൊറി. 3:16) മനുഷ്യൻ യേശുവുമായുള്ള ബന്ധത്തിലൂടെയാണ് തന്റെ തനിമ കണ്ടെത്തുകയും ദൈവരാജ്യത്തിന് സാക്ഷ്യം വഹിക്കുകയും ചെയ്യുന്നത്. സഭയിലൂടെയാണ് യേശുവുമായുള്ള നമ്മുടെ ബന്ധം ദൃഢമാകുന്നത്. യേശുവിനെയും അവിടുത്തെ സഭയെയും ***അറിയാത്തവരെയും ആഴത്തിൽ അറിയാത്തവരെയും തെറ്റായി അറിഞ്ഞവരെയും ഉപേക്ഷിച്ചവരേയുമെല്ലാം*** അവിടുത്തെ പക്കലേക്ക് തിരിച്ചുകൊണ്ടുവരുവാൻ നമ്മുടെ ഓരോരുത്തരുടെയും വ്യക്തിപരമായ സക്ഷ്യവും അതുവഴിയുള്ള സുവിശേഷവത്കരണവും (Person to person evangelization) ഏറെ സഹായകമാകും.

***(b) സുവിശേഷസാക്ഷ്യം കുടുംബത്തിൽ :*** ഇന്നത്തെ സാഹചര്യത്തിൽ സഭയുടെ നിലനില്പിനും വളർച്ചയ്ക്കും ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടത് ഗാർഹികസഭയായ കുടുംബമാണെന്ന് മെത്രാന്മാരുടെ സിനഡുകളും (2014, 2015) ഫ്രാൻസിസ് മാർപ്പാപ്പയുടെ "സ്നേഹത്തിന്റെ സന്തോഷം" എന്ന പ്രബോധനവും നമ്മുടെ അതിരൂപതയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വിവിധ മേഖലകളിലെ അസംബ്ലികളും സൂചിപ്പിക്കുന്നു. കുടുംബത്തിൽ വിശ്വാസസാക്ഷ്യവും കൈമാറ്റവും നടത്തിയില്ലെങ്കിൽ അടുത്ത തലമുറ വിശ്വാസരഹിതമാകും. യൂറോപ്യൻസഭ നൽകുന്ന പാഠമിതാണ്. അതിനാൽ കുടുംബപ്രാർത്ഥന, ബൈബിൾ വായന തുടങ്ങിയവയ്ക്കും കുടുംബകൂട്ടായ്മ, പ്രോലൈഫ് മൂവ്മെന്റ്, കുടുംബമതബോധനം, പള്ളിയിലും സ്കൂളിലുമുള്ള മതബോധനം തുടങ്ങിയ പ്രവർത്തനങ്ങൾക്കും നാം പ്രത്യേകം പ്രാധാന്യം കൊടുക്കണം. വിവാഹത്തിന് മുമ്പും ശേഷവുമുള്ള കോഴ്സുകൾക്ക് ഗൗരവപൂർവ്വം പരിഗണന നൽകണം. എല്ലാ ഇടവകകളിലും കുടുംബ കൗൺസിലിംഗിനും അനുരഞ്ജനത്തിനും സമിതികളുണ്ടാക്കാൻ



ഞാൻ ആഹ്വാനം ചെയ്യുന്നു. നമ്മുടെ കുടുംബങ്ങളിൽ പൊതുവേ കുട്ടികൾ കുറയുകയും പ്രായമായവർ കൂടുകയും യുവജനങ്ങൾ പ്രവാസികളാകുകയും ചെയ്യുന്ന പ്രവണതകൾ ഏറിവരുന്നു. ഇത്തരം സാഹചര്യങ്ങളിൽ ഉടലെടുക്കുന്ന സാമുദായിക പ്രതിസന്ധികളെക്കുറിച്ച് നാം കൂടുതൽ ജാഗരൂകരാകേണ്ടിയിരിക്കുന്നു.

***(c) സുവിശേഷസാക്ഷ്യം യുവജനങ്ങളുടെ ഇടയിൽ :*** യുവജനങ്ങളാണ് സഭയുടെയും സമൂഹത്തിന്റെയും ഭാവി. സുവിശേഷത്തിന് സാക്ഷ്യം വഹിക്കുന്ന യുവജനങ്ങളുണ്ടെങ്കിൽ സഭ ശക്തമാണ്. കുടുംബം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ട മേഖല യുവജനപ്രേഷിതത്വമാണ്. അതിനാലാണ് "യുവജനങ്ങളും വിശ്വാസവും വിളിപരമായ വിവേചനവും" എന്ന വിഷയം 2018 ഒക്ടോബറിൽ മാർപ്പാപ്പ പ്രത്യേകം വിളിച്ചുകൂട്ടിയിരിക്കുന്ന സിനഡിൽ ചർച്ച ചെയ്യുന്നത്. കെ. സി. ബി. സി. ഈ വർഷം യുവജന വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. അതിനാൽ നമ്മുടെ യുവജനങ്ങളെ ക്രൈസ്തവബോധ്യവും മിഷനറി തീക്ഷ്ണതയുമുള്ളവരാക്കി വളർത്താൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. ആധുനിക സാങ്കേതിക മാധ്യമങ്ങൾ സുവിശേഷവത്കരണവേദികളാക്കാൻ യുവജനങ്ങൾക്കാണ് പ്രധാനമായും സാധിക്കുക. കെ. സി. വൈ. എം., സി. എൽ. സി. യൂത്ത്, ജീസസ് യൂത്ത് മുതലായ യുവജന സംഘടനകളെ എല്ലാ ഇടവകകളും പ്രോത്സാഹിപ്പിക്കണം. കുടുംബകൂട്ടായ്മകളിൽ കുട്ടികളുടെ വിഭാഗത്തിനു പുറമേ (കുട്ടിക്കൂട്ടായ്മ) യുവജനവിഭാഗവും ഉണ്ടാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ദൈവവിളി പ്രോത്സാഹിപ്പിക്കണം. മിഷൻ പ്രദേശങ്ങളിൽ പ്രവർത്തിക്കാൻ താല്പര്യമുള്ള യുവജനങ്ങളെ കണ്ടെത്തി വളർത്തണം. ജീസസ് യൂത്തിന്റെ "കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാം" വളരെ നല്ലതാണ്. സർക്കാർ ജോലി നേടുന്നതിനും പൊതുപ്രവർത്തനത്തിൽ ഏർപ്പെടുന്നതിനും യുവജനങ്ങൾക്ക് പ്രത്യേകം പ്രോത്സാഹനം നൽകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. പഠനത്തിനും ജോലിക്കുമായി പുറത്തേക്കു പോകുന്ന യുവജനങ്ങളുമായി ബന്ധപ്പെടുന്നതിനും ചെല്ലുന്ന സ്ഥലത്തെ സീറോ മലബാർ സമൂഹവുമായി പരിചയപ്പെടുന്നതിനും ഇടവകതലത്തിൽ സംവിധാനങ്ങൾ ആധുനികസാങ്കേതികമാർഗ്ഗങ്ങൾ ഉപയോഗിച്ച് ആവിഷ്കരിക്കുവാൻ ഞാൻ യുവജനസംഘടനകളോട്

അഭ്യർത്ഥിക്കുന്നു. സർക്കാർ സ്ഥാപനങ്ങളും പൊതുപ്രവർത്തന മേഖലകളും ധാർമ്മികചൈതന്യവും സുവിശേഷസുഗന്ധമുള്ളതാക്കി മാറ്റുന്നതിന് നമ്മുടെ യുവജനങ്ങളെ നാം സജ്ജരാക്കണം.

***(d)സുവിശേഷസാക്ഷ്യം പൊതുജീവിതത്തിൽ :*** സാമൂഹ്യജീവിയാണ് മനുഷ്യൻ. അതിനാൽ പൊതുജനസേവനം ക്രൈസ്തവന്റെ അടിസ്ഥാനദൗത്യമാണ്; സുവിശേഷസാക്ഷ്യത്തിന്റെ പ്രധാനവേദിയാണ്. വിദ്യാഭ്യാസം, ആതുരസേവനം, രാഷ്ട്രസേവനം എന്നിവയിൽ ക്രൈസ്തവർ നൽകിയിട്ടുള്ള സംഭാവനകൾ വളരെ വലുതാണ്. നമ്മുടെ അതിരൂപതയിൽ നടത്തിയ PAROC സർവ്വേയിൽ നിന്നും മനസ്സിലാകുന്നതുപോലെ, സർക്കാർ ജോലി, സാമൂഹ്യസാംസ്കാരിക, സാഹിത്യ, രാഷ്ട്രീയ പ്രവർത്തനങ്ങൾ തുടങ്ങിയവയിൽ ക്രൈസ്തവർ പിന്തള്ളപ്പെടുകയോ പിൻമാറുകയോ ചെയ്യുന്നതായി മനസ്സിലാക്കുന്നു. സർക്കാർ ജോലിയുള്ള അതിരൂപതാംഗങ്ങൾ ഏകദേശം ഒന്നര ശതമാനത്തോളം മാത്രമേയുള്ളൂ. നാം കൂടുതൽ ജാഗരൂകരാകണം.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെന്നപോലെ ഭാരതത്തിലും ക്രൈസ്തവർ വളരെ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവർക്ക് നേരെയുണ്ടാകുന്ന ആക്രമണങ്ങൾ നമ്മെ ആശങ്കാകുലരാക്കുന്നു. മതേതരത്വത്തിന്റെ മഹനീയ ആശയമുള്ള ഭാരതത്തിന്റെ മനോഹരമായ ഭരണഘടനയും അതിൽ ഉറപ്പുനൽകിയിരിക്കുന്ന ന്യൂനപക്ഷാവകാശങ്ങളിൽ പലതും ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ഭരണഘടനാടിസ്ഥാനദേശീയതയ്ക്കു പകരം വികലമായ ദേശീയതയെക്കുറിച്ചുള്ള ചിന്തകൾ വളരുന്നു. പക്ഷേ നാം പതറരുത്. ഭാരതത്തിന്റെ ഉത്തമ പൗരന്മാരെന്ന നിലയിൽ നമ്മുടെ അഭിമാനവും അവകാശവും കാത്തുസൂക്ഷിക്കണം. രണ്ടായിരം കൊല്ലത്തെ പാരമ്പര്യമുള്ള ക്രൈസ്തപൈതൃകം കൂടിചേർന്നതാണ് ഭാരതസംസ്കാരം. ക്രൈസ്തവവിശ്വാസം പ്രഖ്യാപിക്കാനും ജീവിക്കാനും പ്രഘോഷിക്കാനുമുള്ള (To profess, practice and propagate) ഭരണഘടനാവകാശം നാം കാത്തുസൂക്ഷിക്കണം. 2018 ഫെബ്രുവരിയിൽ നടന്ന സി. ബി. സി. ഐ. പ്ലീനറിയുടെ വിഷയം Unity in diversity in a Mission of Mercy and Witness എന്നതായിരുന്നു. വൈവിധ്യങ്ങളിലും രാഷ്ട്രത്തിന്റെയും സഭയുടെയും ഐക്യത്തിനുവേണ്ടി നാം ഒന്നായി പ്രവർത്തിക്കണം, അത് കരുണയുടെ സാക്ഷ്യത്തിലായിരിക്കണം.

സഹനങ്ങളിലും പീഡനങ്ങളിലും നാം ചഞ്ചലചിത്തരാകരുത്. കുരിശെടുക്കാതെ യേശു ശിഷ്യനാകാനാവില്ല (മത്താ. 16:24). "അവർ എന്നെ പീഡിപ്പിച്ചുവെങ്കിൽ നിങ്ങളെയും പീഡിപ്പിക്കും" (യോഹ. 15:20) എന്ന യേശുവചനം നമുക്ക് ഓർക്കാം. "രക്തസാക്ഷികളുടെ ചുടുനിണം സഭയുടെ ബീജമാണ്" എന്ന് പറഞ്ഞ തെർത്തുല്യന്റെ



വാക്കുകൾ നമുക്ക് എന്നും പ്രചോദനമാണ്. ശത്രുക്കളെപ്പോലും സ്നേഹിക്കാൻ പറഞ്ഞ (മത്താ. 5:44) യേശു കുരിശുമരണത്തിനു ശേഷം ഉത്ഥാനത്തിലൂടെ ലോകത്തെ വിജയിച്ചത് (യോഹ. 16:33) നമുക്ക് പ്രത്യാശയാണ്.

***(e) വിശ്വാസസാക്ഷ്യം കാരുണ്യപ്രവർത്തികളിലൂടെ :*** ക്രൈസ്തസാക്ഷ്യത്തിന്റെ ഏറ്റവും വലിയ പ്രകടനമാണ് കാരുണ്യപ്രവൃത്തികൾ. യേശു പറഞ്ഞു: "ഈ എളിയവരിൽ ഒരുവന് ചെയ്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തത്" (മത്താ. 25:40). വി. പൗലോസ് പറയുന്നു: "സ്നേഹത്താൽ പ്രവർത്തനനിരതമായ വിശ്വാസമാണ് സുപ്രധാനം" (ഗലാ. 5:6). വി. മദർ തെരേസയും പാവങ്ങളുടെ പിതാവായ നമ്മുടെ കുണ്ടുകുളം പിതാവും നമുക്ക് വലിയ മാതൃകയും പൈതൃകവുമാണ് നൽകിയിരിക്കുന്നത്. പാവപ്പെട്ടവരെ സഹായിക്കുവാൻ പല പദ്ധതികളും നമ്മുടെ ഇടവകകളിലും അതിരൂപതയിലുമുണ്ട് എന്നതിൽ നമുക്ക് അഭിമാനിക്കാം. ത്യാഗമില്ലാതെ സ്നേഹമില്ല. നമ്മുടെ ആഘോഷങ്ങളിലും നിർമ്മാണങ്ങളിലും ആർഭാടങ്ങൾ ഒഴിവാക്കി പാവപ്പെട്ടവരെ ഉൾക്കൊള്ളിക്കുന്ന ശൈലി നാം കൂടുതൽ വളർത്തണം. സഭയുടെ മുഖം കെട്ടിടങ്ങളിലും ഘടനകളിലും ആഘോഷങ്ങളിലും പ്രശോഭിതമാക്കുന്നതിലുപരി ജനഹൃദയങ്ങളിലും ദരിദ്രസേവനത്തിലുമാക്കാൻ നാം പ്രത്യേകം ശ്രമിക്കണം. വി. ഗ്രന്ഥത്തിൽ നാം കാണുന്ന 'ദശാംശ' ത്തിന്റെ ചൈതന്യം സ്വായത്തമാക്കണം.

***(f) സുവിശേഷ സാക്ഷ്യം പ്രകൃതിസംരക്ഷണത്തിൽ :*** ഇന്ന് കരുണ ആവശ്യപ്പെടുന്ന പ്രധാന മേഖലകളിലൊന്നാണ് നാം അധിവസിക്കുന്ന 'നമ്മുടെ പൊതുഭവനമായ' ഭൂമി. ഫ്രാൻസിസ് മാർപ്പാപ്പ "അങ്ങേക്കു സ്തുതി" (Laudato Si) എന്ന ചാക്രികലേഖനത്തിൽ ആവശ്യപ്പെടുന്നതുപോലെ പ്രകൃതിസംരക്ഷണത്തിന് നാം കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടിയിരിക്കുന്നു. പ്രകൃതിസംരക്ഷണം സുവിശേഷസാക്ഷ്യമാണ്.

***(g) സുവിശേഷസാക്ഷ്യം മിഷൻ പ്രവർത്തനങ്ങളിൽ :*** യേശു നമുക്ക് നൽകിയ ഏറ്റവും വലിയ ദൗത്യം സുവിശേഷവത്കരണത്തിന്റേതാണ് (മത്താ. 28:19). ഓരോ ക്രൈസ്തവനും മിഷനറിയാണെന്ന ബോധ്യം വളർത്താൻ വിശ്വാസ പരിശീലനം കൂടുതൽ ഉപയുക്തമാകണം. യേശുവിനെ അറിയിക്കാൻ (യോഹ. 17:3) ഏവർക്കും ഉത്തരവാദിത്വമുണ്ട്.

പോൾ ആറാമൻ മാർപ്പാപ്പ പറഞ്ഞതുപോലെ 'ജീവിതസാക്ഷ്യമാണ് ഏറ്റവും വലിയ സുവിശേഷവത്കരണം'.

ഷംഷാബാദ്, ഹൊസൂർ രൂപതകളുടെ സ്ഥാപനത്തോടെ ഭാരതം മുഴുവൻ അജപാലനത്തിനും സുവിശേഷവത്കരണത്തിനും അവകാശവും ദൗത്യവും സീറോ മലബാർ സഭയ്ക്ക് ഫ്രാൻസിസ് മാർപ്പാപ്പ നൽകിയിരിക്കുകയാണ്. നമ്മുടെ തട്ടിൽ പിതാവിന് ഭാരതത്തിന്റെ പകുതിയിലധികം സ്ഥലത്ത് മിഷൻ പ്രവർത്തനം നടത്തുന്നതിനുള്ള ഉത്തരവാദിത്വം നൽകപ്പെട്ടിരിക്കുകയാണ്. പിതാവ് ആവശ്യപ്പെട്ടതുപോലെ ഏതെങ്കിലും ഒരു പ്രത്യേക പ്രദേശം നമ്മുടെ അതിരൂപതയുടെ പ്രവർത്തനത്തിന് ദത്തെടുക്കാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

പള്ളിപണി തുടങ്ങിയ നിർമ്മാണപ്രവർത്തനങ്ങൾക്കും തിരുനാൾ ആഘോഷങ്ങൾക്കും ചെലവാക്കേണ്ടി വരുന്ന സംഖ്യയുടെ 10 ശതമാനമെങ്കിലും പാവപ്പെട്ടവർക്കായി നീക്കി വയ്ക്കുന്ന നല്ല പതിവ് നമ്മുടെ പല ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടെന്നത് വളരെ അഭിമാനാർഹമായ കാര്യമാണ്. സുവിശേഷവത്കരണം നമ്മുടെ ഒന്നാമത്തെ ഉത്തരവാദിത്വമായതിനാൽ മുകളിൽ പറഞ്ഞ 10 ശതമാനത്തിൽ 5% എങ്കിലും പാവപ്പെട്ടവർക്കും 5% മിഷൻ പ്രവർത്തനത്തിനുമായി നൽകുന്ന പതിവ് ആരംഭിക്കുവാൻ ഞാൻ നിങ്ങളെ ക്ഷണിക്കുകയാണ്.

**8. നോമ്പുകാലം ജീവിതനവീകരണത്തിന്റെ അനുഗ്രഹദായകമായ അവസരമാണ്.** കുരിശിന്റെ പിന്നാലെ നടന്ന് യേശുവിന്റെ പീഡാനുഭവത്തിനും കുരിശുമരണത്തിനും ഉത്ഥാനത്തിനും പരി. ആത്മാവിന്റെ ആഗമനത്തിനും സാക്ഷ്യം വഹിച്ചുകൊണ്ട് നമുക്ക് വിശ്വാസത്തിന്റെയും ഉപവിയുടേയും പ്രത്യാശയുടെയും മാതൃക നൽകിയ പരി. അമ്മ നമുക്കു വേണ്ടി മാധ്യസ്ഥം വഹിക്കട്ടെ. ഞാൻ നിങ്ങൾക്കുവേണ്ടി എന്നും പ്രാർത്ഥിക്കുന്നുണ്ട്. എനിക്കുവേണ്ടിയും സഭയിലെ മേലധ്യക്ഷന്മാർക്കുവേണ്ടിയും നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കണം. ദൈവം നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും അനുഗ്രഹിക്കട്ടെ.

നിങ്ങൾക്കേവർക്കും മുൻകൂട്ടി ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം
നിങ്ങളുടെ വത്സലപിതാവ്,



**മാർ ആൻഡ്രൂസ് താഴത്ത്**
*തൃശ്ശൂർ അതിരൂപത*
*മെത്രാപ്പോലീത്ത*

**NB:** ഈ ഇടയലേഖനം 2018 ഫെബ്രുവരി 18 ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# സർക്കുലർ

451/2018
16.02.2018 C- 1

## ദൈവവിളി വാരം

ഈശോ മിശിഹായിൽ ബഹു. വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

ഒരു അധ്യയനവർഷം കൂടി അവസാനിച്ച് വീണ്ടും ഒരു അവധിക്കാലം ആഗതമാകുന്നു. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നവരെ സംബന്ധിച്ചിടത്തോളം അവധിക്കാലം തങ്ങളുടെ ഭാവി ജീവിതത്തെ കുറിച്ച് പരിചിന്തനം ചെയ്യുവാനുള്ള അവസരം കൂടിയാണ്. പരിശുദ്ധാത്മാവു നൽകുന്ന വെളിച്ചത്തിൽ തങ്ങളുടെ വിളി വിവേചിച്ചറിഞ്ഞ്, പ്രാർത്ഥനാനിർഭരമായ മനസ്സോടെ എടുക്കുന്ന ഉറച്ച തീരുമാനങ്ങളുമായി ജീവിതസോപാനത്തിന്റെ പുതിയ പടവുകൾ കയറുവാൻ അവർക്ക് സാധിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. കടലിൽ മീൻപിടിക്കാൻ പോയി തിരിച്ചെത്തിയശേഷം, അടുത്ത മീൻപിടുത്തത്തിന് ഒരുക്കമായി, കരയിലിരുന്നുകൊണ്ട് വലകൾ കഴുകി വൃത്തിയാക്കുകയും അവയുടെ കേടുപാടുകൾ പോക്കുകയും ചെയ്യുന്ന ശിഷ്യരുടെ ചിത്രം വി. ലൂക്കായുടെ സുവി

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത
മെത്രാപ്പോലീത്ത

ശേഷം വരച്ചു കാണിക്കുന്നുണ്ട് (ലൂക്ക. 5:2). സുദീർഘമായ സ്കൂൾ വിദ്യാഭ്യാസമെന്ന തിരകൾ താണ്ടി അവധിക്കാലമെന്ന തീരത്ത് അണഞ്ഞിരിക്കുന്ന നമ്മുടെ മക്കളും തങ്ങളുടെ ജീവിതവലകൾ കഴുകാനും കേടുപോക്കി നവീകരിക്കാനും ഉത്സുകരാകണം. കാഴ്ചപ്പാടുകളും ജീവിതശൈലിയും സുവിശേഷ മൂല്യങ്ങൾകൊണ്ട് സുശക്തമാക്കണമെന്നാണ് 'കഴുകുക, കേടുപോക്കുക' എന്നീ സംജ്ഞകൾക്കൊണ്ട് ഞാൻ അർത്ഥമാക്കുന്നത്.

നാം ദൈവത്തിന്റെ കരവേലയാണ്; നാം ചെയ്യാൻ വേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയിരിക്കുന്ന സത്പ്രവർത്തികൾക്കായി യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ് (എഫേ. 2:10) എന്ന ദൈവവചനം ഭാവിജീവിതത്തെക്കുറിച്ച് പദ്ധതികൾ തയ്യാറാക്കുന്ന എല്ലാ മക്കളുടെയും ചിന്തയെ പ്രകാശിപ്പിക്കണം. ലൗകികവും ഭൗതികവുമായ ഭദ്രത ഉറപ്പാക്കാൻ സഹായകമാകുന്ന ഉദ്യോഗങ്ങളിലേക്കും പ്രവർത്തനങ്ങളിലേക്കും മാത്രമായി നമ്മുടെ മക്കളുടെ ശ്രദ്ധയും താത്പര്യങ്ങളും പരിമിതപ്പെടുത്തരുത്. മാതാപിതാക്കൾ തങ്ങളുടെ സ്വന്തം പദ്ധതികളല്ല, മറിച്ച് ദൈവപിതാവിന്റെ ഹിതവും പദ്ധതികളുമാണ് മക്കളിലൂടെ പൂർത്തീകരിക്കേണ്ടത്. ഭൗതിക വിജ്ഞാനത്തേക്കാൾ ശ്രേഷ്ഠമാണ് ദൈവിക ജ്ഞാനമെന്നും ഈ ലോകത്തിന്റെ ഉദ്യോഗങ്ങളേക്കാൾ മഹനീയമാണ് ആത്മീയശുശ്രൂഷകൾക്കായി സമർപ്പിക്കപ്പെടുന്ന ജീവിതമെന്നും നമ്മുടെ മക്കൾ ബോധ്യമുള്ളവരാകണം. ഈ ബോധ്യം അവർക്ക് പകർന്നു കൊടുക്കുവാൻ അപ്പനമ്മമാർക്കും അജപാലകർക്കും അധ്യാപകർക്കും ചുമതലയുണ്ട്. ദൈവവിളി വാരാചരണം ഈ ചുമതല നിർവഹിക്കുന്നതിനുള്ള ഏറ്റവും നല്ല അവസരമാണ്.

സുവിശേഷ – ധാർമ്മിക മൂല്യങ്ങൾ അവഗണിക്കപ്പെടുന്ന, ഉപവി തണുത്തുറയുകയും നീതി വറ്റിവരളുകയും ചെയ്യുന്ന ഈ ലോകത്തിന് യഥാർത്ഥ സമാധാനവും സന്തോഷവും നഷ്ടമായികൊണ്ടിരിക്കുകയാണ്. ഇവിടെ ഉത്ഥിതന്റെ സമാധാനവും സന്തോഷവും പ്രഘോഷിച്ചുകൊണ്ട് സുവിശേഷ ധാർമ്മിക മൂല്യങ്ങൾക്ക് തിളക്കം നൽകുവാനും നീതിയുടെ ഉറവകളെ ഉണർത്താനും സർവ്വോ



പരി ദൈവത്തിന്റെ കരുണയുടെ മുഖം ദൃശ്യമാക്കുവാനും നമ്മുടെ യുവതീയുവാക്കൾ മുന്നോട്ടു വരണം. പ്രിയ മക്കളേ, യേശുവിന്റെ സ്വന്തമായി ജീവിച്ചുകൊണ്ട് ദൈവത്തിൽ മാത്രം മനസ്സും ഹൃദയവും ഉറപ്പിച്ച് അനേകർക്ക് ആശ്വാസവും അഭയവും നൽകി, ദൈവരാജ്യം പടുത്തുയർത്താൻ അവിരാമം അധ്വാനിക്കുന്ന വൈദികരുടെയും സമർപ്പിതരുടെയും വിശുദ്ധ ജീവിതങ്ങൾ സഭയുടെ സമ്പത്തും സൗന്ദര്യവുമാണ്. അഗതികളുടെയും ആലംബഹീനരുടെയും അമ്മയും അത്താണിയുമായി അനുഗ്രഹവർഷം ചൊരിഞ്ഞ വി. മദർ തെരേസയും സഹന വഴികളിലും സമർപ്പണ ജീവിതത്തിന്റെ സാഫല്യവും സംതൃപ്തിയും കണ്ടെത്തിയ വി. അൽഫോൻസമ്മയും സഭയുടെയും സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും ഉന്നമനത്തിന് ചിരപരിശ്രമം ചെയ്ത് സമർപ്പണജീവിതം സാർത്ഥകമാക്കിയ വി. ചാവറ പിതാവും നിരന്തരമായ പ്രാർത്ഥനയിലൂടെ മനസ്സും ഹൃദയവും പുണ്യപൂരിതമാക്കി അനേകരിലേക്ക് ആത്മീയ അനുഗ്രഹങ്ങൾ ചൊരിയാൻ ദൈവകരങ്ങളിലെ ഉപകരണമായി മാറിയ വി. എവുപ്രാസ്യാമ്മയും ശബ്ദമില്ലാത്തവരുടെ ശബ്ദമായും ചൂഷിതരുടെ വക്താവായും പാവപ്പെട്ടവരുടെ ആശ്രയമായും പ്രവാചകധീരതയോടെ പ്രവർത്തിച്ചതിന്റെ പേരിൽ രക്തസാക്ഷിത്വം വരിക്കേണ്ടി വന്ന വാഴ്ത്തപ്പെട്ട റാണി മരിയയും അശരണർക്ക് അത്താണിയായി വർത്തിച്ച വാഴ്ത്തപ്പെട്ട കുഞ്ഞച്ചനും കുടുംബപ്രേഷിതയായ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയും ഉൾപ്പെടെയുള്ള അനേകം വിശുദ്ധരുടെ സുകൃതജീവിതങ്ങൾ സന്യാസ-സമർപ്പിത ജീവിതങ്ങൾക്ക് ഇന്നത്തെ ലോകത്തിൽ ഏറെ പ്രസക്തിയും പ്രാധാന്യവും ഉണ്ട് എന്ന് ഉദ്ഘോഷിക്കുന്നു.

യേശു വിളിച്ചപ്പോൾ എല്ലാം ഉപേക്ഷിച്ച് അവിടുത്തെ അനുഗമിച്ച ശിഷ്യരുടെ മാതൃക (മത്താ. 4:18-22; മർക്കോ. 1:16-20; ലൂക്ക. 5:1-11) അനേകം നല്ല ദൈവവിളി

കൾക്ക് പ്രചോദനമാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ഏപ്രിൽ 2 മുതൽ 7 വരെയുള്ള ദിവസങ്ങൾ അതിരൂപത ദൈവവിളിവാരമായി ആചരിക്കുകയാണ്. ഈ ദിവസങ്ങളിൽ രാവിലെ 9:30 മുതൽ ഉച്ചതിരിഞ്ഞ് 3:30 വരെ തൃശ്ശൂർ ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ ദൈവവിളിക്കായുള്ള ഉപവാസ-പ്രാർത്ഥനായജ്ഞം നടക്കും. എസ്. എസ്. എൽ. സി., പ്ലസ് ടു പഠനം പൂർത്തിയാക്കിയിട്ടുള്ള വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കായുള്ള ദൈവവിളി ക്യാമ്പുകൾ ഈ ദിവസങ്ങളിലാണ് സംഘടിപ്പിച്ചിട്ടുള്ളത്. ഏപ്രിൽ 2, 3 തീയതികളിൽ ഡി. ബി. സി. എൽ. സി. യിൽ വച്ച് പെൺകുട്ടികൾക്കും ഏപ്രിൽ 2, 3; 4, 5; 6, 7 തീയതികളിൽ 3 ബാച്ചുകളിലായി ആൺകുട്ടികൾക്ക് മഡോണ നഗർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വച്ചും ക്യാമ്പുകൾ നടത്തപ്പെടുന്നു.

ദൈവവിളി ക്യാമ്പുകളിൽ പങ്കെടുക്കുന്നതിന് കുട്ടികളെ ഒരുക്കി പറഞ്ഞയക്കുമ്പോൾ ബഹു. വികാരിയച്ചന്മാരും കൊച്ചച്ചന്മാരും ബ്രദേഴ്സും സിസ്റ്റേഴ്സും മാതാപിതാക്കളും മതാധ്യാപകരും ശ്രമിക്കണമെന്നും ദൈവവിളി വാരത്തിലെ പ്രാർത്ഥന-ഉപവാസയജ്ഞത്തിൽ പ്രാർത്ഥനയും സാന്നിധ്യവും വഴി സഹകരിക്കണമെന്നും ഞാൻ താത്പര്യപൂർവ്വം അഭ്യർത്ഥിക്കുന്നു. ദൈവവിളി പരിപോഷണത്തിനായി പ്രാർത്ഥിക്കുകയും അധ്വാനിക്കുകയും ചെയ്യുന്ന എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. നമ്മുടെ അതിരൂപതയുടെ മധ്യസ്ഥയായ പരി. അമലോത്ഭവ മാതാവിന്റെ പ്രത്യേക മാധ്യസ്ഥം ദൈവവിളി വിവേചിച്ചറിയുന്നതിലും വളർത്തുന്നതിലും നമുക്കെല്ലാവർക്കും ലഭിക്കട്ടെ.

യേശുവിൽ സ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത
മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2018 മാർച്ച് 18ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. +AT

# സർക്കുലർ

471/2018 C- 2
21.02.2018



## പെസഹാവ്യാഴപിരിവ്

ഈശോ മിശിഹായിൽ ബഹു. വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ അതിരൂപതയുടെ വൈദിക പരിശീലനത്തോട് നിങ്ങൾ കാണിക്കുന്ന സ്നേഹത്തിനും പ്രോത്സാഹനത്തിനും പ്രാർത്ഥനയ്ക്കും സാമ്പത്തികസഹായത്തിനും ഹൃദയപൂർവ്വം നന്ദിപറയുന്നു. ഈ വർഷം നമ്മുടെ അതിരൂപതയിൽനിന്ന് 25 ഡീക്കന്മാരാണ് അതിരൂപതയ്ക്കും വിവിധ സന്ന്യാസസഭകൾക്കുംവേണ്ടി അഭിഷിക്തരായത്. അതിൽ 6 ഡീക്കന്മാർ തൃശ്ശൂർ അതിരൂപതയ്ക്ക് വേണ്ടിയാണ് തിരുപ്പട്ടം സ്വീകരിച്ചിരിക്കുന്നത്. തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ 62പേരും തിരുവില്ല്വാമലയിൽ നാലാം വർഷത്തിലുള്ളവർ 18പേരും ഡിഗ്രി പഠിക്കുന്നവർ 70പേരും റീജൻസി പരിശീലനത്തിലുള്ളവർ 10 പേരും തത്വശാസ്തം പഠിക്കുന്നവർ 8പേരും ദൈവശാസ്ത്രം പഠിക്കുന്നവർ 50പേരുംകൂടി ആകെ 218 വൈദികവിദ്യാർത്ഥികളുണ്ട്. ധാരാളം വൈദീക ദൈവവിളികളെ നൽകി നമ്മുടെ അതിരൂപതയെ അനുഗ്രഹിക്കുന്ന ദൈവത്തിന് നന്ദി പറയാം.

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത
മെത്രാപ്പോലീത്ത

കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ജനപങ്കാളിത്തത്തോടുകൂടി വൈദികവിദ്യാർത്ഥികൾക്ക് പരിശീലനം നൽകുക എന്ന വലിയ ലക്ഷ്യം മുന്നിൽ കണ്ട് 1998 ൽ തൃശ്ശൂർ അതിരൂപത മുളയത്ത് മേരിമാത മേജർ സെമിനരി ആരംഭിച്ചു. കഴിഞ്ഞ 13ബാച്ചുകളിലായി മേരിമാത സെമിനാരിയിൽ പരിശീലനം പൂർത്തിയാക്കിയ 269 വൈദിക വിദ്യാർത്ഥികൾ പുരോഹിതരായി അഭിഷിക്തരായി ഇന്ന് സഭയിൽ വിവധ സ്ഥലങ്ങളിൽ ശുശ്രൂഷ ചെയ്യുന്നുണ്ട്. വിദേശ സഹായം ഏകദേശം പൂർണ്ണമായും ഇല്ലാതായ സാഹചര്യത്തിൽ വൈദിക പരിശീലനത്തിന് ആവശ്യമായി വരുന്ന പണം അതത് സ്ഥലങ്ങളിൽ കണ്ടെത്തുക എന്ന സ്ഥിതിവിശേഷമാണ് എല്ലാ സെമിനരികളിലും നിലനിൽക്കുന്നത്. യേശു ശുശ്രൂഷാപൗരോഹിത്യം സ്ഥാപിച്ചതിനെ അനുസ്മരിക്കുന്ന പെസഹാവ്യാഴാഴ്ചയിലെ ദൈവജനത്തിന്റെ സമർപ്പണമാണ് കഴിഞ്ഞ ഏതാനും വർഷങ്ങളായി, മേരിമാത മേജർ സെമിനാരിയിൽ പരിശീലനം നേടുന്ന വൈദികവിദ്യാർത്ഥികൾക്കും നമ്മുടെ അതിരൂപതയ്ക്കുവേണ്ടി മറ്റു സെമിനാരികളിൽ പരിശീലനം നേടുന്ന വൈദിക വിദ്യാർത്ഥികൾക്കും പഠനചെലവിനായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. മുൻവർഷങ്ങളിൽ നിങ്ങൾ നൽകിയ വലിയ സഹകരണത്തിന് നന്ദി പറയുന്നതിനോടൊപ്പം ഈ വർഷവും ഈ സംരഭത്തിൽ ഉദാരമനസോടെ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അതിരൂപതയിലെ എല്ലാ കുടുംബങ്ങളിലേക്കും ഇതിനാവശ്യമായ കവറുകൾ മേരിമാത സെമിനാരിയിൽ നിന്ന് എത്തിക്കുന്നതാണ്. ഈ കവറുകളിൽ നിങ്ങളുടെ സംഭാവനകൾ നിക്ഷേപിച്ച് ഈ വരുന്ന പെസഹാവ്യാഴാഴ്ച ഇടവകയിൽ സമർപ്പിക്കണമെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഈ ഉദ്യമത്തിന് ഇടവകളിൽ നേതൃത്വം കൊടുക്കണമെന്നും ഇപ്രകാരം സമാഹരിക്കുന്ന തുക അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ 2018 ഏപ്രിൽ 30നു മുൻപായി ഏൽപ്പിക്കണമെന്നും ഓർമ്മിപ്പിക്കുന്നു. ഈശോയുടെ പീഢാനുഭവ രഹസ്യങ്ങളുടെ ഏറ്റവും അടുത്ത ദിവസങ്ങളിലേക്ക് പ്രവേശിക്കുന്ന നിങ്ങൾക്ക് ദൈവാനുഗ്രഹങ്ങളും ആഗതമാകുന്ന ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങളും ആശംസിക്കുന്നു.

പ്രാർത്ഥനയുടേയും പങ്കുവെയ്ക്കലിന്റെയും ഈ അവസരത്തിൽ വൈദികപരിശീലനത്തിനായി നിങ്ങൾ ചെയ്യുന്ന ഈ സമർപ്പണത്തെ നല്ലിടയനായ മിശിഹാ സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

യേശുവിൽ സ്നേഹപൂർവ്വം,



മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2018 മാർച്ച് 25ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്. +AT

# ചെമ്പുക്കാവ് സേക്രഡ് ഹാർട്ട് ഇടവക സ്ഥാപനഡിക്രി

**കൽപ്പന നമ്പർ : 117/2018 (DL 1/2018),**
**തിയതി 25/01/2018**

## ചെമ്പുക്കാവ് സേക്രഡ് ഹാർട്ട് പള്ളിയുടെ ബഹു. വികാരിക്കും കൈക്കാരന്മാർക്കും ദൈവജനത്തിനും ആശീർവാദം

സൂചന:

1. ചെമ്പുക്കാവ് സ്വതന്ത്ര ഇടവകയാക്കുന്നതിനുള്ള പ്രീസ്റ്റ്–ഇൻ–ചാർജ്ജിന്റെ 20.11.2016 ലെ അപേക്ഷ
2. അതിരൂപതാ വൈദിക സമിതിയുടെ 13.12.2016 ലെ ശുപാർശ.
3. ചെമ്പുക്കാവ് ഇടവകാതിർത്തി മാപ്പും പ്രീസ്റ്റ്–ഇൻ–ചാർജ്ജിന്റെ റിപ്പോർട്ടും (03.08.2017)
4. ചെമ്പുക്കാവ് ഇടവകാതിർത്തിയെ സംബന്ധിച്ച് 13.09.2017 ലെ പരസ്യപ്പെടുത്തൽ.
5. ചെമ്പുക്കാവ് ഇടവകാതിർത്തിയെ സംബന്ധിച്ച് അതതു ഇടവകകളിൽ പരസ്യപ്പെടുത്തിയതിനുശേഷം ലൂർദ്ദ് ഇടവക (25.09.2017), വിയ്യൂർ (20.09.2017), തൃശ്ശൂർ ബസിലിക്ക (22.09.2017), വില്ലടം (20.09.2017)പുങ്കുന്നം (22.09.2017), നെല്ലങ്കര (27.09.2017), ചേറൂർ–വിജയപുരം (27.10.2017) എന്നീ ഇടവകകളുടെ വികാരിമാരുടെ റിപ്പോർട്ടുകൾ.
6. ചെമ്പുക്കാവ് പ്രീസ്റ്റ്–ഇൻ–ചാർജ്ജിന്റെ17.02.17ലെ റിപ്പോർട്ട്.
7. അതിരൂപതാ ആലോചനസമിതിയുടെ 03.12.17 ശിപാർശ (76/2017).
8. ചെമ്പുക്കാവ് ഇടവകാതിർത്തിയെ സംബന്ധിച്ച് അതിർത്തിനിർണ്ണയകമ്മറ്റിയുടെ 02.11.2017 ലെ ശുപാർശ.
9. അതിരൂപതാകാര്യാലയത്തിൽ അതിരൂപതാദ്ധ്യക്ഷന്റെ സാന്നിദ്ധ്യത്തിൽ 09.11.2017നു തൃശ്ശൂർ ലൂർദ്ദ് വികാരി, ചേറൂർ–വിജയപുരം വികാരി, ചെമ്പുക്കാവ് പ്രീസ്റ്റ്–ഇൻ–ചാർജ്ജ് എന്നിവർ നടത്തിയ ചർച്ച.
10. 13.11.2017 ലെ കാനസി ഇടവക സ്ഥാപന ഡിക്രി (3380/2017)

11. ചെമ്പുക്കാവ് ക്വാസി ഇടവക തിരിയുമ്പോൾ മാതൃ ഇടവകകളായ ലൂർദ്ദ് കത്തീഡ്രൽ, ചേറൂർ എന്നീ ഇടവകകളിൽ നിന്നും നൽകേണ്ടണ്ട വിഹിതത്തെ സംബന്ധിച്ച് ബഹു. ലൂർദ്ദ് വികാരിയും ചേറൂർ വികാരിയും ടി. ഇടവകകളിലെ കൈക്കാരന്മാരും ചെമ്പു ക്കാവ് ക്വാസി ഇടവകയിലെ പ്രോ-വികാരിയും കൈക്കാരന്മാരും ചേർന്ന് അതിരൂപതാ വികാരി ജനറാൾ, ഫിനാൻസ് ഓഫീസർ, ചാൻസലർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ അതിരൂപതകാര്യാലയ ത്തിൽ 2018 ജനുവരി 11-ാം തിയ്യതി ചേർന്ന യോഗത്തിന്റെ റിപ്പോർട്ട്.

മേൽസൂചനകളുടെ വെളിച്ചത്തിൽ, ചെമ്പുക്കാവ് സേക്രഡ് ഹാർട്ട് ക്വാസി ഇടവകയെ 2018 ജനുവരി മാസം 28-ാം തീയതി മുതൽ ഒരു സ്വതന്ത്ര ഇടവകയായും, ചെമ്പുക്കാവ് സേക്രഡ് ഹാർട്ട് പള്ളിയെ ഈ ഇടവകയുടെ ഇടവകപ്പള്ളിയായും പ്രഖ്യാപിക്കുന്നു. ഈ ഇടവക യുടെ പേര് ചെമ്പുക്കാവ് സേക്രഡ് ഹാർട്ട് ഇടവക എന്നായിരിക്കും.

---

Prot. No : 421/2018/S/ABP 25/Jan/2018

**ചെമ്പുക്കാവ് സേക്രഡ് ഹാർട്ട് ഇടവകയുടെ അതിർത്തികൾ താഴെ പറയുന്നവയാണ്.**

**വടക്ക് :** പൂങ്കുന്നത്തു നിന്ന് വിയ്യൂർക്കുള്ള വഴിയും, അശ്വനി ജംഗ്ഷ നിൽ നിന്ന് വിയ്യൂർക്കുള്ള വഴിയും സന്ധിക്കുന്ന പെരിങ്ങാവ് ജംഗ്ഷ നിൽ (ഹോട്ടൽ മധുര) നിന്ന് കിഴക്കോട്ട് പോകുന്ന റോഡിന്റെ ഇരുവശവും (ഈ റോഡിന്റെ നടുവിൽ വടക്കേ അറ്റത്തുള്ള തോട് അതിർത്തിയാക്കി മരപ്പാലം വരെയും – താണിക്കുടം തോടിന്റെ തെക്കുഭാഗത്തെ വീടുകൾ ഇതിൽ ഉൾപ്പെടുന്ന വിധത്തിൽ) പെരി ങ്ങാവ് സെന്ററിൽ എത്തിച്ചേരുന്നു. തുടർന്ന് വരുന്ന താണിക്കുടം വലിയ തോട് അതിർത്തിയാക്കി, താണിക്കുടം തോടിന്റെ തെക്കുഭാഗം മാത്രം എടുത്ത് അരിവാൾപ്പാലം തോട് ചേർന്ന് (ഇ തിന്റെ വടക്കുഭാഗം ചേറൂർ ഇടവക) പാറത്തോട് വരെ എത്തിച്ചേരു ന്നു. അല്പം മുന്നോട്ടു നീങ്ങി കല്ലടിമൂലയിൽ വന്ന് അവസാനി ക്കുന്നിടത്ത്, കുണ്ടുവാറ റോഡ് ആരംഭിക്കുന്ന സ്ഥലത്തുള്ള ട്രാൻസ്ഫോമർ വരെ ചെമ്പുക്കാവിന്റെ വടക്ക് അതിർത്തി. (തു രുത്ത് റോഡിന്റെ ഇരുഭാഗവും ചേർത്ത് ചീപ്പ് പാലം വരെ ചേറൂ രിന്റെ അതിർത്തിയും തുടർന്ന് വില്ലടം ഇടവകയുമാണ്. ഇരിക്കാവ് പാടം ചീപ്പ് പാലത്തിൽ സന്ധിക്കുന്ന കൊക്രച്ചാലു വരെ പടി ഞ്ഞാറേ ഭാഗം ചെമ്പുക്കാവിന്റേതും കിഴക്കേഭാഗം നെല്ലങ്കര ഇട വകയുടേതുമാണ്).

**കിഴക്ക് :** കല്ലടിമൂലയിൽ നിന്ന് കുണ്ടുവാറ റോഡ് ആരംഭിക്കുന്ന സ്ഥലത്തുള്ള ട്രാൻസ്ഫോമർ തുടങ്ങി ചെമ്പുക്കാവിലേക്കുള്ള വഴിയുടെ ഇരുഭാഗവും ചെമ്പുക്കാവ് ഇടവകാതിർത്തിയിൽ പെടുന്നതാണ്. മേൽപ്പറഞ്ഞ തുരുത്ത്/ഇരിക്കാവ് പാടം മൂലയിൽ നിന്ന് തെക്കോട്ട് നീങ്ങി ഇലക്ട്രിക് പോസ്റ്റ് നമ്പർ RVP/MKM/54/R-18ൽ നിന്നും പോസ്റ്റ് നമ്പർ RVP/KAV/39/R-15, 16, 17 എത്തുന്ന എയർഡിസ്റ്റൻസ്. ഇരിക്കാവ് പാടത്തിന്റെ ഓരം കൂടി കുറുപ്പാൽ തോട് സന്ധിക്കുന്ന കുണ്ടുവാറ തോടിന്റെ പടിഞ്ഞാറ് ഭാഗം മാത്രം ഉൾപ്പെടുത്തി (മറുവശം നെല്ലങ്കര ഇടവക) മുന്നോട്ടു നീങ്ങി കുണ്ടുവാറ പാലം വരെ എത്തി നില്ക്കുന്നു. കുണ്ടുവാറ പാലം മുതൽ പെൻഷൻമൂല വരെ റോഡിന്റെ ഇരുഭാഗവും ചെമ്പുക്കാവിന്റെ കിഴക്കേ അതിർത്തിയിൽപ്പെടുന്നു. ഈ പാടത്ത് റോഡ് വരികയാണെങ്കിൽ പുതിയതായി നിർമ്മിക്കപ്പെടുന്ന വീടുകൾ നെല്ലങ്കര ഇടവകയിലായിരിക്കും ഉൾപ്പെടുക.

**തെക്ക് :** കിഴക്കേ കോട്ടയിൽ നിന്ന് വടക്കോട്ടു മാറി ബിഷപ്സ് ഹൗസ് കൂടി കടന്നു വരുന്ന റോഡ് എത്തിനിൽക്കുന്ന പെൻഷൻമൂല മുതൽ ചെമ്പുക്കാവ് തെക്കെ അതിർത്തി ആരംഭിക്കുന്നു. മൃഗശാല റോഡിന്റെ ഇരുവശവും ഉൾപ്പെടുത്തി ചെമ്പുക്കാവ് സെന്ററിൽ ടൗൺ ഹാളിന്റെ വടക്കേവശം കൂടി പാലസ് മൂലയിൽ എത്തുന്ന ചെമ്പുക്കാവ് പള്ളിയുടെ തെക്കുഭാഗം.

**പടിഞ്ഞാറ് :** പടിഞ്ഞാറ് പാലസ് റോഡ് ജംഗ്ഷൻ – സംഗീത നാടക അക്കാദമി – കെ. ടി. ഡി. സി. വഴി അശ്വനി ജംഗ്ഷനിലേക്കുള്ള വഴിയിൽ (വടക്കേ സ്റ്റാന്റിലേക്ക് ഇറങ്ങുന്ന വഴിയിലെ വീടുകൾ തൃശ്ശൂർ പുത്തൻപള്ളിയുടേതാണ്). പടിഞ്ഞാറോട്ട് പാലസ് റോഡ് എത്തിചേരുന്ന ജംഗ്ഷൻ കടന്ന് രാമനിലയവും മുൻസിപ്പൽ സ്റ്റേഡിയവും പിന്നിടുന്ന വഴി (നിലവിൽ ഇവിടെ ഇരുവശവും കത്തോലിക്കാ കുടുംബങ്ങൾ ഇല്ല) ചെറുമുക്ക് സെന്റർ (ഗാന്ധിമന്ദിരം) കൂടി അശ്വനി സെന്ററിൽ എത്തിചേരുന്ന വഴിയുടെ ഇരുവശവും ചെമ്പുക്കാവ് പള്ളിയുടെ കീഴിലുള്ള അതിർത്തികളായിരിക്കും. തുടർന്ന് കോലോത്തുംപാടം വഴി വടക്കോട്ടു നീങ്ങി ദൃശ്യം ഐകെയർ – കല്യാൺ സാരീസ് – തൃശ്ശൂർ ജില്ലാ സഹകരണ സൊസൈറ്റി റോഡ് എന്നിവയുടെ കിഴക്കേഭാഗം മാത്രം ഉൾപ്പെടുത്തി പെരിങ്ങാവ് ജംഗ്ഷനിൽ എത്തിചേരുന്നതും, പൂങ്കുന്നം റോഡ് വന്ന് മുട്ടിനില്ക്കുന്നതുമായ പടിഞ്ഞാറ് ഭാഗം (ടി. റോഡിന്റെ പടിഞ്ഞാറ് ഭാഗം പൂങ്കുന്നം ഇടവകാതിർത്തി).

ഈ അതിർത്തിക്കുള്ളിൽ താമസിക്കുന്ന സീറോ മലബാർ കത്തോലിക്കർ അതിനാൽതന്നെ ചെമ്പുക്കാവ് സേക്രഡ് ഹാർട്ട് ഇടവ

കയുടെ അംഗങ്ങളായിരിക്കുന്നതും, കത്തോലിക്കരല്ലാത്തവർ ഇടവകയുടെ പ്രത്യേക പരിലാളനയ്ക്കും പ്രേഷിതവേലയ്ക്കും അർഹരായിത്തീരുന്നതുമാണ്. ഈ അതിർത്തിക്കുള്ളിൽ താമസിക്കുന്ന ഇതര ഇടവകക്കാരായിരുന്നവരുടെ കണക്കുകൾ എടുത്ത് നിങ്ങളുടെ ഇടവക ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതും വിവരം അവരേയും, അവരുടെ പൂർവ്വ ഇടവകകളെയും അറിയിക്കേണ്ടതുമാണ്. ഇടവകാതിർത്തി കാണിക്കുന്ന പടത്തിന്റെ രണ്ടു കോപ്പികൾ ഈ കാര്യാലയത്തിൽ സമർപ്പിച്ച് അംഗീകാരം വാങ്ങി ഒന്ന് ഈ കാര്യാലയത്തിലും ഒന്ന് അവിടത്തെ ഫയലിലും സൂക്ഷിക്കേണ്ടതുമാണ്. അതിന്റെ കോപ്പികൾ ബന്ധപ്പെട്ട അയൽ ഇടവകകൾക്കു നല്കേണ്ടതാണ്.

ഇതോടൊപ്പം ഇടവകസ്ഥാപനവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ കല്പനയായി നല്കുന്നു. മേൽപ്പറഞ്ഞ തീരുമാനങ്ങൾക്ക് വിരുദ്ധമായ പാരമ്പര്യങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും 2018 ജനുവരി 28–ാം തീയതി മുതൽ നിയമസാധുത ഉണ്ടായിരിക്കുകയില്ല. ആദിമക്രൈസ്തവസഭയുടെ ചൈതന്യത്തിൽ (അപ്പ. 2–4) കത്തോലിക്കാസഭാനിയമങ്ങളും പാരമ്പര്യങ്ങളും അനുസരിച്ച് (CCEO, സീറോ മലബാർസഭയുടെ പ്രത്യേക നിയമം, തൃശ്ശൂർ അതിരൂപതാ നിയമാവലി) ക്രസ്തുവിശ്വാസികളുടെ സ്നേഹസമൂഹമാക്കി ഇടവകയെ പരിപോഷിപ്പിക്കുവാൻ ഏവരോടും ആഹ്വാനം ചെയ്യുന്നു.

തൃശ്ശൂർ അതിരൂപതാ കാര്യാലയത്തിൽ നിന്ന്
2018 ജനുവരി മാസം 25–ാം തീയതി നൽകപ്പെടുന്നത്.

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

**ഫാ. മാത്യു കുറ്റിക്കോട്ടയിൽ**
ചാൻസലർ

കോപ്പി:
1. ഫൊറോനവികാരി, ലൂർദ്ദ് കത്തീഡ്രൽ
2. വികാരി, ബസിലിക്ക ഇടവക
3. വികാരി, പൂങ്കുന്നം ഇടവക
4. വികാരി, ചേറൂർ– വിജയപുരം ഇടവക
5. വികാരി, നെല്ലങ്കര ഇടവക
6. വികാരി, വില്ലടം ഇടവക
7. വികാരി, വിയ്യൂർ ഇടവക

N.B. ഈ കല്പന 2018 ജനുവരി 28ന് ചെമ്പുക്കാവ്, തൃശ്ശൂർ ലൂർദ്ദ്, ചേറൂർ(വിജയപുരം) പള്ളികളിൽ വായിക്കേണ്ടതാണ്

Prot. No : 421/2018/S/ABP 25/Jan/2018

**ചെമ്പുക്കാവ് ഇടവക, തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ, ചേറൂർ-വിജയപുരം ഇടവകകളുടെ ബഹു. വികാരിയച്ചന്മാർക്കും കൈക്കാരന്മാർക്കും ദൈവജനത്തിനും ആശീർവാദം**

ചെമ്പുക്കാവ് സേക്രഡ് ഹാർട്ട് പള്ളിയെ കേന്ദ്രീകരിച്ചുള്ള സീറോ മലബാർ കത്തോലിക്കസമൂഹത്തെ 2018 ജനുവരി മാസം 28-ാം തീയതി മുതൽ സ്വതന്ത്ര ഇടവകയായി ഉയർത്തുന്നതോടനുബന്ധിച്ച് താഴെ പറയുന്ന തീരുമാനങ്ങൾക്കൂടി നിങ്ങളെ ഞാൻ അറിയിക്കുന്നു.

1. ചെമ്പുക്കാവ് സേക്രഡ് ഹാർട്ട് ഇടവക ലൂർദ്ദ് ഫൊറോനയുടെ ഭാഗമായിരിക്കും.
2. ചെമ്പുക്കാവ് സേക്രഡ് ഹാർട്ട് ഇടവകയ്ക്ക് സ്വന്തമായി സെമിത്തേരിയുണ്ടാകുന്നതുവരെ ചെമ്പുക്കാവ് ഇടവകാംഗങ്ങളുടെ മൃതസംസ്കാരത്തിന് മാതൃഇടവകകളായ ലൂർദ്ദ് കത്തീഡ്രൽ, ചേറൂർ (വിജയപുരം) ഇടവകകളുടെ സെമിത്തേരികൾ ഉപയോഗിക്കാൻ അവകാശം ഉണ്ടായിരിക്കും. ടി. സെമിത്തേരികളിൽ സ്ഥിരം കല്ലറ, കുടുംബ കല്ലറ എന്നിവയുള്ള ചെമ്പുക്കാവ് ഇടവകക്കാർക്ക് അവയ്ക്കുള്ള അവകാശം അതിരൂപതാ നിയമാവലി പ്രകാരം തുടർന്നും ഉണ്ടായിരിക്കും. ചെമ്പുക്കാവ് സേക്രഡ് ഹാർട്ട് ഇടവകാംഗങ്ങളുടെ മൃതസംസ്കാരം ലൂർദ്ദ് കത്തീഡ്രൽ, ചേറൂർ എന്നീ പള്ളികളുടെ സെമിത്തേരികളിൽ നടത്തുമ്പോൾ മൃതശരീരം പള്ളിയിൽ കയറ്റി നടത്തുന്ന പ്രാർത്ഥനാ ശുശ്രൂഷ ബന്ധപ്പെട്ടവരുടെ സൗകര്യാർത്ഥം ചെമ്പുക്കാവ് പള്ളിയിലോ, മാതൃ ഇടവകപ്പള്ളിയിലോ നടത്താവുന്നതാണ് (ചെമ്പുക്കാവ് ഇടവകയ്ക്ക് സ്വന്തമായി സെമിത്തേരി ഉണ്ടാകുന്നതുവരെയാണ് ഇതിന് പ്രാബല്യം)
3. ചെമ്പുക്കാവ് ഇടവക തിരിയുമ്പോൾ മാതൃ ഇടവകയായ ലൂർദ്ദ് കത്തീഡ്രൽ ഇടവകയിൽ നിന്നും അതിരൂപതാ നിയമാലി പ്രകാരം നൽകേണ്ടണ്ട വിഹിതം നിർണ്ണയിക്കുവാൻ ലൂർദ്ദ് ഇടവകയിലെ ബഹു. വികാരിയും കൈക്കാരന്മാരും ചെമ്പുക്കാവ് ക്വാസി ഇടവകയിലെ ബഹു. പ്രോ-വികാരിയും കൈക്കാരന്മാരും 2018 ജുവരി 11-ാം തിയ്യതി അതിരൂപതാ വികാരി ജനറാൾ, ഫിനാൻസ് ഓഫീസർ, ചാൻസലർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ അതിരൂപതാകാര്യാലയത്തിൽ ചേർന്ന യോഗത്തിലെ ചർച്ചകളുടെ വെളിച്ചത്തിൽ ലൂർദ്ദ് കത്തീഡ്രൽ ഇടവകയിൽ നിന്നും നൽകേണ്ട ആകെ വിഹിതം 1,73,06625 (ഒരു കോടി എഴുപത്തിമൂന്നുലക്ഷത്തി ആറായിരത്തി അറുന്നൂറ്റി ഇരുപത്തി അഞ്ച് ) രൂപ ആണെന്ന് നിർണ്ണയിച്ചു. പ്രസ്തുത സംഖ്യയിൽ 1,12,76035 (ഒരു കോടി പന്ത്രണ്ടുലക്ഷത്തി എഴുപത്താറായിരത്തി മുപ്പത്തി അഞ്ച് ) രൂപ പള്ളിപണിക്കും സ്ഥലം

വാങ്ങുന്നതിനുമായി ലൂർദ്ദ് കത്തീഡ്രൽ ഇടവകയിൽ നിന്നും ചെമ്പൂക്കാവ് ഇടവകയ്ക്കായി ഇതിനകം ചിലവഴിച്ചിട്ടുള്ളതാണ്. പ്രസ്തുത സംഖ്യ കിഴിച്ചു വരുന്ന 60,30,590 (അറുപതു ലക്ഷത്തി മുപ്പതിനായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്) രൂപ മൂന്നു വർഷത്തിനുള്ളിൽ ഒന്നിച്ചോ തവണകളായോ കൊടുത്തു തീർക്കേണ്ടതാണ്.

4. ചെമ്പുക്കാവ് ഇടവക തിരിയുമ്പോൾ ഒരു വിഭാഗം ഇടവകാംഗങ്ങളുടെ മാതൃ ഇടവകകയായ ചേറൂർ ഇടവകയിൽ നിന്നും അതിരൂപതാ നിയമാലി പ്രകാരം നൽകേണ്ടണ്ട വിഹിതം നിർണ്ണയിക്കുവാൻ ചേറൂർ ഇടവക യിലെ ബഹു. വികാരിയും കൈക്കാരന്മാരും ചെമ്പുക്കാവ് ക്വാസി ഇടവകയിലെ കൈക്കാരന്മാരും 2018 ജുവരി 11-ാം തിയ്യതി അതിരൂപതാ വികാരി ജനറാൾ, ഫിനാൻസ് ഓഫീസർ, ചാൻസലർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ അതിരൂപതകാര്യാലയത്തിൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം ചേറൂർ ഇടവകയിൽ നിന്നും നൽകേണ്ട ആകെ വിഹിതം 51, 95, 520 (അമ്പത്തി ഒന്നു ലക്ഷത്തി തൊണ്ണൂറ്റയ്യായിരത്തി അഞ്ഞൂറ്റി ഇരുപത്) രൂപയാണെന്ന് നിർണ്ണയിച്ചു. പ്രസ്തുത സംഖ്യ അഞ്ചു വർഷത്തിനുള്ളിൽ അഞ്ചോ അതിൽ കുറവോ തവണകളായി കൊടുത്തു തീർക്കേണ്ടതാണ്.
5. ലൂർദ്ദ് കത്തീഡ്രൽ ഇടവകയ്ക്ക് ലൂർദ്ദ്, തോപ്പ് എന്നീ സ്ക്കൂളുകളിലും, അളഗപ്പനഗർ ത്യാഗരാജാർ പോളിടെക്നിക്കിലുള്ള നിയമനം, പ്രവേശനം എന്നീ അവകാശങ്ങളിൽ അടുത്ത 25 വർഷത്തേക്ക് ചെമ്പൂക്കാവ് ഇടവകക്കാർക്കും ലൂർദ്ദ് കത്തീഡ്രൽ ഇടവകക്കാരെപ്പോലെ തുല്യ പരിഗണന നൽകേണ്ടതാണ്.
6. പുതിയ ഇടവകയുടെ പ്രഥമ വികാരിയായി **ഇഞ്ചോടിക്കാരൻ ബഹു. ജെയിംസ്** അച്ചനെ നിയമിച്ചിരിക്കുന്നു. വികാരി എന്ന നിലയിൽ തനിക്കായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന അധികാര പരിധിക്കുള്ളിൽ വികാരിക്കടുത്ത അധികാരങ്ങളും ആനുകൂല്യങ്ങളും ഉത്തരവാദിത്വങ്ങളും ഉണ്ടായിരിക്കുന്നതാണ്.
7. മേല്പ്പറഞ്ഞ തീരുമാനങ്ങൾക്ക് വിരുദ്ധമായ പാരമ്പര്യങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും 2018 ജനുവരി മാസം 28-ാം തീയതി മുതൽ നിയമസാധുത ഉണ്ടായിരിക്കുകയില്ല.

തൃശ്ശൂർ അതിരൂപതാ കാര്യാലയത്തിൽ നിന്ന്
2018 ജനുവരി മാസം 25-ാം തീയതി നൽകപ്പെടുന്നത്.

**ഫാ. മാത്യു കുറ്റിക്കോട്ടയിൽ**
ചാൻസലർ

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# കച്ചേരി
## വാർത്തകൾ

### ഓർമിക്കേണ്ട ദിവസങ്ങൾ

മാർച്ച് 2018

2 : ആദ്യവെള്ളി
4 : **നോമ്പ് നാലാം ഞായർ**
11 : **നോമ്പ് അഞ്ചാം ഞായർ**
17 : ജറുസലെമിലെ വി. സിറിൾ
18 : **നോമ്പ് ആറാം ഞായർ**
19 : വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ
25 : **നോമ്പ് ഏഴാം ഞായർ**
മംഗളവാർത്താതിരുനാൾ
ഓശാന ഞായർ
28 : ഇന്നു മുതൽ വലിയ ശനിയാഴ്ച വരെ
ത്രികാലജപം **മിശിഹാ നമ്മെപ്രതി**
29 : പെസഹാവ്യാഴം
30 : പീഡാനുഭവവെള്ളി
31 : വലിയ ശനി
ഇന്നു മുതൽ ത്രിത്വത്തിന്റെ തിരുനാൾവരെ
ത്രികാലജപം **സ്വർല്ലോകരാജ്ഞി**

**2. മാർച്ച് മാസത്തെ പരിപാടികൾ**

| | | | |
|---|---|---|---|
| മാർച്ച് | 01 : | 10:00 am | ഫൊറോനവികാരിമാരുടെ യോഗം |
| | 02 | 07:30 pm | സാമ്പത്തിക സമിതിയോഗം |
| | 06 : | 02:30 pm | വൈദികസമിതി യോഗം |
| | 08 : | 04:00 pm | സംഘടനകളുടെ ഡയറക്ടർമാരുടെ യോഗം |
| | 10 : | 10:00 am | പാസ്റ്ററൽ കൗൺസിൽ യോഗം |
| | 15 : | 10:30 am | അതിരൂപത ആലോചനസമിതിയോഗം |
| | 18 : | | പാലയൂർ തീർത്ഥാടനം |
| | 22 : | 02:00 pm | ചെറുപട്ടങ്ങൾ |
| | 26 : | 10:00 am | വൈദിക-സമർപ്പിത വിശുദ്ധീകരണദിനം |



3. വലിയ ആഴ്ച :

18.03.2018 : പാലയൂർ മഹാതീർത്ഥാടനം

25.03.2018 : ഓശാന ഞായർ

26.03.2018 : സമർപ്പിത വിശുദ്ധീകരണദിനം; മൂറോൻ കൂദാശ

29.03.2018 : പെസഹാവ്യാഴം

30.03.2018 : പീഡാനുഭവവെള്ളി

31.03.2018 : വലിയ ശനി

3. സ്വാഗതം

ഉപരിപഠനം കഴിഞ്ഞ് തിരിച്ചെത്തിയ അതിരൂപതാ വൈദികർക്കും മറ്റു രൂപതകളിൽ നിന്നും സന്യാസസഭകളിൽ നിന്നും അതിരൂപതയിൽ സേവനമനുഷ്ഠിക്കാൻ എത്തിയിരിക്കുന്ന വൈദികർക്ക് സ്വാഗതം.

ഫാ. ജോസ് വട്ടക്കുഴി
ഫാ. ജെയ്സൻ പുലിക്കോട്ടിൽ
ഫാ. ലിജോ ചാലിശ്ശേരി
ഫാ. ചാക്കോ ഒറ്റലാങ്കൽ MSFS
ഫാ. കോങ്ങാട്ട് മാത്യു MST
ഫാ. ഫിവിൻസ് ചിറ്റിലപ്പിള്ളി IC
ഫാ. ജോൺസൻ മൂലക്കാട്ട് CMI
ഫാ. നോബി മുളന്തറവയലിൽ SDV
ഫാ. മാത്യു പാത്രപാങ്കൽ MST
ഫാ. നിധിഷ് ജോണി റാത്തപ്പിള്ളിൽ CMI
ഫാ. ജെറിൻ ചൂണ്ടൽ ISch
ഫാ. സാജൻ പുത്തൂർ ISch

4. നന്ദി :

അതിരൂപതയിലെ സേവനത്തിനുശേഷം തിരിച്ചുപോകുന്ന എല്ലാ ബഹു. വൈദികർക്കും അതിരൂപതയുടെ അകൈതവമായ നന്ദി.

ഫാ. നിർമ്മൽ ജോസ് പുളിക്കളത്ത് MSFS

ഫാ. സ്റ്റാൻലി മങ്ങാട്ട് CMF

ഫാ. വിപിൻ കൊള്ളന്നൂർ SDV

ഫാ. സെബാസ്റ്റ്യൻ പാലത്തിങ്കൽ CMI

ഫാ. ഷിജോ പൊട്ടത്തുപറമ്പിൽ ISch

**5. ആശംസ :**

അതിരൂപതയിൽ നിന്ന് രാമനാഥപുരം രൂപതയിൽ സേവനത്തിനായി പോകുന്ന പാറയിൽ ഫാ. ഷിന്റോ അച്ചന് അതിരൂപതയുടെ പ്രാർത്ഥനാനിർഭരമായ ആശംസകൾ.

**6. അഭിനന്ദനങ്ങൾ :**

ഇൻസ്ബ്രൂക് യൂണിവേഴ്സ്റ്റിയിൽ നിന്നും ഡോഗ്മാറ്റിക്ക് തിയോളജിയിൽ ഡോക്ടറേറ്റ് നേടിയ ബഹു. ലിജോ ചാലിശ്ശേരി അച്ചന് അതിരൂപതയുടെ അഭിനന്ദനങ്ങൾ.

**7. വൈദികക്ഷേമനിധി :**

സ്ഥാപനങ്ങളിലും കോൺവെന്റുകളിലും സേവനം ചെയ്യുന്ന വൈദികർക്ക് വേണ്ടി വൈദികക്ഷേമനിധിയിലേക്ക് അടക്കേണ്ട വിഹിതങ്ങൾ മാർച്ച് 31–ന് മുമ്പ് അടച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സ്ഥാപനങ്ങളുടെയും കോൺവെന്റുകളുടെയും അധികാരികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**8. പാലയൂർ മഹാതീർത്ഥാടനം :**

2018 മാർച്ച് 18–നാണ് ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനം. തീർത്ഥാടനം വിജയിപ്പിക്കാൻ എല്ലാവരും സഹകരിക്കണം. ഇടവകകളിലും സ്ഥാപനങ്ങളിലും സന്യാസസമൂഹങ്ങളിലും അന്നേദിവസം പ്രത്യേക പരിപാടികൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

മുൻ വർഷങ്ങളിലെപ്പോലെ നോമ്പുകാലത്തെ വെള്ളിയാഴ്ചകളിൽ പാലയൂരിലേക്ക് ഇടവകകളുടേയും ഫൊറോനകളുടേയും നേതൃത്വത്തിൽ ജാഗരണതീർത്ഥാടനങ്ങൾ സംഘടിപ്പിക്കുന്നത് ഉചിതമാണ്. ജാഗരണ തീർത്ഥാടനങ്ങൾ സംഘടിപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം താത്പര്യമെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**9. പട്ടങ്ങൾ :**

നമ്മുടെ അതിരൂപതയ്ക്കുവേണ്ടി വൈദികപരിശീലനത്തിലായിരിക്കുന്ന ശെമ്മാശന്മാർ 2018 മാർച്ച് 22ന് കാറോയ, ഹെവ്പ്പദ്യാക്ന, മ്ശംശാന പട്ടങ്ങൾ സ്വീകരിക്കുന്നു. അന്നേ ദിവസം ഉച്ച കഴിഞ്ഞ് 2:00ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വച്ച് തിരുകർമ്മങ്ങൾ ആരംഭിക്കും. ബഹു. ശെമ്മാശ്ശന്മാരെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം.

**10. ദൈവദർശൻ ക്യാമ്പുകൾ :**

ഈ വർഷവും വേനലവധി കാലത്ത് അതിരൂപതാവൈദികവിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഇടവകകളിൽ കുട്ടികൾക്കും യുവജനങ്ങൾക്കുമായി ദൈവദർശൻ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. 5 മുതൽ എ. സി. സി. ഉൾപ്പെടെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥി

കളെയാണ് ക്യാമ്പുകളിൽ പ്രതീക്ഷിക്കുന്നത്. മൂന്നു ദിവസങ്ങളിലായാണ് ക്യാമ്പുകൾ നടക്കുന്നത്. ക്യാമ്പുകൾ യഥാക്രമം തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ആരംഭിക്കുകയും ബുധൻ, ശനി ദിവസങ്ങളിൽ അവസാനിക്കുകയും ചെയ്യും. 2018 ഏപ്രിൽ 2 മുതൽ മെയ് 5 വരെയാണ് (വിശുദ്ധവാരം ഒഴികെ) ക്യാമ്പുകൾ ഇടവകകളിൽ നടത്താൻ സാധിക്കുക. ദൈവദർശൻ ക്യാമ്പ് നടത്താൻ ആഗ്രഹിക്കുന്ന ഇടവകകളിൽ ബഹു. അച്ചന്മാർ മൈനർ സെമിനാരി റെക്ടറച്ചനുമായി ബന്ധപ്പെടേണ്ടതാണ്.

**11. ദൈവവിളിവാരാചരണം :**

2018 ഏപ്രിൽ 2 മുതൽ 6 ഉൾപ്പെടെയുള്ള ദിവസങ്ങളിലാണ് നാം ദൈവവിളി വാരാചരണം നടത്തുന്നത്. ദൈവവിളിക്കുവേണ്ടി പ്രാർത്ഥിക്കാനും നല്ല ദൈവവിളികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനും എല്ലാവരും പ്രത്യേകം താത്പര്യം കാണിക്കണം. പതിവുപോലെ തൃശ്ശൂർ ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് രാവിലെ 9:30 മുതൽ ഉച്ചതിരിഞ്ഞ് 3:30 വരെ പ്രാർത്ഥന-ഉപവാസയജ്ഞം നടക്കും. സാധിക്കുന്ന എല്ലാവരും പങ്കെടുക്കുക. വിശദാംശങ്ങൾ നോട്ടീസിലൂടെ അറിയിക്കുന്നതാണ്.

**12. ദൈവവിളിക്യാമ്പുകൾ :**

എസ്. എസ്. എൽ. സി./പ്ലസ്ടു വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടി വെവ്വേറെ ദൈവവിളി ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. 2018 ഏപ്രിൽ 2, 3 തീയതികളിൽ ഡി. ബി. സി. എൽ. സി. യിൽ വച്ച് പെൺകുട്ടികൾക്കുള്ള ക്യാമ്പും 2018 ഏപ്രിൽ 2,3; 4,5; 6,7 എന്നീ തീയതികളിൽ മൂന്ന് ബാച്ചുകളിലായി മഡോണനഗർ മൈനർ സെമിനാരിയിൽ വച്ച് ആൺകുട്ടികൾക്കായുള്ള ക്യാമ്പുകളും നടത്തപ്പെടും. ദൈവവിളിയുടെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവരെ പ്രത്യേകം പ്രോത്സാഹിപ്പിച്ച് ദൈവവിളി ക്യാമ്പുകളിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കണം. വിശദാംശങ്ങൾ വൊക്കേഷൻ ബ്യൂറോയിൽ നിന്ന് അറിയിക്കുന്നതാണ്.

**13. മതാധ്യാപകരുടെ റിട്ടയർമെന്റ്; പ്രധാനാധ്യാപകരുടെ സേവനകാലം**

മതാധ്യാപകരുടെ റിട്ടയർമെന്റ് പ്രായം 65 വയസ്സെന്നും പ്രധാനാധ്യാപകരുടെ സേവനകാലം ഒറ്റത്തുടർച്ചയിൽ 10 വർഷത്തിൽ കൂടുതലാകരുതെന്നും നിശ്ചയിച്ചിരിക്കുന്നു. ഇക്കാര്യം വിശദമായി മതബോധനകേന്ദ്രത്തിന്റെ വിഭാഗത്തിൽ കൊടുത്തിട്ടുണ്ട് (പേജ് 72 73). ഈ തീരുമാനങ്ങൾ പുതിയ അധ്യയനവർഷത്തിന്റെ (2018–2019) ആരംഭത്തിൽ നടപ്പിലാക്കേണ്ടതാണ്.

**14. പാസ്റ്ററൽ കൗൺസിൽ യോഗം:**

അടുത്ത പാസ്റ്ററൽ കൗൺസിൽ

യോഗം മാർച്ച് 10 ശനിയാഴ്ച രാവിലെ 10.00 മണി മുതൽ ഡി. ബി. സി. എൽ. സി. യിൽ നടത്തുന്നു. വിഷയം : "യുവജനങ്ങളും വിശ്വാസസാക്ഷ്യവും"

**15. കാരുണ്യനിധി കളക്ഷൻ:**

കാരുണ്യനിധിയിലേക്കുള്ള കളക്ഷൻ അടയ്ക്കാത്ത ഇടവകകൾ അത് അടയ്ക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**16. മിഷൻ സൺഡെ കളക്ഷൻ:**

2017 ലെ മിഷൻ സൺഡെ കളക്ഷൻ 2018 മാർച്ച് 31നു മുമ്പ് അതിരൂപത ഫിനാൻസ് ഓഫീസിൽ ഏല്പിക്കേണ്ടതാണ്. മാർച്ച് 31നു മുമ്പ് മിഷൻ സൺഡെ കളക്ഷൻ കൊടുക്കുന്ന പള്ളികളും സ്ഥാപനങ്ങളും മാത്രമെ സമ്മാനത്തിനു പരിഗണിക്കപ്പെടുകയുള്ളൂ.

**17. വൈദികരുടെ നിയമനം :**

**(a) തൃശ്ശൂർ അതിരൂപതയിലെ വൈദികരുടെ സ്ഥലമാറ്റം :**

**പ്രാബല്യം 07-02-2018 മുതൽ**

001. **റവ. ഫാ. മംഗലം അഗസ്റ്റിൻ:** റിട്ടയർമെന്റ്

001.**റവ. ഫാ. ചാലക്കൽ തോബിയാസ്**: ചികിത്സാവധി; താമസം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം; വടക്കാഞ്ചേരി വികാരി & ഫൊറോനവികാരി, കപ്ലോൻ ക്ലേലിയ മഠങ്ങൾ, സി. എച്ച്. എഫ്. മഠം ഒഴിവായി.

002.**റവ. ഫാ. തരകൻ ഫ്രാൻസിസ്**: വടക്കാഞ്ചേരി വികാരി & ഫൊറോനവികാരി, കപ്ലോൻ ക്ലേലിയ മഠങ്ങൾ, സി. എച്ച്. എഫ്. മഠം; പുത്തൂർ വികാരി & ഫൊറോന വികാരി, കപ്ലോൻ സി. എസ്. എം., എസ്. ഡി. വി. ഒഴിവായി.

003.**റവ. ഫാ. കിടങ്ങൻ ജോൺ**: പുത്തൂർ വികാരി & ഫൊറോന വികാരി, കപ്ലോൻ സി. എസ്. എം., എസ്. ഡി. വി.; കൂനംമൂച്ചി വികാരി, കപ്ലോൻ എസ്. എ. ബി. എസ്. ഒഴിവായി.

004.**റവ. ഫാ. മുട്ടത്ത് ഫ്രാൻസിസ്**: വികാരി കൂനംമൂച്ചി, കപ്ലോൻ എസ്. എ. ബി. എസ്.; ബ്രഹ്മകുളം വികാരി, കപ്ലോൻ എഫ്. സി. സി. ഒഴിവായി.

005.**റവ. ഫാ. ചെറുവത്തൂർ ചാക്കോ**: ബ്രഹ്മകുളം വികാരി, കപ്ലോൻ എഫ്. സി. സി.; തൃശ്ശൂർ സെന്റ് ആൻസ് വികാരി, കപ്ലോൻ സി. എം. സി., എസ്. എൽ. എം. ഐ. നിർമ്മലാലയം, ഡയറക്ടർ സെന്റ് ആൻസ് ഇൻസ്റ്റിറ്റ്യൂട്ട് വെസ്റ്റ് ഫോർട്ട്, ഡിസ്ട്രിബ്യൂട്ടർ ഫ്രാൻസിസ്കൻ ഫാമിലി അപ്പസ്തോലേറ്റ്, അസി. ഡയറക്ടർ എസ്. എൽ. എം. ഐ. ഒഴിവായി.

006.**റവ. ഫാ. ചിറ്റലപ്പിള്ളി ലിജോ**: തൃശ്ശൂർ സെന്റ് ആൻസ് വികാരി, കപ്ലോൻ സി. എം. സി., എസ്. എൽ. എം. ഐ. നിർമ്മലാലയം, ഡയറക്ടർ സെന്റ് ആൻസ് ഇൻസ്റ്റിറ്റ്യൂട്ട് വെസ്റ്റ് ഫോർട്ട്, ഡിസ്ട്രിബ്യൂട്ടർ ഫ്രാൻസിസ്കൻ ഫാമിലി അപ്പസ്തോലേറ്റ്, അസി. ഡയറക്ടർ എസ്. എൽ. എം. ഐ.; ഡയറക്ടർ നെസ്റ്റ് ഒഴിവായി.

007. **റവ. ഫാ. താണിശ്ശേരി റാഫേൽ**: ഡയറക്ടർ നെസ്റ്റ്; ചേലക്കര വികാരി & ഫൊറോന വികാരി, പരക്കാട് വികാരി, ഡയറക്ടർ റീജണൽ പാസ്റ്ററൽ സെന്റർ, ഫാ. ആന്റണി തച്ചുപറമ്പിൽ ട്രസ്റ്റ് & മാനേജർ ബാലഭവൻ പ്രോപ്പർട്ടീസ്, കപ്ലോൻ സി. എച്ച്. എഫ്. മഠങ്ങൾ, സി. എസ്. സി. മഠം ചേലക്കര, സി. എം. സി. മഠം തൊഴുപ്പാടം ഒഴിവായി.

008. **റവ. ഫാ. വടക്കൂട്ട് തോമസ്**: ചേലക്കര വികാരി & ഫൊറോന വികാരി, പരക്കാട് വികാരി, ഡയറക്ടർ റീജണൽ പാസ്റ്ററൽ സെന്റർ, ഫാ. ആന്റണി തച്ചുപറമ്പിൽ ട്രസ്റ്റ് & മാനേജർ ബാലഭവൻ പ്രോപ്പർട്ടീസ് & അതിരൂപത എസ്റ്റേറ്റ് തൊഴുപ്പാടം, കപ്ലോൻ സി. എച്ച്. എഫ്. മഠങ്ങൾ, സി. എസ്. സി. മഠം ചേലക്കര, സി. എം. സി. മഠം തൊഴുപ്പാടം ; വിയ്യൂർ നടത്തുവികാരി ഒഴിവായി.

009. **റവ. ഫാ. പിണ്ടിയാൻ സാജൻ** : മാനേജർ അതിരൂപത എസ്റ്റേറ്റ് തൊഴുപ്പാടം ഒഴിവായി.

010. **റവ. ഫാ. ഇഞ്ചോടിക്കാരൻ ജെയിംസ്**: വിയ്യൂർ വികാരി കൂടി; ചെമ്പുക്കാവ് വികാരി, കപ്ലോൻ സി. എച്ച്. എഫ്. മരീന ഒഴിവായി.

011. **റവ. ഫാ. ചിറ്റിലപ്പിള്ളി വിൻസെന്റ്**: ചെമ്പുക്കാവ് വികാരി കൂടി, കപ്ലോൻ സി. എച്ച്. എഫ്. മരീന; നെഹ്രുനഗർ വികാരി, കപ്ലോൻ എസ്. ജെ. ബി. ഒഴിവായി.

012. **റവ. ഫാ. ചിറയത്ത് ഡേവിസ് സീനിയർ**: നെഹ്രുനഗർ വികാരി, കപ്ലോൻ എസ്. ജെ. ബി.; അന്തിക്കാട് വികാരി, കപ്ലോൻ ഹോളി ക്രോസ് ഒഴിവായി.

013. **റവ. ഫാ. തേർമഠം ജോർജ്ജ്**: അന്തിക്കാട് വികാരി, കപ്ലോൻ ഹോളി ക്രോസ്; വികാരി നെടുപുഴ, കപ്ലോൻ എം. എസ്. എം. ഐ. ഒഴിവായി.

014. **റവ. ഫാ. ആളൂർ ജോഷി**: വികാരി നെടുപുഴ, കപ്ലോൻ എം. എസ്. എം. ഐ.; ഡയറക്ടർ ഡാമിയൻ, കോർഡിനേറ്റർ ദീപിക ഒഴിവായി.

015. **റവ. ഫാ. എടക്കളത്തൂർ ലൂവീസ്**: ഡയറക്ടർ ഡാമിയൻ; ആർത്താറ്റ് വികാരി, കപ്ലോൻ എസ്. കെ. ഡി. & മാനേജർ ഹോളിക്രോസ് സി. ബി. എസ്. ഇ. സ്കൂൾ ഒഴിവായി.

016. **റവ. ഫാ. പറോക്കാരൻ ജോഷി**: ആർത്താറ്റ് വികാരി, കപ്ലോൻ എസ്. കെ. ഡി. & മാനേജർ ഹോളിക്രോസ് സി. ബി. എസ്. ഇ. സ്കൂൾ; ഏങ്ങണ്ടിയൂർ നടത്തുവികാരി, കപ്ലോൻ ഇൻഫന്റ് ജീസസ് എഫ്. സി. സി. ഒഴിവായി.

017. **റവ. ഫാ. വള്ളൂപ്പാറ ജീജോ**: ഡയറക്ടർ പോപ് പോൾ മേഴ്സി ഹോം അനുബന്ധസ്ഥാപനങ്ങൾ, ടിംഹാൻസ് ഒഴിവായി.

018. **റവ. ഫാ. അന്തിക്കാട്ട് ജോൺസൻ**: ഡയറക്ടർ പോപ് പോൾ മേഴ്സി ഹോം അനുബന്ധസ്ഥാപനങ്ങൾ; കോലഴി

വികാരി ഒഴിവായി.

019.**റവ. ഫാ. പാറക്കൽ ചെറിയാൻ**: കോലഴി വികാരി; ചൂണ്ടൽ വികാരി, കപ്ലോൻ സി. എം. സി. ഒഴിവായി.

020.**റവ. ഫാ. തേർമഠം ഷാജൻ**: ചൂണ്ടൽ വികാരി, കപ്ലോൻ സി. എം. സി.; നടത്തറ വികാരി, കപ്ലോൻ സി. എം. സി., പ്രോജക്ട് ഓഫീസർ ഡിവൈൻ മേഴ്സി തീർത്ഥകേന്ദ്രം, ലോക്കൽ മാനേജർ അതിരൂപത എസ്റ്റേറ്റ് ഒഴിവായി.

021.**റവ. ഫാ. കണ്ണനായ്ക്കൽ വിൽസൺ**: നടത്തറ വികാരി, കപ്ലോൻ സി. എം. സി., ലോക്കൽ മാനേജർ അതിരൂപത എസ്റ്റേറ്റ്; ഒല്ലൂക്കര വികാരി, കപ്ലോൻ സി. എം. സി., ഒ. പി. & സി. എസ്. എം., ജഡ്ജ് അതിരൂപതാകോടതി ഒഴിവായി.

022. **റവ. ഫാ. പാറേക്കാട്ട് ജോണി ആന്റണി**: ഒല്ലൂക്കര വികാരി, കപ്ലോൻ സി. എം. സി., ഒ. പി. & സി. എസ്. എം.; നെന്മണിക്കര വികാരി, കപ്ലോൻ എസ്. എ. ബി. എസ്. ഒഴിവായി.

023.**റവ. ഫാ. ആലപ്പാട്ട് ബാസ്റ്റിൻ**: നെന്മണിക്കര വികാരി, കപ്ലോൻ എസ്. എ. ബി. എസ്.; എളവള്ളി & പെരുവല്ലൂർ വികാരി. കപ്ലോൻ സി. എസ്. എസ്. എളവള്ളി ഒഴിവായി.

024.**റവ. ഫാ. പെരേപ്പാടൻ ജിന്റോ**: എളവള്ളി & പെരുവല്ലൂർ വികാരി. കപ്ലോൻ സി. എസ്. എസ്. എളവള്ളി; വികാരി കിള്ളിമംഗലം, അസി. മാനേജർ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഒഴിവായി.

025.**റവ. ഫാ. പെരിഞ്ചേരി അജീഷ്**: അസി. വാർഡൻ ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, കിള്ളിമംഗലം നടത്തുവികാരി, താമസം ജ്യോതി എഞ്ചിനീയറിംഗ് കോളേജ്; സഹവികാരി ചേലക്കര ഒഴിവായി.

026.**റവ. ഫാ. തട്ടിൽ ബർണാർഡ്:** റിട്ടയർമെന്റ്, സീനിയർ റസിഡന്റ് പ്രീസ്റ്റ് മണലൂർ കിഴക്ക്; കുറ്റൂർ വികാരി, കപ്ലോൻ എസ്. ജെ. & സെന്റ് ആൻ ഒഴിവായി.

027.**റവ. ഫാ. പുന്നശ്ശേരി ജെയ്സൻ**: കുറ്റൂർ വികാരി, കപ്ലോൻ എസ്. ജെ. & സെന്റ് ആൻ; ഏങ്ങണ്ടിയൂർ വികാരി, കപ്ലോൻ ഇൻഫന്റ് ജീസസ് എഫ്. സി. സി. ഒഴിവായി.

028.**റവ. ഫാ. പുത്തൂർ ജോയ്**: ഏങ്ങണ്ടിയൂർ വികാരി, കപ്ലോൻ ഇൻഫന്റ് ജീസസ് എഫ്. സി. സി.; പാലക്കൽ വികാരി, കപ്ലോൻ പാലക്കൽ എസ്. ഡി. & സി. എം. സി. കണിമംഗലം ഒഴിവായി.

029.**റവ. ഫാ. പൊറുത്തൂർ ജോജു**: പാലക്കൽ വികാരി, കപ്ലോൻ പാലക്കൽ എസ്. ഡി. & സി. എം. സി. കണിമംഗലം; വാടാനപ്പിള്ളി വികാരി, കപ്ലോൻ എഫ്. എസ്. എം. ഒഴിവായി.

030.**റവ. ഫാ. താഴത്ത് ജിക്സൺ**: വാടാനപ്പിള്ളി വികാരി, കപ്ലോൻ എഫ്. എസ്. എം.; മുളയം വികാരി, ഡയറക്ടർ ഹോം ഓഫ് ലവ്,

ലോക്കൽ മാനേജർ ജ്യോതി എഞ്ചിനീയറിംഗ് പ്രോപ്പർട്ടീസ് മുളയം ഒഴിവായി.

031. **റവ. ഫാ. കുരുതുകുളങ്ങര ആന്റണി**: മുളയം വികാരി, ഡയറക്ടർ ഹോം ഓഫ് ലവ്, ലോക്കൽ മാനേജർ ജ്യോതി എഞ്ചിനീയറിംഗ് പ്രോപ്പർട്ടീസ് മുളയം കൂടി; അസോസിയേറ്റ് പ്രോഗ്രാം ഡയറക്ടർ & ട്രഷറർ PAROC, കപ്ലോൻ സി. എസ്. എം. ഒഴിവായി.

032. **റവ. ഫാ. തൈക്കാട്ടിൽ സൈജോ**: പ്രോഗ്രാം ഡയറക്ടർ & ട്രഷറർ PAROC കൂടി.

033. **റവ. ഫാ. കൊളമ്പ്രത്ത് മാർട്ടിൻ**: അസോസിയേറ്റ് ബർസാർ സെന്റ് തോമസ് കോളേജ്, ബലിയർപ്പണം കൂർക്കഞ്ചേരി സി. എസ്. സി.; ബർസാർ സെന്റ് തോമസ് കോളേജ്, കപ്ലോൻ അസ്സീസി എഫ്. സി. സി. ഒഴിവായി.

034. **റവ. ഫാ. കൂത്തൂർ വർഗ്ഗീസ്**: എക്സിക്യൂട്ടീവ് മാനേജർ & ബർസാർ സെന്റ് തോമസ് കോളേജ്, ഡയറക്ടർ കത്തോലിക്കാ കോൺഗ്രസ്സ്, കോർഡിനേറ്റർ ദീപിക, കപ്ലോൻ ശാന്തിധാം സി. എം. സി.; ലൂർദ്ദ് കത്തീഡ്രൽ വികാരി & ഫൊറോന വികാരി, കപ്ലോൻ എസ്. എ. ബി. എസ്., എസ്. എൻ. ഡി. എസ്., സാൻ ഡാമിയാനോ എഫ്. സി. സി. ഒഴിവായി.

035. **റവ. ഫാ. ചാലക്കൽ ജോസ്**: ലൂർദ്ദ് കത്തീഡ്രൽ വികാരി & ഫൊറോന വികാരി, കപ്ലോൻ എസ്. എ. ബി. എസ്., എസ്. എൻ. ഡി. എസ്., സാൻ ഡാമിയാനോ എഫ്. സി. സി.; വികാരി നെല്ലിക്കുന്ന്, കപ്ലോൻ എഫ്. സി. സി. മഠങ്ങൾ ഒഴിവായി.

036. **റവ. ഫാ. വടക്കൻ റാഫേൽ:** വികാരി നെല്ലിക്കുന്ന്, കപ്ലോൻ എഫ്. സി. സി. മഠങ്ങൾ, സി. എസ്. എം. മഠം; ചിറ്റാട്ടുകര വികാരി, കപ്ലോൻ എഫ്. സി. സി. ഒഴിവായി.

037. **റവ. ഫാ. താണിക്കൽ പോൾ**: ചിറ്റാട്ടുകര വികാരി, കപ്ലോൻ എഫ്. സി. സി.; എരുമപ്പെട്ടി വികാരി & ഫൊറോനവികാരി, കപ്ലോൻ എസ്. എച്ച്. ഒഴിവായി.

038. **റവ. ഫാ. അടമ്പുകുളം ജോയ്**: എരുമപ്പെട്ടി വികാരി & ഫൊറോനവികാരി, കപ്ലോൻ എസ്. എച്ച്.; അയ്യന്തോൾ വികാരി, കപ്ലോൻ സി. എച്ച്. എഫ്., കൗൺസിലർ അനുരഞ്ജന ഓഫീസ് ഒഴിവായി.

039. **റവ. ഫാ. അറാശ്ശേരി ജോസഫ്**: അയ്യന്തോൾ വികാരി, കപ്ലോൻ സി. എച്ച്. എഫ്.; തൊയക്കാവ് വികാരി, കപ്ലോൻ സി. എസ്. സി. ഒഴിവായി.

040. **റവ. ഫാ. വാഴപറമ്പിൽ ക്ലമന്റ്**: തൊയക്കാവ് വികാരി, കപ്ലോൻ സി. എസ്. സി.; വരാക്കര നോർത്ത് വികാരി, കപ്ലോൻ എം. എസ്. എം. ഐ. ഒഴിവായി.

041. **റവ. ഫാ. വട്ടനിരപ്പേൽ ജെയ്സൻ**: വരാക്കര നോർത്ത് വികാരി, കപ്ലോൻ എം. എസ്.

എം. ഐ.; വെള്ളക്കാരിത്തടം വികാരി ഒഴിവായി.

042.**റവ. ഫാ. ഒറ്റലാങ്കൽ ചാക്കോ MSFS**: വെള്ളക്കാരിത്തടം വികാരി.

043.**റവ. ഫാ. പാറയിൽ ഷിന്റോ**: രാമനാഥപുരം രൂപതയിൽ സേവനം; ചിയ്യാരം വിജയമാത വികാരി, കപ്ലോൻ സി. എം. സി., സി. എച്ച്. എഫ്., ആർ. ജി. എസ്. ഒഴിവായി.

044.**റവ. ഫാ. വിതയത്തിൽ ദാവീദ്**: ചിയ്യാരം വിജയമാത വികാരി, കപ്ലോൻ സി. എം. സി., സി. എച്ച്. എഫ്., ആർ. ജി. എസ്.; എരനെല്ലൂർ വികാരി, കപ്ലോൻ എസ്. എൽ. എം. ഐ. ഒഴിവായി.

045. **റവ. ഫാ. മുരിങ്ങാത്തേരി ജോസഫ്**: എരനെല്ലൂർ വികാരി, കപ്ലോൻ എസ്. എൽ. എം. ഐ.; അരിമ്പൂർ വികാരി, കപ്ലോൻ സെന്റ് ജെമ്മ എഫ്. സി. സി. ഒഴിവായി.

046.**റവ. ഫാ. ആലുക്ക ആന്റണി**: അരിമ്പൂർ വികാരി, കപ്ലോൻ സെന്റ് ജെമ്മ എഫ്. സി. സി.; അമ്മാടം വികാരി, കപ്ലോൻ സി. എം. സി. ഒഴിവായി.

047.**റവ. ഫാ. കൊള്ളന്നൂർ ജോയ്**: അമ്മാടം വികാരി, കപ്ലോൻ സി. എം. സി.; പേരാമംഗലം വികാരി, കപ്ലോൻ എസ്. എം. സി. ഒഴിവായി.

048.**റവ. ഫാ. അറയ്ക്കൽ പോൾ:** പേരാമംഗലം വികാരി, കപ്ലോൻ എസ്. എം. സി.; വില്ലടം വികാരി ഒഴിവായി.

049.**റവ. ഫാ. ഒലക്കേങ്കിൽ ദിജോ**: വില്ലടം വികാരി കൂടി.

050.**റവ. ഫാ. എടക്കളത്തൂർ വർഗ്ഗീസ്**: സെന്റ് മേരീസ് മൈനർ സെമിനാരി സ്പിരിച്ച്വൽ ഫാദർ, പുല്ലംകണ്ടം വികാരി കൂടി; മഡോണനഗർ വികാരി, കപ്ലോൻ സി. എച്ച്. എഫ്., അസി. മാനേജർ കാച്ചേരി അതിരൂപത എസ്റ്റേറ്റ് ഒഴിവായി.

051.**റവ. ഫാ. മുരിങ്ങാത്തേരി ജോമോൻ:** മഡോണനഗർ വികാരി, കപ്ലോൻ സി. എച്ച്. എഫ്., അസി. മാനേജർ കാച്ചേരി അതിരൂപത എസ്റ്റേറ്റ്, അസി. ഡയറക്ടർ കത്തോലിക്കാസഭപത്രം, പ്രോജക്ട് ഓഫീസർ അതിരൂപതാ പ്രിന്റിംഗ് പ്രസ്സ്; വരാക്കര സൗത്ത് വികാരി, കപ്ലോൻ ചെറുസൂനം സി. എസ്. എം. ഒഴിവായി.

052.**റവ. ഫാ. മുരിങ്ങാത്തോരി ജോയ്**: വരാക്കര സൗത്ത് വികാരി, കപ്ലോൻ ചെറുസൂനം സി. എസ്. എം., അസോസിയേറ്റ് ഡയറക്ടർ സെന്റ് ജോസഫ് നേച്ചർ കെയർ ഹോം; സ്നേഹപുരം വികാരി ഒഴിവായി.

053.**റവ. ഫാ. തലോണിക്കര സാവിയോ:** സ്നേഹപുരം വികാരി; പുല്ലംകണ്ടം വികാരി, കപ്ലോൻ ഹോളി സ്പിരിറ്റ് & സ്നേഹഭവൻ സി. എസ്. എം. മഠങ്ങൾ, പ്രോജക്ട് ഓഫീസർ മീഡിയ മിനിസ്ട്രി, അസി. ഡയറക്ടർ കത്തോലിക്കാസഭ, ഐ.

ടി സെൽ അംഗം ഒഴിവായി.

054.**റവ. ഫാ. കുറ്റിക്കാട്ട് ആൻഡ്രൂസ്**: ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിലെ പാസ്റ്ററൽ കെയർ വിഭാഗത്തിലെ അംഗം, താമസം ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി; പുറനാട്ടുകര വികാരി, കപ്ലോൻ എം. എൽ. എഫ്. ഒഴിവായി.

055. **റവ. ഫാ. അറങ്ങാശ്ശേരി ജോസ്**: പുറനാട്ടുകര വികാരി, കപ്ലോൻ എം. എൽ. എഫ്.; വിജയപുരം വികാരി, കപ്ലോൻ ദിവ്യഭവൻ സി. എം. സി. ഒഴിവായി.

056. **റവ. ഫാ. വട്ടക്കുഴി ജോസ്**: വിജയപുരം വികാരി, കപ്ലോൻ ദിവ്യഭവൻ സി. എം. സി.

057. **റവ. ഫാ. കാച്ചപ്പിള്ളി ജോസ്**: ലൂർദ്ദ് കത്തീഡ്രൽ ഇടവകയിൽ റസിഡന്റ് പ്രീസ്റ്റ്; പങ്ങാരപ്പിള്ളി വികാരി, കപ്ലോൻ എസ്. എ. ബി. എസ്., എൽ. എസ്. സി. ഒഴിവായി.

058. **റവ. ഫാ. തയ്യാലക്കൽ ഫ്ളെർജിൻ**: പങ്ങാരപ്പിള്ളി വികാരി, കപ്ലോൻ എസ്. എ. ബി. എസ്., എൽ. എസ്. സി.; മനക്കൊടി വികാരി ഒഴിവായി.

059. **റവ. ഫാ. ആക്കാമറ്റത്തിൽ ഷോൺസൻ**: മനക്കൊടി വികാരി; അസി. വാർഡൻ സെന്റ് തോമസ് കോളേജ് ഹോസ്റ്റൽ, കപ്ലോൻ കൂർക്കഞ്ചേരി സി. എസ്. സി. ഒഴിവായി.

060. **റവ. ഫാ. അരിക്കാട്ട് സിജോ**: പഠനാവധി, താമസം ക്രൈസ്റ്റ് വില്ല; വെള്ളാനിക്കോട് വികാരി, കപ്ലോൻ എസ്. കെ. ഡി., ഡയറക്ടർ നേഴ്സസ് ഗിൽഡ്, കോർഡിനേറ്റർ CDTP ഒഴിവായി.

061. **റവ. ഫാ. പുലിക്കോട്ടിൽ ജെയ്സൻ**: വെള്ളാനിക്കോട് വികാരി, കപ്ലോൻ എസ്. കെ. ഡി.

062.**റവ. ഫാ. ചിറ്റിലപ്പിള്ളി ബിനോയ്**: മെത്രാപ്പോലീത്തൻ കോടതി നോട്ടറി, താമസം ഫാമിലി അപ്പസ്തോലേറ്റ് സെന്റർ; സെന്റ് മേരീസ് മൈനർ സെമിനാരി പ്രീഫെക്ട്, അസി. ഡയറക്ടർ ജീസസ് യൂത്ത് & LOAF ഒഴിവായി.

063.**റവ. ഫാ. ചിറയത്ത് ഡെന്നി:** സെന്റ് മേരീസ് മൈനർ സെമിനാരി പ്രീഫെക്ട്, അസി. ഡയറക്ടർ ജീസസ് യൂത്ത് & LOAF; സഹവികാരി നടത്തറ ഒഴിവായി.

064.**റവ. ഫാ. വിതയത്തിൽ കൊഴുക്കുള്ളിക്കാരൻ റിജോ**: അസി. ഡയറക്ടർ ഡി. ബി. സി. എൽ. സി., കപ്ലോൻ സെന്റ് പോൾ സി. എസ്. എസ്.; വടക്കൻ പുതുക്കാട് നടത്തു വികാരി, കപ്ലോൻ മുല്ലശ്ശേരി സി. എസ്. സി. ഒഴിവായി.

065.**റവ. ഫാ. ഒല്ലൂക്കാരൻ ആന്റോ**: വടക്കൻ പുതുക്കാട് വികാരി, കപ്ലോൻ മുല്ലശ്ശേരി സി. എസ്. സി.; വെളുത്തൂർ വികാരി, കപ്ലോൻ വിമലനാഥ എഫ്. സി. സി. ഒഴിവായി.

066.**റവ. ഫാ. കാഞ്ഞിരത്തിങ്കൽ പ്രിൻസൺ**: വെളുത്തൂർ വികാരി, കപ്ലോൻ വിമലനാഥ

എഫ്. സി. സി.; ഇയ്യാൽ വികാരി, കപ്ലോൻ എസ്. എ. ബി. എസ്. ഒഴിവായി.

067.**റവ. ഫാ. അമ്മുത്തൻ ആന്റണി**: ഇയ്യാൽ വികാരി, കപ്ലോൻ എസ്. എ. ബി. എസ്., അസി. ഡയറക്ടർ കത്തോലിക്കാ കോൺഗ്രസ്സ്; വികാരി മായന്നൂർ, കപ്ലോൻ എഫ്. സി. സി. ഒഴിവായി.

068. **റവ. ഫാ. കപ്പിലാംനിരപ്പേൽ ജിജോ**: വികാരി മായന്നൂർ, കപ്ലോൻ എഫ്. സി. സി.; അസി. ഡയറക്ടർ ഡി. ബി. സി. എൽ. സി., ഡയറക്ടർ ചിൽഡ്രൻസ് മിനിസ്ട്രി, വൊക്കേഷൻ പ്രമോഷൻ സഹായി, കപ്ലോൻ സെന്റ് പോൾ സി. എസ്. എസ്. ഒഴിവായി.

069.**റവ. ഫാ. ചാലക്കൽ ജാക്സൺ** : പ്രീസ്റ്റ് – ഇൻ – ചാർജ്ജ് തോളൂർ; പാറേമ്പാടം വികാരി, കപ്ലോൻ ചൊവ്വന്നൂർ സി. എസ്. സി. ഒഴിവായി.

070.**റവ. ഫാ. കുന്നപ്പിള്ളി ടെൻസ്**: പാറേമ്പാടം വികാരി, കപ്ലോൻ ചൊവ്വന്നൂർ സി. എസ്. സി. കൂടി; ചാഴൂർ വികാരി ഒഴിവായി.

071. **റവ. ഫാ. ചിറയത്ത് ഷാജു**: ചാഴൂർ വികാരി; മുല്ലക്കര വികാരി, കപ്ലോൻ സി. എസ്. സി. ഒഴിവായി.

072.**റവ. ഫാ. ആളൂർ ഫ്രാൻസിസ്**: മുല്ലക്കര വികാരി, കപ്ലോൻ സി. എസ്. സി. കൂടി., താമസം മുല്ലക്കര ഇടവക

073.**റവ. ഫാ. തെക്കനിയത്ത് ജിയോ**: പുതുക്കാട് വികാരിയുടെ സഹായി കൂടി; നന്തിപുലം നോർത്ത് നടത്തുവികാരി, കപ്ലോൻ എസ്. സി. എസ്. എ. ഒഴിവായി.

074.**റവ. ഫാ. ചാലിശ്ശേരി ലിജോ**: നന്തിപുലം നോർത്ത് വികാരി, കപ്ലോൻ എസ്. സി. എസ്. എ.

075.**റവ. ഫാ. മരോട്ടിക്കൽ അലക്സ്**: ഡയറക്ടർ ടിംഹാൻസ്, കൗൺസിലർ അനുരഞ്ജന ഓഫീസ്, കപ്ലോൻ നിർവൃതി സി. എസ്. സി. കൂടി; തങ്ങാലൂർ നോർത്ത് വികാരി, അസി. ഡയറക്ടർ പോപ് പോൾ മേഴ്സി ഹോം ഒഴിവായി.

076.**റവ. ഫാ. ചിറ്റിലപ്പിള്ളി ആന്റണി അനീഷ്**: അസി. ഡയറക്ടർ പോപ് പോൾ മേഴ്സി ഹോം & അനുബന്ധസ്ഥാപനങ്ങൾ, താമസം ആശാനിലയം, തങ്ങാലൂർ നോർത്ത് വികാരി; സഹവികാരി തൃശ്ശൂർ സെന്റ് ആൻസ് ഒഴിവായി.

077. **റവ. ഫാ. ഒലക്കേങ്കിൽ ലോറൻസ്**: റിട്ടയർമെന്റ്, താമസം വിയാനി ഭവൻ; ആറംപിള്ളി വികാരി ഒഴിവായി.

078.**റവ. ഫാ. കള്ളിക്കാടൻ സ്റ്റാർസൻ**: ആറംപിള്ളി വികാരി കൂടി; ചെമ്മണ്ണൂർ വികാരി ഒഴിവായി.

079.**റവ. ഫാ. എലുവത്തിങ്കൽ ആന്റോസ്**: ചെമ്മണ്ണൂർ നടത്തുവികാരി; സഹവികാരി ലൂർദ്ദ് കത്തീഡ്രൽ ഒഴിവായി.

080.**റവ. ഫാ. പുളിക്കലത്ത് നിർമ്മൽ ജോസ് MSFS**:

വീണ്ടശ്ശേരി വികാരി ഒഴിവായി.

081.**റവ. ഫാ. ചാഴൂർ ഡൊമിനി**: വീണ്ടശ്ശേരി വികാരി, ഡയറക്ടർ ബേത്ഹെസ്ദ ധ്യാനകേന്ദ്രം കൂടി.

082.**റവ. ഫാ. മങ്ങാട്ട് സ്റ്റാൻലി MSFS**: വാണിയമ്പാറ വികാരി ഒഴിവായി.

083.**റവ. ഫാ. എടക്കളത്തൂർ ജിമ്മി**: വാണിയമ്പാറ നടത്തു വികാരി; അസി. ഡയറക്ടർ എം. ഐ. ആശുപത്രി, നാട്ടിക കുരിശുപള്ളിയിലെ ചാർജ്ജ് ഒഴിവായി.

084.**റവ. ഫാ. ചിരിയങ്കണ്ടത്ത് ജിൻസൻ**:പഠനാവധി, താമസം ക്രൈസ്റ്റ് വില്ല; സഹവികാരി പുത്തൂർ ഒഴിവായി.

085.**റവ. ഫാ. വടക്കേത്തല ജെയ്സൻ**: മെത്രാപ്പോലീത്തൻ കോടതി നോട്ടറി ഒഴിവായി.

086.**റവ. ഫാ. ഐനിക്കൽ ജോസ്**: അരണാട്ടുകര ഇടവകയിൽ റസിഡന്റ് പ്രീസ്റ്റ്; ജൂബിലി മിഷൻ ആശുപത്രിയിലെ സേവനം, കപ്ലോൻ കൃപാതീർത്ഥം സി. എം. സി. ഒഴിവായി.

087.**റവ. ഫാ. കള്ളിക്കാടൻ പോൾ**: ഡയറക്ടർ നേഴ്സസ് ഗിൽഡ് കൂടി.

088.**റവ. ഫാ. കൂത്തൂർ ഫ്രാൻസിസ്**: ഡയറക്ടർ ബൈബിൾ അപ്പസ്തോലേറ്റ് ഒഴിവായി.

089.**റവ. ഫാ. ചിരിയങ്കണ്ടത്ത് ലിജോ ജോസ്**: ഡയറക്ടർ ബൈബിൾ അപ്പസ്തോലേറ്റ് കൂടി.

090.**റവ. ഫാ. പള്ളിക്കുന്നത്ത് ഫ്രാൻസിസ്**: ഡയറക്ടർ സെന്റ് ജോസഫ്സ് നേച്ചൽ കെയർ ഹോം ഒഴിവായി.

091.**റവ. ഫാ. തെക്കേക്കര ജോസ് സീനിയർ**: ഡയറക്ടർ സെന്റ് ജോസഫ്സ് നേച്ചൽ കെയർ ഹോം.

092.**റവ. ഫാ. കടവി ജിയോ**: ഡയറക്ടർ കത്തോലിക്കാ കോൺഗ്രസ്സ്, പബ്ലിക് റിലേഷൻസ് ഓഫീസ് എന്നിവ ഒഴിവായി.

093.**റവ. ഫാ. ഏലന്താനത്ത് നൈസൻ**: അതിരൂപത പബ്ലിക് റിലേഷൻസ് ഓഫീസർ.

094. **റവ. ഫാ. പൂപ്പാടി തോമസ്**: അസോസിയേറ്റ് ഡയറക്ടർ സ്ലം സർവ്വീസ് സെന്റർ കൂടി.

095. **റവ. ഫാ. കരിപ്പേരി വർഗ്ഗീസ്**: ഡയറക്ടർ സ്ലം സർവ്വീസ് സെന്റർ കൂടി.

096. **റവ. ഫാ. ചിറ്റിലപ്പിള്ളി പോൾ**: അവധി, താമസം ക്രൈസ്റ്റ് വില്ല; സെന്റ് മേരീസ് മൈനർ സെമിനാരി സ്പിരിച്ചൽ ഫാദർ ഒഴിവായി.

097.**റവ. മോൺ. അക്കര ജോർജ്ജ്**: താമസം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം.

098.**റവ. ഫാ. കൂള ഡിറ്റോ**: കപ്ലോൻ സി. എസ്. എം. ഹോളി സ്പിരിറ്റ് & സ്നേഹഭവൻ കൂടി.

099.**റവ. ഫാ. കുറ്റിക്കോട്ടയിൽ മാത്യു**: കപ്ലോൻ എം. ഐ. എഫ്. സി. സി. കൂടി; തൃശ്ശൂർ സെന്റ് മേരീസ് സി. എം. സി. ഒഴിവായി.

100.**റവ. ഫാ. മൂക്കൻ ജോയ്**: കപ്ലോൻ തൃശ്ശൂർ സെന്റ് മേരീസ് സി. എം. സി. കൂടി; എം. ഐ. എഫ്. സി. സി. ഒഴിവായി.

101.**റവ. ഫാ. മാപ്രാണത്തുക്കാരൻ ഷിജോ**: കപ്ലോൻ ശാന്തിധാം സി. എം. സി. ഒഴിവായി.

102.**റവ. ഫാ. കുഴിക്കാട്ടുമ്യാലിൽ സിജോൺ**: കപ്ലോൻ ഹോം ഓഫ് ലവ് ഒഴിവായി.

103.**റവ. ഫാ. താഴേക്കാടൻ ജിബിൻ**: കപ്ലോൻ ഹോം ഓഫ് ലവ് കൂടി.

104.**റവ. ഫാ. കാവുങ്കൽ ഡേവിസ് MST**: കപ്ലോൻ കൂട്ടാല സി. എസ്. എം. കൂടി; കപ്ലോൻ എസ്. എൻ. ഡി. എസ്. നോവിഷ്യറ്റ് ഹൗസ് ഒഴിവായി.

105.**റവ. ഫാ. വാഴപ്പിള്ളി ബിൽജു**: കപ്ലോൻ എസ്. എൻ. ഡി. എസ്. നോവിഷ്യറ്റ് ഹൗസ് കൂടി.

106.**റവ. ഫാ. പാറക്കൽ ഫ്രീജോ**: കപ്ലോൻ മുളയം എസ്. എം. സി. ഒഴിവായി.

107.**റവ. ഫാ. ഞാഞ്ഞിലത്ത് ബിജു OSH**: കപ്ലോൻ മുളയം എസ്. എം. സി. കൂടി.

108.**റവ. ഫാ. കുണ്ടുകുളങ്ങര ജോവി**: കപ്ലോൻ നിർവൃതി സി. എസ്. സി. ഒഴിവായി.

109.**റവ. ഫാ. കൂനംപ്ലാക്കൽ ജാക്സൺ**: ആറ്റുപുറം വികാരി.

110.**റവ. ഫാ. വാഴപ്പിള്ളി ടോണി**: തയ്യൂർ വികാരി.

111. **റവ. ഫാ. അറങ്ങാശ്ശേരി സലീഷ്**: സരിതപുരം & വരവൂർ വികാരി.

112.**റവ. ഫാ. തട്ടിൽ ലിന്റോ**: വെള്ളറക്കാട് & മരത്തംകോട് വികാരി.

113.**റവ. ഫാ. കൊള്ളന്നൂർ റോയ്സൺ**: ദീപിക കോർഡിനേറ്റർ സഹായി, കപ്ലോൻ കൃപാതീർത്ഥം സി. എം. സി. കൂടി, താമസം ആർച്ച്ബിഷപ്പ് ഹൗസ്; ഒളരിക്കര സഹവികാരി ഒഴിവായി.

114.**റവ. ഫാ. പായിക്കാട്ട് സോബിൻ**: ഒളരിക്കര സഹവികാരി; മുക്കാട്ടുകര ഒഴിവായി.

115.**റവ. ഫാ. എടക്കളത്തൂർ സിൻസൺ**: മുക്കാട്ടുകര സഹവികാരികൂടി; മണ്ണുത്തി ഒഴിവായി.

116.**റവ. ഫാ. മുരിങ്ങാത്തേരി നവീൻ**: മണ്ണുത്തി സഹവികാരി, മെത്രാപ്പോലീത്തൻ കോടതി നോട്ടറി; ചിറ്റാട്ടുകര ഒഴിവായി.

117.**റവ. ഫാ. പൊന്തേക്കൻ ജോമോൻ**: ചിറ്റാട്ടുകര സഹവികാരി.

118.**റവ. ഫാ. പൊട്ടത്തുപറമ്പിൽ ഷിജോ ISch**: കോട്ടപ്പടി സഹവികാരി ഒഴിവായി.

119.**റവ. ഫാ. കോങ്ങാട്ട് മാത്യു ISch**: കോട്ടപ്പടി സഹവികാരി.

120.**റവ. ഫാ. മുരിങ്ങാത്തേരി സിജോ**: അസി. ഡയറക്ടർ ഡി. ബി. സി. എൽ. സി., ഡയറക്ടർ ചിൽഡ്രൻസ് മിനിസ്ട്രി, കപ്ലോൻ അസ്സീസി എഫ്. സി. സി.; സഹവികാരി കുരിയച്ചിറ ഒഴിവായി

121.**റവ. ഫാ. ചിരിയങ്കണ്ടത്ത് പ്രിൻസ്**: കുരിയച്ചിറ സഹവി

കാരി; വടക്കാഞ്ചേരി ഒഴിവായി.

122.**റവ. ഫാ. ചെറുവത്തൂർ ജോയ്സൻ**: വടക്കാഞ്ചേരി സഹവികാരി; ലൂർദ്ദ് കത്തീഡ്രൽ ഒഴിവായി.

123.**റവ. ഫാ. കൂത്തൂർ വെള്ളാട്ടുകര അനീഷ്**: ലൂർദ്ദ് കത്തീഡ്രൽ സഹവികാരി 2; വരന്തരപ്പിള്ളി പള്ളിക്കുന്ന് ഒഴിവായി.

124.**റവ. ഫാ. ചിറ്റിലപ്പിള്ളി ജോൺ:** വരന്തരപ്പിള്ളി പള്ളിക്കുന്ന് സഹവികാരി; പഴുവിൽ ഒഴിവായി.

125.**റവ. ഫാ. മാപ്രാണത്തുകാരൻ പ്രദീപ്**: പഴുവിൽ സഹവികാരി; ഒല്ലൂർ 1 ഒഴിവായി.

126. **റവ. ഫാ. എലുവത്തിങ്കൽ റോജോ**: പുത്തൻപീടിക സഹവികാരി; പാവറട്ടി 1 ഒഴിവായി.

127. **റവ. ഫാ. ചെരടായി ജിയോ:** പാവറട്ടി സഹവികാരി 1; തലോർ ഒഴിവായി.

128. **റവ. ഫാ. മാളോക്കാരൻ ജിക്സൺ**: മറ്റം സഹവികാരി; പുത്തൻപീടിക ഒഴിവായി.

129. **റവ. ഫാ. ചിരിയങ്കണ്ടത്ത് ജിയോ**: ഒല്ലൂർ സഹവികാരി 1; വേലൂർ ഒഴിവായി.

130. **റവ. ഫാ. പൊന്തേക്കൻ സിന്റോ**: വേലൂർ സഹവികാരി; പുതുക്കാട് ഒഴിവായി.

131. **റവ. ഫാ. കുറ്റിക്കാട്ട് ജിന്റോ:** പുതുക്കാട് സഹവികാരി; പാലയൂർ ഒഴിവായി.

132. **റവ. ഫാ. തേക്കാനത്ത് ജസ്റ്റിൻ**: പാലയൂർ സഹവികാരി; അരണാട്ടുകര ഒഴിവായി.

133. **റവ. ഫാ. ചക്കാലക്കൽ സീജൻ**: അരണാട്ടുകര സഹവികാരി; ചെങ്ങാലൂർ ഒഴിവായി.

134.**റവ. ഫാ. ഇമ്മട്ടി ജോമോൻ:** ചെങ്ങാലൂർ സഹവികാരി; ഒല്ലൂർ 2 ഒഴിവായി.

135.**റവ. ഫാ. ചിറമ്മൽ ക്രിസ്റ്റീൻ**: ഒല്ലൂർ സഹവികാരി 2; മുണ്ടൂർ ഒഴിവായി.

136.**റവ. ഫാ. ചിറ്റിലപ്പിള്ളി ഷെൽറ്റൺ**: മുണ്ടൂർ സഹവികാരി.

137.**റവ. ഫാ. ചിറ്റിലപ്പിള്ളി ഫിവിൻസ് IC**: പറപ്പൂർ സഹവികാരി.

138. **റവ. ഫാ. പൂഴിക്കുന്നേൽ ജസ്റ്റിൻ**: വേലൂപ്പാടം സഹവികാരി; പറപ്പൂർ ഒഴിവായി.

139.**റവ. ഫാ. ഓലപ്പുരയ്ക്കൽ റിഞ്ചോ**: തൃശ്ശൂർ ബസിലിക്ക സഹവികാരി 1; വേലൂപ്പാടം ഒഴിവായി.

140. **റവ. ഫാ. നീലങ്കാവിൽ ആൻസൺ**: ചേലക്കര സഹവികാരി; തൃശ്ശൂർ ബസിലിക്ക ഒഴിവായി.

141. **റവ. ഫാ. പുലിക്കോടൻ റെനാൾഡ്**: വെണ്ടോർ സഹവികാരി.

142. **റവ. ഫാ. തൈക്കാട്ടിൽ സഞ്ജയ്**: അസി. ഡയറക്ടർ എം. ഐ. ആശുപത്രി, നാട്ടിക സഹായി; എറവ് ഒഴിവായി.

143. **റവ. ഫാ. കൈപ്പുള്ളിപറമ്പൻ ബെന്നി**: എറവ് സഹവികാരി; പാവറട്ടി 2 ഒഴിവായി.

144.**റവ. ഫാ. മൂലക്കാട്ട് ജോൺസൻ CMI** : പാവറട്ടി സഹവികാരി 2.

145. **റവ. ഫാ. മുളന്തറവയലിൽ നോബി SDV** : കൊഴുക്കുള്ളി സഹായി; മരിയാപുരം ഒഴിവായി.

146. **റവ. ഫാ. വാഴപ്പിള്ളി ജിബി**: മരിയാപുരം സഹവികാരി; കൊട്ടേക്കാട് ഒഴിവായി.

147. **റവ. ഫാ. ഒലക്കേങ്കിൽ ഡൺസ്റ്റൺ**: കൊട്ടേക്കാട് സഹവികാരി; കല്ലൂർ കിഴക്ക് ഒഴിവായി.

148. **റവ. ഫാ. പുത്തൂർ സാജൻ ISch** : കല്ലൂർ കിഴക്ക് സഹവികാരി.

149. **റവ. ഫാ. പാത്രപാങ്കൽ മാത്യു MST** : ഒല്ലൂർ മേരിമാത സഹവികാരി.

150. **റവ. ഫാ. കൊള്ളന്നൂർ വിപിൻ SDV** : ഒല്ലൂർ മേരിമാത ഒഴിവായി.

151. **റവ. ഫാ. കല്ലറക്കൽ പ്രതീഷ്**: നടത്തറ സഹവികാരി, ഐ. ടി. സെൽ ജോ. സെക്രട്ടറി; മറ്റം ഒഴിവായി.

152. **റവ. ഫാ. തെക്കത്ത് ഫ്രാൻസോ**: തലോർ സഹവികാരി.

153. **റവ. ഫാ. അരിമ്പൂർ ജെറിൻ**: പേരാമംഗലം സഹവികാരി കൂടി; മരത്താക്കര ഒഴിവായി.

154. **റവ. ഫാ. റാത്തപ്പിള്ളി നിധിഷ് ജോണി CMI**: മരത്താക്കര സഹവികാരി.

155. **റവ. ഫാ. പാലത്തിങ്കൽ സെബാസ്റ്റ്യൻ CMI**: അമ്മാടം ഒഴിവായി.

156. **റവ. ഫാ. വാഴപ്പിള്ളി വിനോയ്**: അമ്മാടം സഹവികാരി.

157. **റവ. ഫാ. മാളിയമ്മാവ് പോൾ**: പുത്തൂർ സഹവികാരി, **PAROC** ഫീൽഡ് കോർഡിനേറ്റർ; നെല്ലിക്കുന്ന്, അസി. ഡയറക്ടർ സാന്ത്വനം ഒഴിവായി.

158. **റവ. ഫാ. മേനാച്ചേരി ആന്റണി**: നെല്ലിക്കുന്ന് സഹവികാരി; കണ്ടശ്ശാംകടവ് ഒഴിവായി.

159. **റവ. ഫാ. പുളിക്കൻ സിജു**: കണ്ടശ്ശാംകടവ് സഹവികാരി.

160. **റവ. ഫാ. വാഴപ്പിള്ളി ഫ്രജോ**: ലൂർദ്ദ് കത്തീഡ്രൽ സഹവികാരി 1 കൂടി; തിരൂർ ഒഴിവായി.

161. **റവ. ഫാ. ചൂണ്ടൽ ജെറിൻ ISch**: തിരൂർ ഒഴിവായി.

162. **റവ. ഫാ. നെറ്റിക്കാടൻ ഡേവിഡ്**: വെണ്ടോർ ഒഴിവായി; താമസം ആനിമേഷൻ സെന്റർ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

# HEALTH AND APOSTOLIC BLESSINGS TO

## Mar Tony Neelankavil - Protosyncellus
## Msgr. George Kombara - Syncellus
## Msgr. Thomas Kakkassery - Syncellus

In the light of the discussions in the Curia and the letter dated17th November 2017 (Prot. No. 3358/2017/S/ABP) , the Portfolios of the Protosyncellus (CCEO cc. 245-251) and Syncelli (CCEO cc. 246-251) are reorganized and arranged as follows :

### 1. MAR TONY NEELANKAVIL

**i) Protosyncellus** : Being endowed with ordinary vicarious power according to the norm of common law, he shall assist the eparchial bishop in governing the whole eparchy. He shall take initiative for the co-ordination and administration of the different organs of the Archeparchy.

**ii) Moderator of the Archeparchial Curia** (CCEO cc. 243-244): He shall coordinate the different activities of the Curia, especially Chancery, Metropolitan Tribunal, Finance Office and other offices and Councils connected with the Curia (c. 243). He shall see that, as far as possible, one of the three (Protosyncellus and Syncelli) is designated to be in charge of the Curia on every working day at office time (from 9.00 am to 12.30 pm).

**iii) Specific Charges** :

1. Parishes (including Foranes)
2. Religious and Other Institutes of Consecrated Life
3. Family Apostolate (Including *Kudumbakkoottaima*)
4. Seminaries and Seminary Formation
5. Media Apostolate (Catholica Sabha Monthly, IT Cell, PRO, Press, etc.)
6. St. Thomas College
7. Pastoral Animation and PAROC Research Institute.

8. Ecumenism and Dialogue
9. All other activities in the Archeparchy not specifically given to Syncelli.

**2. MSGR. GEORGE KOMBARA**

**i) Priests:** (including Personnel Board, Priests' Welfare Fund, Priests' Ongoing Formation, etc.)

ii) He shall assist the Protosyncellus for administration of parishes and faithful (with jurisdiction). You shall have also specific charges of the Shrines in general, specifically Palayur, Euphrasia Center and Perpetual Adoration Center at Dolours Basilica.

iii) He shall have specific charges of :

**a.** Associations (.Cf. Arche parchial Statutes, art. 114-134)

**b.** Presbyteral Council, Presby terium, Priests' Assembly Follow up

**3. MSGR. THOMAS KAKKASSERY**

i) He shall assist the Protosyncellus for administration of parishes and faithful (with jurisdiction).

ii) He shall have the specific charges of :

1. Faith Formation (Catechism, DBCLC and allied institutions)
2. Institutions (Except St. Thomas College) [Cf. Archeparchial Statutes, art. 103-112);
3. Education Apostolate (Schools, colleges, Technical Institutions, Medical Institutions, etc.)
4. Pastoral Centers, Retreat Centers and Evangelization Mission
5. Social Apostolate (Santhwa nam and allied institutions, hospitals and social institutions, etc.)
6. Finance Office and other financial matters, land, revenue activities, Bank, Tax, Finance Council, etc.
7. Legal Matters

You shall see that the Curia Members work as a team and that all important matters are discussed with the hierarch and the concerned bodies like Curia Meeting, College of Consulters, Finance Council, etc.

Given this from the Archeparchial Curia on 31 January 2018.

**ORDER NO : 148/2018**

Fr. Mathew Kuttikkottayil
Chancellor

**Mar Andrews Thazhath**
Archbishop of Trichur

## മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മാർച്ച് മാസത്തെ പരിപാടികൾ

# MARCH 2018

| Date | Day | Time | Description |
|---|---|---|---|
| 01 | Thu | Morning | Meeting of Forane Vicars |
| 02 | Fri | Morning | Curia Meeting, **For Priests and Religious** |
| | | Evening | College day and Principal Retirement at Vimala College, Finance meeting Pre-Assembly |
| 03 | Sat | | Pastoral Visit-Madakkathara |
| 04 | Sun | | Engaged |
| 05 | Mon | Evening | Curia Meeting, **For the People** |
| 06 | Tue | Morning | Presbytery Council |
| | | Afternoon | Convention Inaguration at Lourdes Cathedral |
| 07 | Wed | Evening | |
| 08 | Thu | Afternoon | Pious Associations Director's meet |
| | | Evening | Changaloor Convention |
| 09 | Fri | Morning | Curia meeting, Engaged |
| | | Evening | Convention at OCD House Manjumal |
| 10 | Sat | Morning | Pastoral Council Meet |
| | | Evening | 50th Anniversary of Kuriachira Pope John School, Buon Natale Meeting Meeting at Assisi Provincial's House |
| 11 | Sun | | Pastoral Visit - Thiroor Parish |
| 12 | Mon | Evening | JMMC Trust meeting |
| 13 | Tue | Morning | Curia Meeting |
| 14 | Wed | Evening | Palayoor Convention Concluding Ceremony |
| 15 | Thu | Morning | Consulters' meeting |
| | | Afternoon | Regent Directors' Meeting |
| | | Evening | LRC Meeting at Mt. St. Thomas Kakkanad |

| | | | |
|---|---|---|---|
| 16 | Fri | Morning | Holy Mass at Alagappanagar |
| | | | Curia Meeing |
| | | | **For Priests and Religious** |
| | | Afternoon | Corporate School Merit Day at DBCLC |
| | | Evening | Convention at Kallu West |
| 17 | Sat | Evening | Jyothi Engineering College 15th Anniversary Celebration |
| 18 | Sun | | Palayoor Pilgrimage |
| 19 | Mon | Evening | Avinissery |
| 20 | Tue | Morning | Curia Meeting |
| | | | **For the people** |
| 21 | Wed | Morning | Gurukulam,Thiruwillamala |
| 22 | Thu | Afternoon | Minor Orders |
| 23 | Fri | Morning | Curia meeting |
| 24 | Sat | | Engaged |
| 25 | Sun | Morning | Palm Sunday- Holy Mass at Lourdes Cathedral, World CLC Day Celebration at Nellikunnu |
| | | Evening | Convention at Mulloorkkara |
| 26 | Mon | Morning | Sanctification Day at Lourdes Cathedral |
| 27 | Tue | Morning | Curia Meeting |
| 28 | Wed | | |
| 29 | Thu | Morning | Maundy Thursday- Holy Mass at Lourdes Cathedral, Grace Home |
| 30 | Fri | Morning | Good Friday Ceremony at Basilica |
| | | Evening | Good Friday Procession from Basilica |
| 31 | Sat | | Easter Mass at Lourdes |

നിന്റെ എല്ലാ പ്രവൃത്തികളും
ദൈവവിചാരത്തോടെയാകട്ടെ; അവിടുന്ന്
നിനക്ക് വഴി തെളിച്ചുതരും. *സുഭാ. 3:6*

## മാർ ടോണി നീലങ്കാവിൽ പിതാവിന്റെ
## മാർച്ച് മാസത്തെ പരിപാടികൾ

# MARCH 2018

| Date | Day | Time | Description |
|---|---|---|---|
| 1 | Thu | Morning | Mass at Marymatha Major Seminary |
| | | | Forane Vicars' Meeting |
| | | Evening | Palayoor, School Anual Day |
| 2 | Fri | Morning | Curia Meeting |
| | | Evening | Vadanappilly School Anuual Day |
| | | | *Sampathikasamithiyogam* |
| | | | Archdiocesan Pre- Assembly |
| 3 | Sat | | |
| **4** | **Sun** | Morning | Pavaratty, Gathering of New Spouses |
| | | Afternoon | Lourdes, *Kudumbakottayma Meghala* Convention |
| | | Evening | Basilica, *Kudumbakottayma Meghala* Convention |
| 5 | Mon | Morning | Holy Mass at *ABBA* Reteat Centre |
| 6 | Tue | Morning | Curia Meeting |
| | | Afternoon | *Vaideekasamithiyogam* |
| 7 | Wed | Morning | Programme at Msgr. Mathew Mankuzhikary Spirituality Centre |
| 8 | Thu | Morning | Examination for Seminarians |
| | | Afternoon | *Vanitha Dinam* Inauguration |
| | | | *Samghatana* Directors' Meeting |
| 9 | Fri | Morning | Holy Mass at Amballur Marriage Preparation Course, Curia Meeting |
| | | Afternoon | Engaged |
| 10 | Sat | Morning | Pastor Council |
| | | Evening | 40 Hrs. Adoration at Kottamam |
| **11** | **Sun** | Morning | Holy Mass at Pathramangalam |
| | | | Elthurth 40 hours Conclusion |

| | | | |
|---|---|---|---|
| | | Afternoon | Kuriachira, Slum Service Inauguration |
| Evening | | | Pattikkad, *Nombukala Padayathra Samapanam,* Convention *Samapanam* at Lourdes |
| 12 | Mon | Morning | Engaged |
| Evening | | | Jubilee Mission Hospital Trust Meeting |
| 13 | Tue | Morning | Curia Meeting, Engaged |
| 14 | Wed | | Engaged |
| 15 | Thu | Morning | *Athiroopatha Alochanasamithiyogam* |
| | | Afternoon | Engaged |
| 16 | Fri | Morning | Curia Meeting, Mass at Kallur West |
| 17 | Sat | Morning | Mass at Minor Seminary |
| Evening | | | Mass at Nellankara *-Oottuthirunaal* |
| **18** | **Sun** | Morning | Palayoor *Padayathra* |
| 19 | Mon | Morning | Engaged, Mass at Thiruthiparambu-*Oottuthirunaal* |
| | | Evening | Mass at Pullazhi |
| 20 | Tue | Morning | Curia Meeting |
| 21 | Wed | Morning | Engaged |
| 22 | Thu | Morning | Engaged |
| | | Afternoon | Minor Orders and Diaconate Ordinations |
| 23 | Fri | Morning | Curia Meeting |
| 24 | Sat | | Engaged |
| **25** | **Sun** | Morning | Palm Sunday, Mass at Basilica, AKCC Blood Donation Camp at Mariapuram |
| | | Evening | *Sabha* Convention at *Surayi Palli Kizhakkekotta* |
| 26 | Mon | Morning | *Vaideeka Samarpitha Visudheekaranna Dinam* |
| 27 | Tue | Morning | Curia Meeting |
| 28 | Wed | | Engaged |
| 29 | Thu | Morning | Maundy Thursday, Mass at Basilica |
| 30 | Fri | Morning | Good Friday, Lourdes |
| 31 | Sat | | Easter Qurbana at Basilica |



# നാളാഗമം

## ജനുവരി 2018

01. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പുതുവർഷ ദിവ്യബലിക്ക് നടത്തറ ഇടവകയിൽ കാർമ്മികത്വം നൽകി. അഭിവന്ദ്യ ടോണി പിതാവ് തൃശ്ശൂർ സെന്റ് ആൻസ് ഇടവകയിൽ വർഷാരംഭ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകുകയും വി. ബലിയർപ്പിക്കുകയും ചെയ്തു. രാവിലെ ഇയ്യാൽ ഇടവക ദൈവാലയത്തിൽ തിരുനാൾ കുർബാനയർപ്പിച്ചു. വൈകിട്ട് ചിയ്യാരം സേവനാലയം ഇടവകയിൽ പുതുക്കി പണിത ഹാൾ വെഞ്ചരിച്ചു. തുടർന്ന് മാപ്രാണം ഇടവകയിലെ മതബോധനദിനവും തിരുപ്പട്ട സ്വീകരണ അനുമോദനയോഗവും ഉദ്ഘാടനം ചെയ്തു.

02. അഭിവന്ദ്യ താഴത്ത് പിതാവ് നന്തിപുലം നോർത്ത് ഇടവകയിൽ ഡീ. ടിനു നെടുമ്പാക്കാരൻ വി. സി. യുടെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് ആർച്ച്ബിഷപ്സ് ഹൗസിൽ നടന്ന ഓട്ടോണമസ് കോളേജുകളുടെ മാനേജ്മെന്റിന്റെ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വൈകിട്ട് അഭിവന്ദ്യ തട്ടിൽ പിതാവിന് യാത്രയയപ്പ് നൽകി.

അഭിവന്ദ്യ ടോണി പിതാവ് വൈകിട്ട് നന്തിപുലം നോർത്ത് ഇടവകയിൽ ഇടവകദിന ത്തിലും നവവൈദികനെ അനു മോദിക്കുന്ന യോഗത്തിലും പങ്കെടുത്തു.

03. അഭിവന്ദ്യ താഴത്ത് പിതാവ് അതിരൂപതാ കാര്യാലയത്തിലെ സ്റ്റാഫിന്റെ ഉല്ലാസയാത്രയിൽ പങ്കുചേർന്നു. അഭിവന്ദ്യ ടോണി പിതാവ് മുണ്ടൂർ മഠാംഗമായ സി. പ്രോക്കുള എഫ്. സി. സി.യുടെ മൃതസംസ്കാരശുശ്രൂ ഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് കല്ലൂർ കിഴക്ക് ഇടവക തിരുനാൾ കൊടികയറ്റം നിർവഹിച്ച് വി. ബലിയർപ്പിച്ചു. ഷോപ്പിംഗ് കോംപ്ലക്സിന്റെ ആശീർവാദ കർമ്മവും നിർവഹിച്ചു.

04. അഭിവന്ദ്യ താഴത്ത് പിതാവ് കരുമത്ര ഇടവകയിൽ വച്ച് എസ്. എൽ. എം. ഐ. സന്യാ സിനീസമൂഹത്തിലെ അർത്ഥി നികൾക്ക് സന്യാസവസ്ത്രം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പഴയന്നൂർ ഇട വകയിൽ ഗ്രോട്ടോ വെഞ്ചരിച്ചു. മായന്നൂർ സെന്റ് തോമസ് സ്കൂൾ വാർഷികത്തിലും റിട്ട യർമെന്റ് പ്രോഗ്രാമിലും പങ്കെ ടുത്തു. വൈകിട്ട് കൊക്കാല സെന്റ് അഗസ്റ്റിൻ സ്കൂളിന്റെ വാർഷികാഘോഷങ്ങളിൽ പങ്കെടുത്തു.

05. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പൊങ്ങണംകാട് പള്ളി മതബോധനഹാളിന്റെ ആശീർവാദകർമ്മം നിർവഹി ച്ചു. ഉച്ചക്ക് മണ്ണുത്തി സി. എച്ച്. എഫ്. ജനറലേറ്റ് ഭവനത്തിന്റെ ജൂബിലി ബ്ലോക്ക് ആശീർവാദ കർമ്മവും നിർവഹിച്ചു. വൈകിട്ട് ജൂബിലി മിഷൻ ആശുപത്രി ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ വിവാഹ ഒരുക്ക കോഴ്സ് കൂടുന്നവർക്കായി ആനിമേഷൻ സെന്ററിൽ വി. ബലിയർപ്പിച്ചു. വേലൂപ്പാടം, വര ന്തരപ്പിള്ളി സ്കൂൾ വാർഷിക ങ്ങളിൽ പങ്കെടുത്തു. വൈകിട്ട് എറവ് ഇടവകയിൽ വി. ബലി യർപ്പിച്ചു. സാമ്പത്തികസമിതി യോഗത്തിൽ പങ്കെടുത്തു.

06. അഭിവന്ദ്യ താഴത്ത് പിതാവ് ഏങ്ങണ്ടിയൂർ പള്ളിയിൽ അഞ്ചാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. ദനഹാതി രുനാളിനോടനുബന്ധിച്ച് തിരി തെളിയിക്കൽ കർമ്മം നടത്തി. വൈകിട്ട് ബഹു. ആന്റണി അമ്മുത്തൻ അച്ചന്റെ പിതാ വിന്റെ മൃതസംസ്കാര ശുശ്രൂ ഷകളിൽ അഭിവന്ദ്യപിതാക്ക ന്മാർ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് എം. എസ്. ടി. സന്യാസസഭാംഗങ്ങളുടെ ജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്തു. അസംബ്ലി

കോർഡിനേഷൻ കമ്മറ്റി യോഗ ത്തിൽ പങ്കെടുത്തു.

07. അഭിവന്ദ്യപിതാക്കന്മാർ മാർ റാഫേൽ തട്ടിൽ പിതാവിന്റെ ഷംഷാബാദ് രൂപതാ മെത്രാനായുള്ള സ്ഥാനാരോഹണ ചടങ്ങിൽ പങ്കെടുത്തു.

08–13. അഭിവന്ദ്യ പിതാക്കന്മാർ സീറോ മലബാർ മെത്രാന്മാരുടെ സിനഡ് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പങ്കെടുത്തു.

14. അഭിവന്ദ്യ താഴത്ത് പിതാവ് കത്തോലിക്കാ കാൽഡിയൻ പാത്രിയാർക്കീസ് മാർ ലൂവീസ് റാഫേൽ സാക്കോ, ആർച്ച്ബിഷപ് മാർ യൂസിഫ് തോമസ്, മാർ ഹബിബ് ജോഷ്വാ, മാർ ബാസൽ യാൽദോ എന്നിവർക്ക് ആർച്ച്ബിഷപ്സ് ഹൗസിലും തൃശ്ശൂർ ബസിലിക്കയിലും പാലയൂരിലും സ്വീകരണം നൽകി. വൈകിട്ട് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ കൽദായ ആരാധനക്രമമനുസരിച്ച് വി. ബലി പാത്രിയാർക്കീസ് അർപ്പിച്ചു. വൈകിട്ട് ഡി. ബി. സി. എൽ. സി. യിൽ സ്നേഹവിരുന്നും സൗഹൃദസമ്മേളനവും നടത്തി. അഭിവന്ദ്യ ടോണി പിതാവ് മുല്ലക്കര ഇടവകയിൽ വി. ബലിയർപ്പിച്ചു. കൽദായ പാത്രിയാർക്കീസിന്റെ പാലയൂർ സന്ദർശനത്തിലും വൈകിട്ട് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ അർപ്പിക്കപ്പെട്ട കൃതജ്ഞതാബലിയിലും സ്വീകരണ ചടങ്ങുകളിലും പങ്കെടുത്തു.

15. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അതിരൂപതക്കുവേണ്ടി തിരുപട്ടം സ്വീകരിച്ച രൂപതാ വൈദികരുടെ തുടർപരിശീലന പരിപാടിയിൽ പങ്കെടുത്തു. വൈകിട്ട് പാറന്നൂർ ഇടവകയിൽ അഞ്ചാമത്തെ കുഞ്ഞിന്റെ മാമ്മോദീസക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ജൂബിലി മിഷൻ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കോടന്നൂർ ഇടവകയിൽ അഞ്ചാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. കടങ്ങോട് തിരുനാൾ ദിവ്യബലിക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

16. അഭിവന്ദ്യ താഴത്ത് പിതാവ് വൈദികരുടെ ലിവ് & ലേൺ പരിപാടിയോടനുബന്ധിച്ച് വൈദികർക്കായി വി. ബലിയർപ്പിച്ചു. വൈകിട്ട് അതിരൂപതാ അസംബ്ലിയുടെ ഒരുക്കയോഗത്തിൽ പങ്കെടുത്തു. വൈകിട്ട് ഫാമിലി അപ്പസ്തോലേറ്റിൽ നവവൈദികർക്കൊപ്പം അത്താഴം കഴിച്ചതിനുശേഷം കോട്ടയം വടവാതൂർ സെമിനാരിയിലേക്കു പോയി. അഭിവന്ദ്യ ടോണി പിതാവ് നവവൈദി

കർക്കുവേണ്ടി ക്ലാസ്സെടുത്തു. ഉച്ചകഴിഞ്ഞ് സെന്റ് ക്ലെയേഴ്സ് സ്കൂൾ വാർഷികത്തിൽ അധ്യക്ഷത വഹിച്ചു. വൈകിട്ട് അസംബ്ലി ഒരുക്കകമ്മറ്റിയിൽ പങ്കെടുത്തു.

17. അഭിവന്ദ്യ താഴത്ത് പിതാവ് വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് ഇന്റർചർച്ച് കൗൺസിൽ യോഗത്തിൽ പങ്കെടുത്തു. ശേഷം ദിവംഗതനായ ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് തിരുമേനിക്കുവേണ്ടി തിരുവല്ല കത്തീഡ്രലിൽ പ്രാർത്ഥനകൾ അർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് ഡി. ബി. സി. എൽ. സി. യിൽ നവവൈദികർക്കുവേണ്ടി വി. ബലിയർപ്പിച്ചു. സെന്റ് തോമസ് തോപ്പ് ഹയർസെക്കന്ററി സ്കൂൾ വാർഷികത്തിൽ പങ്കെടുത്തു. ഡി. ബി. സി. എൽ. സി. യിൽ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ നടത്തിയ ക്യാൻസർ മുൻകരുതലിനെ കുറിച്ചുള്ള സെമിനാർ ഉദ്ഘാടനം ചെയ്തു. വൈകിട്ട് അസംബ്ലി ഒരുക്ക മീറ്റിംഗ് കൂടി. പൊങ്ങണംകാട് സെന്റ് എലിസബത്ത് സി. ബി. എസ്. ഇ. സ്കൂൾ വാർഷികം ഉദ്ഘാടനം ചെയ്തു.

18. അഭിവന്ദ്യ താഴത്ത് പിതാവ് കോനിക്കര ഇടവകയിൽ അഞ്ചാമത്തെ കുഞ്ഞിന്റെ മാമ്മോദീസക്ക് മുഖ്യകാർമ്മികനായി. വൈകിട്ട് മണ്ണുത്തി എസ്. ഡി. വി. കോൺവെന്റിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് തിരുവില്ലാമല സെന്റ് പോൾ ഗുരുകുലത്തിൽ വി. ബലിയർപ്പിച്ച് അർത്ഥികളെ കണ്ടു. മുള്ളൂർക്കര ഇടവക ദൈവാലയത്തിൽ തിരുനാൾ വി. ബലിയർപ്പിച്ചു. വൈകിട്ട് വിജയപുരം ഇടവകയിൽ വി. ബലിയർപ്പിച്ചു.

19. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ നവജ്യോതി കോൺവെന്റിൽ പ്രോവിൻസ് ചാപ്റ്ററിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് ഒല്ലൂർ ഹോളി ഏയ്ഞ്ചൽസ് വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. വൈകിട്ട് ആർത്താറ്റ് ഹോളി ക്രോസ് സി. ബി. എസ്. ഇ. സ്കൂൾ വാർഷികത്തിൽ അധ്യക്ഷത വഹിച്ചു.

20. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ എഫ്. സി. സി. സിസ്റ്റേഴ്സിന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് ഗുരുവായൂർ എൽ. എഫ്. കോളേജിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് മരിയാപുരത്ത് ബ്രദർ അൽഫോൻസ് എം. എം. ബി. യുടെ മൃതസം

സ്കാരശുശ്രൂഷകളിൽ മുഖ്യ കാർമ്മികനായി. ശേഷം പാല യൂർ തീർത്ഥാടനത്തിന്റെ കമ്മറ്റി രൂപീകരണത്തിൽ അധ്യക്ഷത വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് വാക ഇടവക യിൽ തിരുനാൾ കൂടുതുറക്കൽ ചടങ്ങിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് ജൂബിലി മിഷൻ നേഴ്സിംഗ് കോളേജിൽ Lamp lighting ചടങ്ങ് ഉദ്ഘാ ടനം ചെയ്തു. കുരിയച്ചിറ സെന്റ് പോൾ സ്കൂളിൽ പുതു തായി സ്ഥാപിച്ച് സോളാർ യൂണിറ്റ് ഉദ്ഘാടനം ചെയ്തു.

21. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പറവട്ടാനി പള്ളിയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് മാന്ദാമംഗലം, ചേരുംകുഴി, വല ക്കാവ് എന്നീ പള്ളികൾ സന്ദർശിച്ചു. രാവിലെ 10 മണിക്ക് ചേരുംകുഴി കെ. സി. വൈ. എം. ന്റെ നേതൃത്വത്തിൽ ദിവംഗതനായ ബഹു. മോൺ. തോമസ് തലച്ചിറ അച്ചന്റെ അനുസ്മരണയോഗത്തിൽ പങ്കെടുത്തു. വൈകിട്ട് ഒല്ലൂർ ഫൊറോന പള്ളിയുടെ ഇടവക ദിനാഘോഷത്തിലും ബഹു. സെബാസ്റ്റ്യൻ പെരുട്ടിൽ അച്ചന്റെ സുവർണ്ണജൂബിലി യിലും പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് അയ്യന്തോൾ ഇടവകയിൽ തിരുനാൾ കൊടി കയറ്റ ചടങ്ങിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. പുത്തൂർ ഇട വകയിൽ തിരുനാൾ കുർബാനയർപ്പിച്ചു. എളനാട് ഇടവകയിൽ ഇടവകദിന പരി പാടികൾ ഉദ്ഘാടനം ചെയ്തു. മുളയം എക്യുമെനിക്കൽ മീറ്റിം ഗിൽ പങ്കെടുത്തു.

22. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് മരത്താക്കരയിൽ പുതിയ പ്രേഷിതാരാം കോൺവെന്റ് ഉദ്ഘാടനവും വെഞ്ചരിപ്പും നിർവഹിച്ചു. തുടർന്ന് ആർച്ച്ബിഷപ്സ് ഹൗസിൽ വച്ച് കാത്തലിക് കോൺഗ്രസ്സിന്റെ നേതൃത്വ ത്തിൽ നടന്ന മുതിർന്ന അത്മാ യനേതാക്കളെ ആദരിക്കുന്ന ചടങ്ങിലും പങ്കെടുത്തു. പ്രസ്തുത സമ്മേളനത്തിൽ അഭിവന്ദ്യ ഫ്രാങ്കോ മുളക്കൽ പിതാവും അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവും വേദി പങ്കിട്ടു. ശേഷം കാത്തലിക് കോൺഗ്രസ്സിന്റെ ശതാബ്ദി സമ്മേളനസ്വാഗതസംഘം ഓഫീസിന്റെ ഉദ്ഘാടനവും നിർവഹിച്ചു. ബോൺ നത്താ ലെയോടനുബന്ധിച്ച് നിർമ്മിച്ചു നൽകുന്ന വീടിന്റെ താക്കോൽദാനവും ഷംഷാ ബാദ് രൂപതക്കുള്ള സംഭാവ നയും പുത്തൂർ ഫൊറോന പള്ളി തിരുനാളിനോടനുബ ന്ധിച്ച് കൈമാറി. അഭിവന്ദ്യ ടോണി പിതാവ് മേരിമാത

മേജർ സെമിനാരി എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു. ആളൂർ ഇടവകയിൽ സിൽവർ ജൂബിലി ആരംഭ ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

23. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ നെസ്റ്റിൽ വി. ബലിയർപ്പിച്ച് പുതിയ ഹാളിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. വൈകിട്ട് കാൽവരി ആശ്രമത്തിൽ വൈദികവിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു. അഭിവന്ദ്യ ടോണി പിതാവ് സെന്റ് തോമസ് കോളേജിൽ കോളേജ് ഡേ ഉദ്ഘാടനം ചെയ്തു. വൈലത്തൂർ കോൺവെന്റ് സ്കൂളിലെ റിട്ടയർമെന്റ് പരിപാടികളിൽ പങ്കെടുത്തു.

24. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചക്ക് മേരിമാത മേജർ സെമിനാരിയിൽ നടന്ന ഫോർമേറ്റേഴ്സ് മീറ്റിൽ പങ്കെടുത്തു. വൈകിട്ട് കല്ലൂർ പടിഞ്ഞാറ് ഇടവകയിൽ കപ്പേളയുടെ വെഞ്ചരിപ്പും പാവങ്ങൾക്കുള്ള സഹായവിതരണവും നടത്തി. അഭിവന്ദ്യ ടോണി പിതാവ് ചേറൂർ സെന്റ് ജോസഫ്സ് സ്പെഷൽ സ്കൂളിലും കുറ്റൂർ സെന്റ് ആൻസ് ഐ. സി. എസ്. ഇ. സ്കൂളിലും വാർഷികങ്ങൾ ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ സി. എസ്. എസ്. സെന്റ് പോൾ (ലേഡി സെന്റർ) കോൺവെന്റിന്റെ സുവർണ്ണ ജൂബിലിയാഘോഷങ്ങളോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

25. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മുണ്ടൂർ ഇടവകയിൽ അഞ്ചാമത്തെ കുഞ്ഞിന്റെ മാമ്മോദീസക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. പള്ളി നിർമ്മാണവുമായി ബന്ധപ്പെട്ട് പാവങ്ങൾക്ക് പണിതു കൊടുക്കുന്ന വീടിന്റെ ശിലാസ്ഥാപനം നിർവഹിച്ചു. തുടർന്ന് ആലോചനസമിതി യോഗത്തിൽ പങ്കെടുത്തു. ശേഷം വരന്തരപ്പിള്ളി - പള്ളിക്കുന്ന് ഇടവകയിൽ ബഹു. റാഫേൽ താണിശ്ശേരി അച്ചന്റെ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷകളിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് അതിരൂപത ആലോചനസമിതിയോഗത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് തിരൂർ സെന്റ് തോമസ് സ്കൂൾ വാർഷികാഘോഷങ്ങളിൽ പങ്കെടുത്തു. തിരുത്തിപറമ്പ് ഓക്സിലിയം ദിവ്യജ്യോതി സ്കൂൾ വാർഷികാഘോഷങ്ങളിൽ പങ്കെടുത്തു.

26. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് റിപ്പബ്ലിക് ദിനാഘോഷപരിപാടികളിൽ പങ്കെടുത്തു.

രാവിലെ 9 മണിക്ക് കൊട്ടേക്കാട് ഫാത്തിമനാഥ നിധിയുടെ ഉദ്ഘാടനം നിർവഹിച്ചു. 11 മണിക്ക് അരണാട്ടുകരയിൽ ആരംഭിച്ച അഭയം ശാന്തിഭവൻ പാലിയേറ്റീവ് കെയർ യൂണിറ്റ് ഉദ്ഘാടനം ചെയ്തു. ഉച്ചക്ക് ജൂബിലി മിഷൻ ആശുപത്രിയിൽ Accredited Paramedical Certificate വിതരണം ചെയ്തു. ഡി. ബി. സി. എൽ. സി. യിൽ കഴിഞ്ഞ മതബോധനവർഷത്തിന്റെ സമ്മാനവിതരണം നടത്തി. വൈകിട്ട് പറപ്പൂർ നവതി സ്മാരക കെട്ടിടം (St. John's HSS) ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് കൂനംമൂച്ചിയിൽ തിരുനാൾ കുർബാനയർപ്പിച്ചു. ഡി. ബി. സി. എൽ. സി. യിൽ മതബോധനസർവ്വീസ് അവാർഡ് ദാനചടങ്ങിൽ പങ്കെടുത്തു. തൃക്കൂർ ഇടവകയിൽ പണിതീർത്ത കപ്പേള ആശീർവദിച്ചു.

27. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പടവരാട് ഇടവകയിൽ 5–ാമത്തെ കുഞ്ഞിന്റെ മാമ്മോദീസക്കു മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് ഡി. ബി. സി. എൽ. സി. യിൽ നടന്ന അതിരൂപത സന്യസ്തജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. വൈകിട്ട് പടിഞ്ഞാറേ കോട്ടയിലെ സെന്റ് ആൻസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ വാർഷികത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പുലക്കാട്ടുകര ഇടവകയിൽ വി. ബലിയർപ്പിച്ചു. ഭരത ഇടവകതിരുനാളിനോടനുബന്ധിച്ച് പ്രസുദേന്തി വാഴ്ചക്കു മുഖ്യകാർമ്മികത്വം വഹിച്ചു. ഡി. ബി. സി. എൽ. സി. യിൽ ചിൽഡ്രൻസ് മിനിസ്ട്രി സമ്മാനദാനം നിർവ്വഹിച്ചു. മമ്മിയൂർ എൽ. എഫ്. കോളേജിൽ കോളേജ് ഡേ ഉദ്ഘാടനം ചെയ്തു. അഞ്ഞൂർ ഇടവകയിൽ ഇടവകദിനാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു.

28. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വി. കുർബാനക്കുശേഷം അഞ്ചേരി സൗത്ത് പള്ളിയിലെ വൈദികമന്ദിരം ഉദ്ഘാടനം നടത്തി. തുടർന്ന് ചെമ്പുക്കാവ് ഇടവക പ്രഖ്യാപനം വി. കുർബാനയോടുകൂടെ നടത്തി. വൈകിട്ട് കൂനംമൂച്ചി യു. പി. സ്കൂൾ സെന്റിനറി ആഘോഷത്തിൽ പങ്കെടുത്തു. തുടർന്ന് കുണ്ടുകാട് ഇടവകയുടെ അമ്പതാം വാർഷികാഘോഷങ്ങളോടനുബന്ധിച്ചുള്ള സമ്മേളനം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് മാള ഇടവക ദൈവാലയത്തിൽ തിരുനാൾ കുർബാനയർപ്പിച്ചു. കുണ്ടുക്കാട് ഇടവക സുവർണ്ണജൂബിലി വി. ബലി

യർപ്പിച്ചു. പുറനാട്ടുകര ഇടവക ദിനം ഉദ്ഘാടനം നിർവഹിച്ചു.

29. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് 5 മണിക്ക് മുളയം നിർമ്മലദാസി കോൺവെന്റിലെ പുതിയ കെട്ടിടത്തിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. തുടർന്ന് മുല്ലക്കര ഇടവകയിലെ സഭൈക്യ പ്രാർത്ഥനയിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് പീച്ചി ഇടവക ദൈവാലയത്തിൽ ബഹു. മഞ്ഞളിയച്ചന്റെ അനുസ്മരണ ദിവ്യബലിയർപ്പിച്ചു. ഒല്ലൂർ സെന്റ് വിൻസെന്റ് ഡി പോൾ ആശുപത്രിയിൽ Lamp lighting ചടങ്ങിൽ അധ്യക്ഷത വഹിച്ചു. വൈകിട്ട് തൃപ്പൂണിത്തുറ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു.

30. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് ഗുരുവായൂർ കൺവെൻഷൻ ഉദ്ഘാടനവും പള്ളിയുടെ ഹാൾ വെഞ്ചരിപ്പും നിർവഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് സെന്റ് ആൻസ് സ്കൂൾ വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

31. അഭിവന്ദ്യ പിതാക്കന്മാർ ഡി. ബി. സി. എൽ. സി. യിൽ വൈദികരുടെ പൊതുസ്ഥലമാറ്റത്തോടനുബന്ധിച്ചുള്ള വൈദികസമ്മേളനത്തിൽ പങ്കെടുത്ത് നവവൈദികർക്ക് സ്വാഗതവും വിരമിക്കുന്ന വൈദികർക്ക് ആദരവും അറിയിച്ചു. അഭിവന്ദ്യ ടോണി പിതാവ് ഒല്ലൂർ സെന്റ് റാഫേൽ എൽ. പി. സ്കൂളിന്റെ വാർഷികാഘോഷങ്ങളിൽ അധ്യക്ഷത വഹിച്ചു. വൈകിട്ട് അഭിവന്ദ്യപിതാക്കന്മാർ സി. ബി. സി. ഐ. യോഗത്തിനായി ബാംഗ്ലൂരിലേക്ക് പോയി.

> വിദൂരത്തിൽനിന്ന് കർത്താവ് അവന് പ്രത്യക്ഷനായി അരുൾച്ചെയ്തു: "എനിക്ക് നിന്നോടുള്ള സ്നേഹം അനന്തമാണ്. നിന്നോടുള്ള വിശ്വസ്തത അചഞ്ചലവും."
>
> *ജെറമിയാ 31:3*





## നാമകരണനടപടികൾ

**ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ**

### രണ്ടാം ശനി ആചരണം

സി.എസ്.സി. ഡി പോൾ പ്രവിശ്യാംഗങ്ങൾ ആരാധനയ്ക്ക് നേതൃത്വം നൽകി. റവ.ഫാ.സിന്റോ സി. എം. ഐ. വചനസന്ദേശവും റവ. സി. റിൻസി പളളിപ്പാട്ട് സി.എസ്.സി 'അനുരഞ്ജനത്തിന്റെ പ്രേഷിതൻ' എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണവും നൽകി. ഒരു പുരോഹിതൻ രക്ഷയിലേക്ക് നയിക്കേണ്ടവനാണ് എന്ന ബോധ്യത്തോടെ തന്റെ ദൗത്യം നിർവഹിച്ച ഊക്കനച്ചൻ മനുഷ്യഹൃദയങ്ങളെ ഒരുമിപ്പിക്കുന്ന അനുരഞ്ജനത്തിന്റെ പ്രേഷിതനായിരുന്നു. മുറിവേറ്റ ഈലോകത്ത് സൗഖ്യസ്പർശമാകാനാണ് തന്റെ വിളിയെന്ന് തിരിച്ചറിഞ്ഞ അച്ചൻ ജനത്തെ പാപവഴികളിൽ നിന്ന് അനുരഞ്ജനത്തിലേക്ക് കൊണ്ടുവരാൻ പ്രയത്നിച്ചു. പരിശുദ്ധാത്മാവിൽ റേഞ്ചുള്ള വ്യക്തിയായിരുന്നു ഊക്കനച്ചൻ എന്ന് ഓർമ്മപ്പെടുത്തി ബ.സിസ്റ്റർ ക്ലാസ്സ് അവസാനിപ്പിച്ചു. അനുസ്മരണബലി കബറിടത്തിൽ ഒപ്പീസ്, മദ്ധ്യസ്ഥ പ്രാർത്ഥന, നേർച്ച, ഊട്ട്, വെഞ്ചരിപ്പ് എന്നിവക്ക് കാർമ്മികത്വം വഹിച്ചത് റവ.ഫാ.സിന്റോ സി എം ഐ ആയിരുന്നു. ദിവ്യകാരുണ്യത്തിനും വി.കുർബാനയ്ക്കും പ്രാധാന്യം കൊടുത്ത ഊക്കനച്ചൻ കൊടുക്കലിന്റെ ജീവിതം മാത്രം കാഴ്ചവച്ചു. നമ്മുടെയും ജീവിതം വി.കുർബാനയെ ചുറ്റിപ്പറ്റിയതായിരിക്കണം. ദൈവം നൽകിയ നന്മകൾക്ക് പകരമായി ചുറ്റുമുള്ളവർക്ക് കൊടുത്ത് കൊടുത്ത് നമുക്കും ചെറുതാകാം. നാം ചെറുതാകുമ്പോൾ ദൈവം നമ്മിൽ വലുതാകും, എന്ന മനോഭാവം സ്വീകരിച്ച് നമുക്ക് ജീവിക്കാം ദൈവദാസന്റെ മാദ്ധ്യസ്ഥ്യം തേടാം.





## നാമകരണനടപടികൾ

**ദൈവദാസൻ ആന്റണി തച്ചുപറമ്പിൽ**

ഫെബ്രുവരി മാസത്തിലെ മാസാദ്യ വെള്ളിയാഴ്ചയിലെ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നല്കിയത് ചേലക്കര ഫൊറോന പള്ളി വികാരി റവ. ഫാ. റാഫേൽ താണിശ്ശേരിയാണ്. അന്നേദിവസം വചനപ്രഘോഷണം നടത്തിയത് കുരിയച്ചിറ സ്വദേശി ഔസേപ്പ് എലുവത്തിങ്കൽ ആണ്.

ദൈവത്തെ മറന്ന് തന്നിൽത്തന്നെ ആശ്രയിക്കുന്നവൻ മരുഭൂമിയിലെ കുറ്റിച്ചെടിപോലെയാണെന്ന് അദ്ദേഹം എല്ലാവരേയും ഓർമ്മിപ്പിച്ചു.

ഹൃദയശുദ്ധിയോടെ വർത്തിക്കുന്നവർക്ക് ദൈവം സമീപസ്ഥനാണെന്നും ദൈവാനുഗ്രഹം സ്വന്തമാക്കാൻ കഴിയുമെന്നും റാഫേൽ അച്ചൻ വചനവ്യാഖ്യാനത്തിൽ പറഞ്ഞു. ആരാധനയും രോഗശാന്തി ശുശ്രൂഷയും കുട്ടികൾക്കായി പ്രത്യേക പ്രാർത്ഥനയും ഉണ്ടായിരുന്നു. തിരുക്കർമ്മങ്ങളിലും ഊട്ടുനേർച്ചയിലും ധാരാളം പേർ പങ്കെടുത്ത് ദൈവാനുഗ്രഹം നേടി.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

# സാമ്പത്തിക കാര്യാലയം



**സി.എ. ഓഡിറ്റ്**

2017–2018 വർഷം മുതൽ കണക്കുകൾ ആർച്ച് ബിഷപ്പ്സ് ഹൗസിൽ വെച്ച് സി.എ ഓഡിറ്റ് നടത്തുന്നില്ല എന്നാണ് തീരുമാനിച്ചിരിക്കുന്നത് . അതുകൊണ്ട് ഇടവകകൾ കണക്കുകൾ ഓഡിറ്റ് ചെയ്യുവാനുള്ള ഓഡിറ്റർമാരെ നിശ്ചയിക്കാവുന്നതും അവരെ കൊണ്ട് കണക്കുകൾ ഓഡിറ്റ് ചെയ്യേണ്ടതുമാണ്.

**തെരട്ട് ഫോറം**

ഈ വർഷത്തെ തെരട്ട് ഫോറം ഇടവകകൾക്ക് മാർച്ച് മാസം അവസാനം വിതരണം ചെയ്യുന്നതായിരിക്കും

ഇടവകകളിലെ Bank Account ഉള്ള എല്ലാ സംഘടനകളുടെയും വാർഷിക കണക്കുകൾ (Trial Balance as on 31/3/18) എഴുതിവാങ്ങിക്കേണ്ടതും ഇടവകയുടെ ഓഡിറ്റ് ചെയ്യുന്ന ഓഡിറ്റർക്ക് കൊടുക്കേണ്ടതും ഇവകൂടി ഇടവകകളുടെ ബാലൻസ് ഷീറ്റിൽ Consolidated ചെയ്യേണ്ടതുമാണ്

**അതിരൂപത സഹായ ഫണ്ട് (31/12/2017)**

| | |
|---|---|
| 1. വിവാഹ സഹായം | 81000 |

**അതിരൂപത സഹായ ഫണ്ട്**

| | | | |
|---|---|---|---|
| 1 .ഭവന നിർമ്മാണം | 2000 | 2. ചികിത്സ | 49000 |
| 3..വിവാഹ സഹായം | 118000 | | |

**ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

| | | | |
|---|---|---|---|
| 1. ചികിത്സ | 500 | 2. വിവാഹ സഹായം | 10000 |

**മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

| | | | |
|---|---|---|---|
| 1. തണ്ടിലം | 5000 | 2 .പെരുവല്ലൂർ | 5000 |
| 3. നിർമ്മലപുരം | 5000 | 4. തങ്ങാലൂർ (നിത്യസഹായമാത) | 5000 |
| 5. ചൊവ്വൂർ | 5000 | | |

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ

**ഫാ. ഡിറ്റോ കൂള**
അസി.ഫൈനാൻസ് ഓഫീസർ

ഉത്കണ്ഠ മൂലം ആയുസ്സിന്റെ ദൈർഘ്യം
ഒരുമുഴമെങ്കിലും കൂട്ടാൻ
നിങ്ങളിലാർക്കെങ്കിലും സാധിക്കുമോ?
*മത്തായി 6: 27*




## ■ വൈദികർ

### ജന്മദിനങ്ങൾ – മാർച്ച്

| | |
|---|---|
| ഫാ. ഷിന്റോ പാറയിൽ | 01 |
| ഫാ. ജെയിംസ് വടക്കൂട്ട് | 01 |
| ഫാ. വിൻസെന്റ് കണിമംഗലത്തുക്കാരൻ | 02 |
| ഫാ. ഡേവിസ് പനംകുളം | 03 |
| ഫാ. ഷാജൻ ചീരമ്പൻ | 03 |
| ഫാ. വർഗ്ഗീസ് കാഞ്ഞിരത്തിങ്കൽ | 03 |
| ഫാ. അഗസ്റ്റിൻ മംഗലം | 03 |
| ഫാ. സെബാസ്റ്റ്യൻ ചാലക്കൽ | 05 |
| ഫാ. റോയ് മൂക്കൻ | 06 |
| ഫാ. ഡെന്നി താണിക്കൽ | 07 |
| ഫാ. ബിനു പറോക്കാരൻ | 07 |
| ഫാ. ടിജോ മുള്ളക്കര | 07 |
| ഫാ. റാഫി തട്ടിൽ | 07 |
| ഫാ. ഡേവിസ് ചെറയത്ത് | 08 |
| ഫാ. ബാബു പാണാട്ടുപറമ്പിൽ | 08 |
| ഫാ. സെബാസ്റ്റ്യൻ അറക്കൽ | 09 |
| ഫാ. പോൾ പയ്യപ്പിള്ളി | 09 |
| ഫാ. ദേവസ്സി പന്തല്ലൂക്കാരൻ | 10 |
| ഫാ. സിജോ അരിക്കാട്ട് | 10 |
| ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ | 13 |
| ഫാ. ഡെന്നിസ് മാറോക്കി | 13 |
| ഫാ. ജോബി ചുള്ളിക്കാടൻ | 14 |
| ഫാ. ഫിജോ ആലപ്പാടൻ | 14 |
| ഫാ. തോമസ് വേലൂക്കാരൻ | 15 |
| ഫാ. ജോസ് തെക്കേക്കര സീനിയർ | 16 |
| ഫാ. ജോൺസൻ ചാലിശ്ശേരി | 18 |
| ഫാ. ജോസഫ് അറാശ്ശേരി | 20 |
| ഫാ. ബിൽജു വാഴപ്പിള്ളി | 23 |
| ഫാ. ജോർജ്ജ് തേറാട്ടിൽ | 23 |
| ഫാ. ഡൊമിനി ചാഴൂർ | 23 |
| ഫാ. ഡൊമിനിക് തലക്കോടൻ | 23 |
| ഫാ. ജോയ്സൻ ചെറുവത്തൂർ | 24 |
| ഫാ. സാജൻ പിണ്ടിയാൻ | 26 |
| ഫാ. ഫ്രാൻസിസ് തരകൻ | 27 |
| ഫാ. ജോസ് പുന്നോലിപറമ്പിൽ | 28 |
| ഫാ. ജോസ് കോനിക്കര സീനിയർ | 29 |
| ഫാ. മാർട്ടിൻ കൊളമ്പ്രത്ത് | 29 |
| ഫാ. പോൾ പിണ്ടിയാൻ | 30 |

# നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ജിന്റോ ചിറ്റിലപ്പിള്ളി | 19 |
| ഫാ. ജിയോ തെക്കിനിയത്ത് | 19 |
| ഫാ. ജോളി ചിറമ്മൽ | 19 |
| ഫാ. റിജോ വിതയത്തിൽ കൊഴുക്കുള്ളിക്കാരൻ | 19 |
| ഫാ. ജോയ് മുരിങ്ങാത്തേരി | 19 |
| ഫാ. ജോസഫ് വടക്കേത്തല | 19 |
| ഫാ. ഷാജൻ ചീരമ്പൻ | 19 |
| ഫാ. റോയ് മൂക്കൻ | 19 |
| ഫാ. ജോബി ചുള്ളിക്കാടൻ | 19 |
| ഫാ. ജോസ് തെക്കേക്കര സീനിയർ | 19 |
| ഫാ. ജോൺസൻ ചാലിശ്ശേരി | 19 |
| ഫാ. ജോസഫ് അറാശ്ശേരി | 19 |
| ഫാ. ജോസ് പുന്നോലിപറമ്പിൽ | 19 |
| ഫാ. ജോസ് കോനിക്കര സീനിയർ | 19 |
| ഫാ. ജോസഫ് പൂവ്വത്തൂക്കാരൻ | 19 |
| ഫാ. ജോസഫ് പുളിക്കൻ | 19 |
| ഫാ. ഡൈജോ പൊറുത്തൂർ | 19 |
| ഫാ. ജോബി കടപ്പൂരാൻ | 19 |
| ഫാ. ബിനോയ് ചിറ്റിലപ്പിള്ളി | 19 |
| ഫാ. റിജോയ് തൈവളപ്പിൽ | 19 |
| ഫാ. ജിയോ ചെരടായി | 19 |
| ഫാ. ജോബ് വടക്കൻ | 19 |
| ഫാ. ജെയ്സൻ മാറോക്കി | 19 |
| ഫാ. ജോജു പനക്കൽ | 19 |
| ഫാ. ജോസ് കാച്ചപ്പിള്ളി | 19 |
| ഫാ. സിന്റോ പൊറത്തൂർ | 19 |
| ഫാ. ജോസ് എടക്കളത്തൂർ | 19 |
| ഫാ. ടോണി അരിമ്പൂർ | 19 |
| ഫാ. അലക്സ് മരോട്ടിക്കൽ | 19 |
| ഫാ. ജോഫി ചിറ്റിലപ്പിള്ളി | 19 |
| ഫാ. ബിജു ജോസഫ് ആലപ്പാട്ട് | 19 |
| ഫാ. ജിമ്മി എടക്കളത്തൂർ | 19 |
| ഫാ. പ്രിൻസ് നായങ്കര | 19 |
| ഫാ. നോബി അമ്പൂക്കൻ | 19 |
| ഫാ. സിജോ ചെറുവത്തൂർ | 19 |
| ഫാ. ജോസ് വട്ടക്കുഴി | 19 |
| ഫാ. ജോഫി ചിറയത്ത് | 19 |
| ഫാ. ബിജു ആലപ്പാട്ട് | 19 |
| ഫാ. സിന്റോ കരേപറമ്പൻ | 19 |
| ഫാ. ജോസ് വള്ളൂരാൻ | 19 |
| ഫാ. ജെയ്സൻ കൂനംപ്ലാക്കൽ | 19 |
| ഫാ. ജോസ് കോനിക്കര ജൂനിയർ | 19 |
| ഫാ. റോയ് ജോസഫ് വടക്കൻ | 19 |
| ഫാ. ജോൺസൻ അന്തിക്കാട്ട് | 19 |
| ഫാ. ജെറിൻ അരിമ്പൂർ | 19 |
| ഫാ. ജിയോ കടവി | 19 |
| ഫാ. ജിക്സൻ താഴത്ത് | 19 |
| ഫാ. ജോഷി ആളൂർ | 19 |
| ഫാ. ദിജോ ഒലക്കേങ്കിൽ | 19 |
| ഫാ. ജോസ് ചാലക്കൽ | 19 |
| ഫാ. ഡൺസ്റ്റൻ ഒലക്കേങ്കിൽ | 19 |
| ഫാ. ജോസ് അറങ്ങാശ്ശേരി | 19 |
| ഫാ. ജിജോ പിടിയത്ത് | 19 |
| ഫാ. ജെയ്സൻ പുലിക്കോട്ടിൽ | 19 |
| ഫാ. ഡിറ്റോ കൂള | 19 |
| ഫാ. സനൽ തോമസ് മാളിയേക്കൽ | 19 |
| മോൺ. ജോസഫ് കാക്കശ്ശേരി | 19 |
| ഫാ. ജോസ് ഐനിക്കൽ | 19 |
| ഫാ. അനീഷ് നെല്ലിക്കൽ | 19 |
| ഫാ. പ്രദീഷ് കല്ലറക്കൽ | 19 |
| ഫാ. ജോസഫ് മുരിങ്ങാത്തേരി | 19 |
| ഫാ. ജോയ് കൂത്തൂർ | 19 |
| ഫാ. ഷാജു ചിറയത്ത് | 19 |
| ഫാ. ജെയ്സൻ ചിറ്റിലപ്പിള്ളി | 19 |
| ഫാ. നിബിൻ തളിയത്ത് | 19 |
| ഫാ. ജോസ് തെക്കേക്കര ജൂനിയർ | 19 |
| ഫാ. ജോസഫ് അന്തിക്കാട്ട് | 19 |

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ചിറയത്ത് ഔസേപ്പ് | 14-03-1891 |
| ഫാ. പാറക്കൽ തോമസ് | 30-03-1891 |
| ഫാ. വിതയത്തിൽ ഔസേപ്പ് | 16-03-1893 |
| ഫാ. കണ്ണമ്പുഴ ആന്റണി | 03-03-1895 |
| ഫാ. ഇമ്മട്ടി ഔസേപ്പ് | 17-03-1935 |
| ഫാ. വളപ്പില എസ്തപ്പാനോസ് | 22-03-1942 |
| ഫാ. കൊള്ളന്നൂർ ജേക്കബ് | 01-03-1947 |
| ഫാ. ആട്ടോക്കാരൻ തോമസ് | 23-03-1947 |
| ഫാ. പാലയൂർ ആന്റണി | 14-03-1950 |
| ഫാ. നീലങ്കാവിൽ ഫ്രാൻസിസ് | 27-03-1951 |
| ഫാ. അമ്പൂക്കൻ പോൾ സീനിയർ | 31-03-1952 |
| ഫാ. ചിറ്റിലപ്പിള്ളി ലൂവീസ് | 22-03-1956 |
| ഫാ. ചിറ്റിലപ്പിള്ളി ജോസഫ് | 30-03-1959 |
| ഫാ. അക്കര ജോർജ്ജ് ജൂനിയർ | 10-03-1962 |
| ഫാ. കരിപ്പേരി ജോൺ | 16-03-1962 |
| ഫാ. പുതുശ്ശേരി ജോർജ്ജ് | 06-03-1965 |
| ഫാ. തച്ചിൽ ജോൺ | 09-03-1968 |
| ഫാ. പാറേമ്പിൽ പോൾ | 02-03-1970 |
| മോൺ. ചിറയത്ത് സെബാസ്റ്റ്യൻ | 01-03-1979 |
| ഫാ. ചിറ്റിലപ്പിള്ളി പോൾ | 12-03-1981 |
| ഫാ. കാരത്ര സെബാസ്റ്റ്യൻ | 19-03-1986 |
| ഫാ. മഞ്ഞളി ജോസഫ് | 20-03-1990 |
| ഫാ. മാള്യമ്മാവ് റാഫേൽ | 17-03-1996 |
| ഫാ. വെളിയന്നൂക്കാരൻ ഇഗ്നേഷ്യസ് | 17-03-2003 |
| ഫാ. തേർമഠം ഫ്രാൻസിസ് | 17-03-2006 |





■ സന്യസ്തർ

# സി.ആർ. ഐ. വാർത്തകൾ

02/1/18 സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിലെ സിസ്റ്റേഴ്സിന്റെ കുടുംബാംഗങ്ങളുടെ സംഗമത്തിൽ ഫാ.ജോൺസൻ അന്തിക്കാട്ട് ദിവ്യബലി അർപ്പിച്ച് സന്ദേശം നല്കി

3/01/2018 സി.എച്ച്.എഫ്.തൃശ്ശൂർ അമല മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചാവറദിനത്തോടനുബന്ധിച്ച് നടത്തിയ ആഘോഷ പരിപാടികളിൽ നവജ്യോതി പ്രൊവിൻഷ്യൽ സി.മേഴ്സി പോൾ പങ്കെടുത്ത് ആശംസകൾ നേർന്നു.

03.01.2018 എഫ്. സി. സി. അസ്സീസി ഭവനത്തോട് ചേർന്ന് പ്രവർത്തിക്കുന്ന ലവേർണ ഹോസ്റ്റൽ പുതുക്കി പണിയുകയും അതിന്റെ വെഞ്ചിരിപ്പ് കർമ്മം 3–ാം തീയതി രാവിലെ 8.30 ന് അസ്സീസി ചാപ്പ്ലെയിൻ ഫാ. മാർട്ടിൻ കൊളമ്പ്രത്തും വികാരി ഫാ. വർഗ്ഗീസ് കൂത്തൂരും നിർവ്വഹിക്കുകയും ചെയ്തു.

5/01/2018 സി.എച്ച്.എഫ് സി. ലൈസ ജെയ്സൺ രചിച്ച സ്നേഹത്തിൽ വിരിഞ്ഞ സുഗന്ധ പുഷ്പം എന്ന പുസ്തകം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് പ്രകാശനം ചെയ്തു.

06/01/2018 സി.എം.സി. ദനഹാതിരുനാളിൽ ദിവ്യബലി മദ്ധ്യേ സിസ്റ്റേഴ്സ് തങ്ങളുടെ വ്രതങ്ങൾ നവീകരിച്ചു.

08/01/2018 സി.എസ്.എം – പഴയന്നൂർ സെന്റ് തോമസ് കോൺവെന്റിന്റെ പുതിയ ഭവനത്തിന്റെ കല്ലിടൽ കർമ്മം അതിരൂപതാ സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ നിർവഹിച്ചു. ഇടവക വികാരി ഫാ. നിബിൻ തളിയത്തും, പ്രൊവിൻഷ്യൽ സുപ്പിരിയർ സി.ബിയാട്രീസും , സിസ്റ്റേഴ്സും സന്നിഹിതരായിരുന്നു.

08.01.2018 എസ്.എ.ബി.എസ്. വി.

കുർബാനയുടെ ആരാധനാ സന്യാസിനി സമൂഹത്തിൽ എല്ലാ മക്കളേയും ദൈവത്തിന് സമർപ്പിച്ച മാതാപിതാക്കളുടെ സമ്മേളനം ജനറലേറ്റിൽ നടന്നു. തൃശൂർ പ്രോവിൻസിൽ നിന്നുമുള്ള സി. മാർഗരറ്റ് കൊള്ളന്നൂർ, സി. സോഫിയ റോസ് ചിരിയങ്കണ്ടത്ത്, നോവിസ് മേരി പ്രിയ ആലപ്പാട്ട് എന്നിവർ മാതാപിതാക്കന്മാരോടും പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ലിറ്റിൽ മരിയ തെക്കേക്കരയോടും കൂടി ഈ സമ്മേളനത്തിൽ സംബന്ധിച്ചു

12-01-2018 സി.എസ്.സി മരിയ പ്രൊവിൻഷ്യൽ ഹൗസിൽവച്ച് നടന്ന ഒമ്പതാം പ്രൊവിൻഷ്യൽ സിനാക്സിസിൽ സി.സിംഫോറിയ പ്രൊവിൻഷ്യൽ സുപ്പീരിയറായി തെരഞ്ഞെടുക്കപ്പെട്ടു. സി. വെണ്മ – വികർ പ്രൊവിൻഷ്യൽ, കൗൺസിലേഴ്സ്: സി. കൃപ, സി. ഷെൽറ്റി, സി. ഹൃദ്യ, പ്രൊവിൻഷ്യൽ ഓഡിറ്റർ – സി. നമിത, സെക്രട്ടറി– സി. പ്രണിത, ട്രഷറർ – സി. ഹെർമിൻ എന്നിവരെ തെരഞ്ഞെടുത്തു.

14.01.2018 എസ്.എ.ബി.എസ്. വി. കുർബാനയുടെ ആരാധനാ സന്യാസിനി സമൂഹത്തിന്റെ സ്ഥാപകൻ ധന്യൻ മാർ തോമസ് കുര്യാളശ്ശേരിപ്പിതാവിന്റെ ജന്മദിനം എല്ലാ മഠങ്ങളിലും കാരിസം ഡേ ആയി ആഘോഷിച്ചു.

17-01-2018 സി.എസ്.സി മരിയഭവൻ ജനറലേറ്റിൽ പ്രവിശ്യകളിലെ നവസാരഥികൾക്ക് സ്വീകരണം നൽകി.

19.01.2018 എഫ്. സി. സി. തൃശൂർ അതിരൂപതയിൽ ഈ വർഷം പൗരോഹിത്യപട്ടം സ്വീകരിച്ച നവവൈദികർക്ക് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ ഹൃദ്യമായ സ്വീകരണം നൽകി. 6.30 ന് അർപ്പിച്ച സമൂഹബലിയെത്തുടർന്ന് അവർക്ക് അനുമോദനാശംസകൾ അർപ്പിക്കുകയും സ്നേഹവിരുന്നൊരുക്കുകയും ചെയ്തു.

18/1/2018 സി.എസ്.എം. വി.സെബാസ്റ്റ്യാനോസിന്റെ നാമധാരിയായ സുപ്പീരിയർ ജനറൽ മദർ സെബിറോസിന്റെ നാമഹേതുകതിരുന്നാൾ കൃപാഭവൻ ജനറലേററിൽ സാഘോഷം കൊണ്ടാടി. ഫാ. സെബി പുത്തൂർ, ഫാ. വിൽസൺ പിടിയത്ത് എന്നിവർ ദിവ്യബലി അർപ്പിച്ച് വചനസന്ദേശം നൽകി. ഒരു ദിവസത്തെ വചനധ്യാനം സി. ലിസ്യൂ മരിയ സി.എം.സി. നയിച്ചു. തിരുമണിക്കൂർ ആരാധന, സ്നേഹവിരുന്ന്, വിവിധ കലാമത്സരങ്ങൾ, വിവിധ മേഖലകളിൽ പ്രതിഭകളായവരെ ആദരിക്കൽ തുടങ്ങിയ പരിപാടികളിൽ ഇരുപ്രോവിൻസിൽ നിന്നും പ്രൊവിൻഷ്യൽ ടീമും 100 ഓളം സിസ്റ്റേറഴ്സും പങ്കെടുത്തു.

19/01/2018 സി.എച്ച്.എഫ് . നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് 14-ാം പ്രൊവിൻഷ്യൽ തെരഞ്ഞെടുപ്പ് സിനാക്സിസ് ആരംഭിച്ചു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത്

പിതാവ് ദിവ്യബലിയർപ്പിച്ച് സിനാക്സിസ് അംഗങ്ങൾക്ക് സന്ദേശം നൽകി.

20/01/2018 സി.എച്ച്.എഫ്. നവജ്യോതി പ്രോവിൻസിന്റെ 14-ാംമത്തെ പ്രൊവിൻഷ്യൽ സുപ്പീരിയറായി സി. മേഴ്സി പോൾ തെരഞ്ഞെടുക്കപ്പെട്ടു. വികാർ പ്രൊവിൻഷ്യൽ സി. ഫിലോ ജോസഫ്, കൗൺസിലേഴ്സ് - സി. ജെസ്സിൻ തെരേസ്, സി. ട്രീസ ആന്റോ, സി. ലീന ജോൺ എന്നിവരും, സി. ഷീന ജോസഫ് - പ്രൊവിൻഷ്യൽ ഓഡിറ്ററായും, സി. ലിറ്റ്സി വർഗ്ഗീസ്സ് - പ്രൊവിൻഷ്യൽ ട്രഷററായും, സി. താര പ്രൊവിൻഷ്യൽ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു.

20.01.2018 എഫ്. സി. സി. സിസ്റ്റേഴ്സിന്റെ പ്രോവിൻസ് തലത്തിലുള്ള സുവർണ്ണജൂബിലിയാഘോഷം 2018 ജനുവരി 20-ാം തീയതി ശനിയാഴ്ച ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു.

21/1/18 സി.എം.സി. ഓരോ മഠങ്ങളിലും രൂപികരിച്ചിട്ടുള്ള കാർമ്മൽ ജ്യോതി സോഷ്യൽ സെന്ററിന്റെ സ്വയം സഹായ സംഘങ്ങളിലെ leaders ന് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നൽകിയ ബോധവത്കരണ Classൽ ഏകദേശം 150 - ഓളം പേർ പങ്കെടുത്തു.

22.01.2017എഫ്. സി. സി. പുതുച്ചേരി സാന്താ ക്ലാര ഹയർ സെക്കണ്ടറി സ്കൂളിലെ വാർഷികാഘോഷ പരിപാടികളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിത സംബന്ധിച്ചു.

24.01.2018 എസ്.എ.ബി.എസ്. 2017 - ലെ മികച്ച സാമൂഹ്യപ്രവർത്തകർക്കായി കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ ഏർപ്പെടുത്തിയ 25000/- രൂപയും പ്രശസ്തി പത്രവും അടങ്ങിയ അവാർഡിന് സി. പാസി അർഹയായി. സിസ്റ്ററിന് പ്രത്യേകം അഭിനന്ദനങ്ങൾ!!!

26-01-2018 സി.എസ്.സി മരിയഭവൻ ജനറലേറ്റിൽ തൃശൂർ രൂപതയിലെ നവാഭിഷിക്തർക്ക് സ്വീകരണം നൽകി.

29-01-2018 നിർമ്മലദാസി സമൂഹത്തിന്റെ നൊവിഷ്യേറ്റ് ഭവനത്തിൽ 'മരിയഭവൻ' എന്ന പേരിൽ പണികഴിച്ച കെട്ടിടം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്ത് വെഞ്ചിരിച്ചു. അന്നേദിവസം നൊവിഷ്യേറ്റ് ഭവനത്തിൽ വച്ച് സമൂഹത്തിന്റെ ഫൗണ്ടേഷൻ ഡേയും നൊവിഷ്യേറ്റ് ഭവനത്തിന്റെ തിരുനാളും കൂടി സംയുക്തമായി ആഘോഷിച്ചു. ബഹുമാനപ്പെട്ട വൈദികരും, സിസ്റ്റേഴ്സും, സുഹൃത്തുക്കളും ചടങ്ങിൽ സംബന്ധിച്ചു.

30-01-2018 നിർമ്മലദാസി സമൂഹത്തിലെ സുപ്പീരിയേഴ്സിന് നിർമ്മല ഭവൻ നൊവിഷ്യേറ്റ് ഭവനത്തിൽവച്ച് മീറ്റിംഗ് നടത്തപ്പെട്ടു. ഫാ. ഫ്രാൻസിസ് ആളൂർ സുപ്പീരിയേഴ്സിന് Community Building

എന്ന വിഷയത്തെകുറിച്ച് ക്ലാസുനൽകി.

31.01.2016 എഫ്. സി. സി. ഈ വർഷം ഔദ്യോഗിക രംഗത്തുനിന്ന് വിരമിക്കുന്ന എല്ലാ അധ്യാപക – അനധ്യാപകർക്കായി 2016 ജനുവരി 31–ാം തീയതി 2 pm ന് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് യാത്രയയപ്പ് നൽകി. ഈ സമ്മേളനത്തിൽ നമ്മുടെ കോർപ്പറേറ്റ് മാനേജർ, പ്രിൻസിപ്പൽമാർ (റഗുലർ & പാരലൽ കോളേജ്, ഹയർ സെക്കണ്ടറി സ്ക്കൂളുകൾ), എൽ. പി, യു. പി, ഹൈസ്കൂൾ (ഇംഗ്ലീഷ് മീഡിയം ഉൾപ്പെടെ) ഹെഡ്മിസ്ട്രസ്സുമാർ എന്നിവർ സംബന്ധിച്ചു

## ആദരാഞ്ജലികൾ



02.01.2018 എഫ്. സി. സി. മുണ്ടൂർ സെന്റ് ഫ്രാൻസീസ് ഭവനാംഗമായ സി. പ്രോക്കുള 2–ാം തീയതി രാവിലെ 11.30 ന് മരണമടഞ്ഞു. 3–ാം തീയതി ഉച്ചതിരിഞ്ഞ് 4 മണിക്ക് തൃശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ മുണ്ടൂർ സെന്റ് ഫ്രാൻസീസ് മഠം ചാപ്പലിനോടു ചേർന്ന കല്ലറയിൽ അടക്കം ചെയ്തു.

**സി. നമിത റോസ് സി.എം.സി**
സി.ആർ.ഐ. സെക്രട്ടറി

യേശു അവളോട് പറഞ്ഞു: "ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.
*യോഹ. 11: 25–26*



# പാലയൂർ തീർഥകേന്ദ്രം

**1. മാർച്ച് 11ന് മുപ്പിട്ട് ഞായർ തിരുനാളും ദണ്ഢവിമോചനവും**

മാർച്ച് 10ന് വൈകീട്ട് 5 മണിക്ക് ദണ്ഢവിമോചന നവീകരണശുശ്രൂഷ മുതൽ 11–ാം തീയതി രാത്രി വരെയുള്ള സമയങ്ങളിൽ യോഗ്യതയോടെ വിശ്വാസകവാടത്തിൽ പ്രവേശിക്കുന്നവർക്ക് ദണ്ഢവിമോചനം പ്രാപിക്കാവുന്നതാണ്. 11–ാം തീയ്യതി ഉച്ച കഴിഞ്ഞ് 3 മണിക്ക് തളിയക്കുളത്തിൽ ആഘോഷമായ മാമോദീസ. രാവിലെ 6.30ന് കുർബ്ബാനയോടുകൂടി പ്രദക്ഷിണവും നേർച്ച ഭക്ഷണവും തുടർന്ന് രാവിലെ 10.30നും വൈകീട്ട് 3.30നും 5.00നും വി.കുർബ്ബാന, നൊവേന, തിരുശേഷിപ്പ് വണക്കം

**2. മാർ തോമ ചൊവ്വാഴ്ച ആചരണം**

മാർച്ച് 6, 13, 20, 27 തീയ്യതികളിൽ രാവിലെ 9.45ന് ജപമാല, മാർതോമ നൊവേന, സമർപ്പണം, വചന പ്രഘോഷണം 12 ന് വി. കുർബ്ബാന തുടർന്ന് നേർച്ച ഭക്ഷണം, ആരാധന മദ്ധ്യസ്ഥപ്രാർത്ഥന, സാക്ഷ്യങ്ങൾ, ശിരസിൽ കൈവെച്ച് വൈദീകരുടെ ആശിർവാദം, വാഴ്വ്, തിരുശേഷിപ്പ് വണക്കം, കുമ്പസാരം, കൗൺസിലിംഗ് എന്നിവയോടു കൂടി 3.30ന് സമാപിക്കുന്നു. രാവിലെ 6.30നും വൈകീട്ട് 5.30നും വി.കുർബ്ബാന, നൊവേന, നേർച്ച എന്നിവയും ഉണ്ട്.

**3. വ്രതാരംഭ കൂട്ടായ്മ ഭക്തി നിർഭരമായി**

ഫെബ്രുവരി 12ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ 10 വൈദികർ സഹകാർമ്മികരായി, തളിയക്കുളത്തിൽ ആരംഭിച്ച വ്രതാരംഭ കൂട്ടായ്മയിൽ വ്രത വസ്ത്ര ആശീർവാദം, ജപമാല വെഞ്ചിരിപ്പ്, വ്രതവസ്ത്രധാരികൾക്ക് പിതാവിന്റെ



കൈകൊണ്ട് നെറ്റിയിൽ ചാരം പൂശൽ, ജപമാല സമർപ്പണം, തുടർന്ന് പ്രദക്ഷിണം, കൽകുരിശിങ്കൽ ദീപം തെളിയിക്കൽ, വി.കുർബ്ബാന , സന്ദേശം എന്നിവ ഉണ്ടായി. നൂറു കണക്കിന് വ്രതവസ്ത്രധാരികളായ സ്ത്രീ പുരുഷൻമാർ തിരുകർമ്മം ഭക്തി നിർഭരമാക്കി

**4. പാലയൂർ കൺവെൻഷൻ**

മാർച്ച് 10 മുതൽ 14 വരെ ഉള്ള ദിവസങ്ങളിൽ വൈകീട്ട് 5 മണി മുതൽ 9 മണി വരെ അഭിഷേകാഗ്നി ധ്യാനമായി ഈ കൊല്ലത്തെ പാലയൂർ കൺവെൻഷൻ നടക്കുന്നതാണ്. അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രം ഡയറക്ടർ റവ.ഫാ.സേവ്യർഖാൻ വട്ടായിൽ & ടീമാണ് ധ്യാനം നയിക്കുന്നത്. ഇരുപതിനായിരം പേർക്ക് ഇരുന്ന് ധ്യാനം കൂടുന്നതിനുള്ള സൗകര്യവും ധ്യാനം കഴിഞ്ഞ് തിരിച്ചു പോകുന്നതിനുള്ള വാഹന സൗകര്യവും ഒരുക്കിയിട്ടുണ്ട്. ധ്യാനത്തിനു വരുന്നവരുടെ മക്കൾക്ക് വേണ്ടി സ്റ്റുഡന്റ്സ് കോർണറും കിഡ്സ് കോർണറും ഒരുക്കുന്നുണ്ട്. രോഗികൾക്കു വേണ്ടിയുള്ള പ്രത്യേക സെക്ടറും ഉണ്ടായിരിക്കും. ഉദ്ഘാടനം അഭിവന്ദ്യ മാർ ആഡ്രൂസ് താഴത്ത് പിതാവ്. സമാപനം മാർ ടോണി നീലങ്കാവിൽ പിതാവും നിർവ്വഹിക്കുന്നു.

**5. പാലയൂർ മഹാതീർത്ഥാടനം**

2018 മാർച്ച് 18ന് രാവിലെ 7 മണിക്ക് ലൂർദ് കത്തീഡ്രലിൽ നിന്ന് മുഖ്യപദയാത്ര ആരംഭിക്കുന്നു. വിവിധ മേഖലകളിൽ നിന്നുള്ള ഉപ പദയാത്രകളും ഉണ്ടായിരിക്കും. വൈദികരുടേയും സന്യസ്തരുടേയും ആത്മീയ നേതൃത്വങ്ങളുടേയും സഹകരണത്തോടെ ഭക്തി നിർഭരമായി നടത്തുന്ന പാലയൂർ തീർത്ഥാടനം ഉച്ചക്ക് 2.30ന് പാലയൂരിൽ എത്തി ചേരുന്നു. സമ്മേളനവും തുടർന്ന് വി. കുർബ്ബാനയും ഉണ്ടായിരിക്കും. ആഗ്ര ആർച്ച് ബിഷപ്പ് റൈറ്റ് റവ. ഡോ. ആൽബർട്ട് ഡിസൂസ മഹാ തീർത്ഥാടനത്തിൽ മുഖ്യ അതിഥി ആയിരിക്കും.

**6. വെള്ളിയാഴ്ചകളിൽ ജാഗരണ പദയാത്രകൾ**

50 നോമ്പ് വെള്ളിയാഴ്ചകളിൽ ജാഗരണ പദയാത്ര പുത്തൻ പള്ളിയിൽ നിന്ന് രാത്രി 9 മണിക്ക് ആരംഭിക്കും. മറ്റ് ഫൊറോനകളിൽ നിന്നും, പള്ളികളിൽ നിന്നും ജാഗരണ പദയാത്ര ഉണ്ടായിരിക്കും. പദയാത്രകർക്ക് പാലയൂരിൽ എത്തി ചേരുമ്പോൾ ലഘുഭക്ഷണം നൽകുന്നതാണ്. എല്ലാ പദയാത്രകളും എത്തി കഴിഞ്ഞ് പുലർച്ചെ 4 മണിക്ക് തീർത്ഥകേന്ദ്രത്തിൽ കുർബ്ബാന ഉണ്ടായിരിക്കും

**7. ദണ്ഡവിമോചനം**

നോമ്പുകാലത്തെ എല്ലാ വെള്ളിയാഴ്ചകളിലും മഹാതീർത്ഥാടന ദിനത്തിലും കൂടി വിശ്വാസകവാടത്തിലൂടെ യോഗ്യതാ പൂർവ്വം പ്രവേശിക്കുന്നവർക്ക് ദണ്ഡവിമോചനം ലഭിക്കുന്നതാണ്.

**ഫാ. ജോസ് പുന്നോലിപറമ്പിൽ**
**റെക്ടർ**

# മതബോധനം

## കുട്ടികൾക്കുള്ള കത്ത്

എനിക്കേറ്റവും പ്രിയപ്പെട്ട കുട്ടികളേ,

പരീക്ഷകാലത്തിലേക്ക് നിങ്ങൾ പ്രവേശിച്ചിരിക്കുകയാണല്ലോ. പരീക്ഷകളുടെ അർത്ഥവും ലക്ഷ്യവും അവയെ വിജയകരമാക്കാനുള്ള മാർഗ്ഗങ്ങളും ഈ അവസരത്തിൽ ചിന്തിക്കുന്നത് നല്ലതാണ്. മത്തായിയുടെ സുവിശേഷം 4–ാം അധ്യായം 1–ാം വാക്യത്തിൽ "പരീക്ഷിക്കപ്പെടുന്നതിന് യേശുവിനെ ആത്മാവ് മരുഭൂമിയിലേക്ക്" നയിച്ച കാര്യം വിവരിക്കുന്നുണ്ട്. ജീവിതവിജയത്തിന്റെ അവശ്യഭാഗമാണ് പരീക്ഷകൾ. പത്രോസ് ശ്ലീഹാ തന്റെ ലേഖനത്തിൽ (1 പത്രോ. 1:6–7) ഇപ്രകാരം പറയുന്നു: ''അല്പകാലത്തേക്ക് വിവിധ പരീക്ഷകൾ നിമിത്തം നിങ്ങൾക്ക് വ്യസനിക്കേണ്ടിവന്നാലും അതിൽ ആനന്ദിക്കുവിൻ. കാരണം അഗ്നിശോധനയെ അതിജീവിക്കുന്ന നശ്വരമായ സ്വർണ്ണത്തേക്കാൾ വിലയേറിയതായിരിക്കും പരീക്ഷകളെ അതിജീവിക്കുന്ന നിങ്ങളുടെ വിശ്വാസം'' മേൽപ്പറഞ്ഞ വി. ഗ്രന്ഥഭാഗങ്ങളിൽ നിന്നും താഴെ പറയുന്ന കാര്യങ്ങൾ നാം പഠിക്കുന്നു.

1. പരീക്ഷകൾ ജീവിത വിജയത്തിന് ആവശ്യമാണ്. പരിശുദ്ധാത്മാവ് തന്നെയാണ് യേശുവിനെ പരീക്ഷക്ക് വിട്ടു കൊടുക്കുന്നത്. പരീക്ഷകളെ അതിജീവിക്കുമ്പോഴാണ് ശരിയായ സന്തോഷവും വിജയവും അനുഭവിക്കുക.

2. പരീക്ഷകൾ നമ്മെതന്നെ തിരിച്ചറിയാനുള്ള അവസരമാണ്. നാം വളരെ കാര്യങ്ങൾ പഠിക്കുന്നുണ്ടെങ്കിലും പഠിച്ച കാര്യങ്ങൾ മനസ്സിലാക്കുകയും ഓർക്കുകയും പ്രാവർത്തികമാക്കുകയും മറ്റുള്ളവർക്ക് പറഞ്ഞു കൊടുക്കുകയും ചെയ്യുന്നതിന് തിരിച്ചറിവ് നേടുന്നതിനുള്ള അവസരമാണ് പരീക്ഷകൾ.

3. പരീക്ഷകളെ അതിജീവിക്കാൻ കഠിനാധ്വാനവും ത്യാഗവും ആവശ്യമാണ്. പഠിക്കാതെ ആർക്കും വിജ

യമില്ല. പണിയെടുക്കാതെ പണ മുണ്ടാക്കാനും ആവില്ല. ഓട്ടക്കാ രൻ സമ്മാനം കിട്ടണമെങ്കിൽ വളരെ നാളത്തെ പരിശീലനം വേണം. സ്കൂളിലും വീട്ടിലുമായി നന്നായി മനസ്സിരുത്തി പഠിച്ചാലേ നല്ല വിജയം നേടാനാവൂ. സ്ഥിരോ ത്സാഹത്തോടെയുള്ള പഠനത്തിന് പല സുഖങ്ങളും നമ്മൾ ത്യജി ക്കേണ്ടി വരും. എപ്പോഴും ടി. വി. കാണുക, മൊബൈൽ നോക്കിയി രിക്കുക, കളിച്ചുകൊണ്ടിരിക്കുക തുടങ്ങിയ കാര്യങ്ങൾ എളുപ്പമുള്ള സന്തോഷങ്ങളായി തോന്നും. അത്തരം താത്കാലിക സന്തോഷ ങ്ങളെ ത്യജിച്ച് പരീക്ഷക്ക് ഒരു ങ്ങാൻ പരിശ്രമിക്കുമല്ലോ.

4. പരീക്ഷകളെ വിജയിക്കാൻ ദൈവാനുഗ്രഹം ആവശ്യമാണ്. താൻ പാതി ദൈവം പാതി എന്ന് കേട്ടിട്ടുണ്ടല്ലോ. പ്രഭാഷകന്റെ പുസ്തകത്തിൽ പറയുന്നു: "അറിവ് ലഭിച്ചിട്ടില്ലാത്തവർ എന്റെ അടുക്കൽ വരട്ടെ. അവർ എന്റെ വിദ്യാലയത്തിൽ വസിക്കട്ടെ" (പ്ര ഭാ. 51:21). സുഭാഷിതങ്ങളുടെ പുസ്തകത്തിൽ നാം വായി ക്കുന്നു: "ദൈവഭക്തിയാണ് അറി വിന്റെ ഉറവിടം" (1:7; 9:10). അതി നാൽ പരീക്ഷകളിൽ വിജയിക്കുന്ന തിന് ദൈവത്തിന്റെ അനുഗ്രഹം ആവശ്യമാണ്. യേശു മരുഭൂമി യിലെ പരീക്ഷകളെ വിജയിച്ചത് ദൈവവചനം കൊണ്ടാണ് എന്ന് അറിയാമല്ലോ. (മത്താ. 4:4). യേശു പഠിപ്പിച്ചു: "എന്റെ നാമത്തിൽ പിതാവയയ്ക്കുന്ന സഹായക നായ പരിശുദ്ധാത്മാവ് എല്ലാകാര്യ ങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോട് പറഞ്ഞിട്ടുള്ള തെല്ലാം നിങ്ങളെ അനുസ്മരിക്കു കയും ചെയ്യും" (യോഹ. 14:26). അതിനാൽ നന്നായി പഠിക്കാനും പഠിച്ച കാര്യങ്ങൾ നന്നായി ഓർക്കാനും നന്നായി പരീക്ഷ എഴു താനും പരിശുദ്ധാത്മാവിന്റെ ആലോചന ചോദിക്കണം.

ചില പ്രായോഗിക നിർദ്ദേശങ്ങൾ ഞാൻ നിങ്ങളുടെ മുമ്പിൽ വയ്ക്ക ട്ടെ.

1. സ്കൂളിലെ പഠനത്തിനു പുറമേ വീട്ടിൽ വച്ച് പഠിക്കുന്നതിന് കൃത്യ മായി ടൈം ടേബിൾ ഉണ്ടാക്കുന്നത് നല്ലതാണ്.

2. നല്ല കൂട്ടുകാരുമായി, പ്രത്യേകിച്ച്, ബുദ്ധിമുട്ടുള്ള വിഷയങ്ങൾ ഒന്നിച്ചി രുന്ന് പഠിക്കുന്നതും (Combine Study) അധ്യാപകരോടും അറിവു ള്ളവരോടും സംശയനിവാരണം നട ത്തുന്നതും നല്ലതാണ്.

3. മറ്റുള്ളവരെ പഠിക്കാൻ സഹായി ക്കുന്നത് സ്വയം പഠിക്കാൻ ഏറെ സഹായകമാണ്. അതിനാൽ പഠി ക്കാൻ ബുദ്ധിമുട്ടുള്ള കൂട്ടുകാരെ സഹായിക്കണം.

4. പഠിച്ച കാര്യങ്ങൾ ഓർത്തിരിക്കു ന്നതിന് വേണ്ടി വിഷയത്തിന്റെ പ്രധാനപ്പെട്ട ആശയങ്ങൾ ഉൾക്കൊ ള്ളുന്ന കുറിപ്പുകൾ തയ്യാറാക്കുക.

5. ഭക്ഷണം, വിശ്രമം, വ്യായാമം, ദേഹശുദ്ധി തുടങ്ങിയവ ക്രമപ്പെടു ത്തുക.

6. എല്ലാറ്റിലുമുപരി പഠനവും പരീ ക്ഷയും തുടങ്ങുമ്പോഴും അവസാ നിക്കുമ്പോഴും പരിശുദ്ധാത്മാവി നോട് ആലോചന ചോദിച്ച്

പ്രാർത്ഥിക്കുക.

പ്രിയ കുട്ടികളേ, പരീക്ഷയിൽ നല്ല വിജയം നേടാൻ ഞാൻ നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്നു. ഇടവകകളിൽ പരീക്ഷയ്ക്കൊരുക്കമായി നടക്കുന്ന പ്രാർത്ഥനാ ശുശ്രൂഷകളിൽ നിങ്ങൾ പങ്കെടുക്കാൻ ശ്രമിക്കണം. പരീക്ഷകളുടെ വിജയം നിങ്ങളുടെ ഭാവി നിർണ്ണയിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. ദൈവപദ്ധതി/ദൈവവിളി തിരിച്ചറിയാൻ പരീക്ഷകൾ സഹായകമാണ്. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട്,

മിശിഹായിൽ വത്സലപിതാവ്,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# മതബോധന വാർത്തകൾ

**മതബോധനകേന്ദ്രം, മാർച്ച് 2018**

അതിരൂപതയിൽ ഫെബ്രുവരി 11, 18, 25 എന്നീ തിയതികളിൽ മതബോധന വാർഷിക പരീക്ഷകൾ നന്നായി നടത്തുവാൻ സഹായിച്ച എല്ലാ വൈദികരെയും മതബോധന പ്രധാനാധ്യാപകരെയും മറ്റു എല്ലാ അധ്യാപകരെയും നന്ദിയോടെ ഓർക്കുന്നു. വിശ്വാസപരിശീലനം തുടർപരിശീലനമാണ്. വിശ്വാസപരിശീലനത്തിന് തുടർച്ചയുണ്ടാകാവുന്നവിധത്തിൽ അവധിക്കാല ദിവസങ്ങളിലും കുട്ടികൾക്കും യുവാക്കൾക്കും മാതാപിതാ ക്കൾക്കും വിശ്വാസപ്രബോധന ക്ലാസ്സുകളും പരിപാടികളും ഇടവകതലത്തിൽ സംഘടിപ്പിക്കുവാൻ വികാരിയച്ചന്മാരോടൊപ്പം മതാധ്യാപകരും ശ്രദ്ധിക്കുമല്ലോ.

**1. സർവ്വീസ് അവാർഡ് ദിനം – 26 ജനുവരി 2018**

ഈ വർഷത്തെ സർവ്വീസ് അവാർഡ് ദിനം സമുചിതമായി ആഘോഷിച്ചു. അതിരൂപതാ ചാൻസലർ റവ. ഫാ.മാത്യു കുറ്റിക്കോട്ടയിൽ നടത്തിയ ആമുഖ പ്രഭാഷണത്തിനു ശേഷം അതിരൂപതയിലെ നവവൈദികരുടെ കാർമ്മികത്വത്തിൽ നടത്തിയ ദിവ്യബലിയോടുകൂടി അധ്യാപകർ കത്തിച്ച തിരികളുമായി പ്രതിജ്ഞയെടുത്തു. തുടർന്ന് അധ്യാപകർ അനുഭവങ്ങൾ പങ്കുവച്ചു.

ഉച്ചയ്ക്കുള്ള സ്നേഹവിരുന്നിനുശേഷം അവാർഡ്ദാന പൊതുസമ്മേളനം ആരംഭിച്ചു. ബഹു. ഡയറക്ടർ ഫാ. റാഫേൽ ആക്കാമറ്റത്തിൽ ഏവർക്കും സ്വാഗതം നേർന്നു. സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് അധ്യക്ഷ

നായിരുന്നു. ഉദ്ഘാടനം അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവ്വഹിച്ചു. അതിരൂപതാ വികാരി ജനറാൾ പെ. ബഹു. മോൺ ജോർജ് കോമ്പാറ, മത ബോധനകമ്മീഷൻ സെക്രട്ടറി ശ്രീ. എ. എം. ജയ്സൻ മാസ്റ്റർ, മതബോധന അതിരൂപതാ പി. ടി. എ. പ്രസിഡന്റ് ശ്രീ. സീജോ ചിറ ക്കേക്കാരൻ എന്നിവർ ആശംസ കൾ നേർന്നു. ബി. എ. തിയോളജി കോഴ്സ് പൂർത്തിയാക്കിയവർ, കറസ്പോണ്ടൻസ് തിയോളജി കോഴ്സ് പൂർത്തിയാക്കിയവർ, മതാധ്യാപകർക്കുള്ള ആപ്റ്റിറ്റ്യൂഡ് പരീക്ഷയിലെ റാങ്ക് ജേതാക്കൾ, സീറോ മലബാർ മത ബോധനകമ്മീഷൻ തെരഞ്ഞെ ടുത്ത 12-ാം ക്ലാസ്സിലെ പ്രതിഭ കൾ, സർവ്വീസ് അവാർഡിനർഹ രായ അധ്യാപകർ, ബെസ്റ്റ് മോഡൽ യൂണിറ്റ്, മോഡൽ യൂണിറ്റുകൾ, ഷോർട്ട് ഫിലിമിൽ സമ്മാനം നേടിയ യൂണിറ്റുകൾ, എന്നിവർ ആർച്ച്ബിഷപ്പിൽനിന്ന് സർട്ടിഫിക്കറ്റുകളും പുരസ്കാര ങ്ങളും ഏറ്റുവാങ്ങി. ബെസ്റ്റ് മോഡൽ യൂണിറ്റ് ഡയറക്ടർ ബഹു. ഫാ. ജാക്സൻ ചാല യ്ക്കൽ, മതാദ്ധ്യാപക പ്രതിനിധി ശ്രീ. ജോസ് നെയ്യൻ, പ്രതിഭയായ മാസ്റ്റർ മാത്യു സാജൻ എന്നിവർ മറുപടിപ്രസംഗങ്ങൾ നടത്തി. അസി. ഡയറക്ടർ റവ. ഫാ. ജിജോ കപ്പിലാംനിരപ്പേൽ ഏവർക്കും നന്ദി രേഖപ്പെടുത്തി. അസി. ഡയറക്ടർ ഫാ. ടെൻസ് കുന്നപ്പിള്ളി, ഓഫീസ് സെക്രട്ടറി ശ്രീ. പി. എം സേവ്യർമാസ്റ്റർ, റവ. സി. ഫെമി നീലങ്കാവിൽ എഫ്. സി. സി. എന്നിവർ ക്രമീകരണ ങ്ങൾക്ക് നേതൃത്വം നല്കി. ആയിരത്തോളം പേർ സമ്മേളന ത്തിൽ പങ്കെടുത്തു.

**2. ഹെഡ്മാസ്റ്റർമാരുടെ കോൺഫ്രൻസ്**

ഫെബ്രുവരി 4 ഞായർ 2:30 PM ന് ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് ആയിരുന്നു. പരീക്ഷാ നടത്തിപ്പ്, സ്കോളർഷിപ്പ് പരീക്ഷ തുട ങ്ങിയ കാര്യങ്ങളെക്കുറിച്ച് സവി സ്തരം ചർച്ച ചെയ്തു.

**3. യാത്രാമംഗളങ്ങൾ**

മായന്നൂർ വികാരിയായി സ്ഥലം മാറിപ്പോയ അസി. ഡയറ ക്ടർ **ഫാ.ജിജോ കപ്പിലാംനിര പ്പേലച്ചന്** 2018 ഫെബ്രുവരി 4-ാം തിയ്യതി 02.30 PMന് അതിരൂപതാ മതബോധന പ്രധാന അധ്യാപക രുടേയും സെക്രട്ടറിമാരുടേയും സോഫ്റ്റ് വെയർ ചെയ്യുന്നവരു ടേയും സംയുക്തയോഗത്തിൽ വെച്ച് യാത്രാമംഗളങ്ങൾ നേർന്നു. അസി. ഡയറക്ടർ എന്ന നിലയിൽ 3 വർഷത്തെ സേവനം കൊണ്ട് ഏവരുടേയും സ്നേഹവും ആദ രവും പിടിച്ചുപറ്റിയ ജിജോ അച്ചന് ഏറെ നന്ദി. പുതിയ മേച്ചിൽസ്ഥ ലത്തെ പ്രവർത്തനത്തിൽ എല്ലാ ആശംസകളും നേരുന്നു.

4. സ്വാഗതം

**റവ. ഫാ. റിജോ വിതയത്തിൽ കൊഴുക്കുള്ളിക്കാരൻ, റവ. ഫാ. സിജോ മുരിങ്ങാത്തേരി** എന്നിവർ പുതിയ അസി. ഡയറക്ടർമാർ ആയി 2018 ഫെബ്രുവരി 7 ന് ചാർജ്ജെടുത്തു. ഇരുവർക്കും പ്രാർത്ഥനാപൂർവ്വം സ്വാഗതം.

5. കേന്ദ്രീകൃത മൂല്യനിർണ്ണയം

2017 - 2018 അധ്യയനവർഷത്തിലെ Std. XII, ACC വാർഷിക പരീക്ഷയുടെ കേന്ദ്രീകൃത മൂല്യ നിർണ്ണയത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും നിർബന്ധമായും മതബോധനകേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്.

തിയതികൾ :

**Std. XII** : Saturday 3rd & Sunday 4th March

**ACC** : Saturday 3rd & Sunday 4th March , Saturday 10th & Sunday 11th March

സമയം: 9.30 AM - 4.30 PM

**6. Scholarship Examinations**

**a) School Catechism & Moral Science – 7th April 2018 Saturday 02 pm - 04 pm**

***Examination Centres:***

| | |
|---|---|
| 1. Eravu | - St. Joseph's Eng. HSS |
| 2. Mammiyur | - Little Flower Convent UPS |
| 3. Ollur | - St. Mary's CGHS |
| 4. Palakkal | - Aided LPS |
| 5. Thrissur | - Basilica, Mathanikethan |
| 6. Thrissur East | - St. Clare's CGHSS |
| 7. Wadakkanchery | - St. Pius X CUPS |

**b) Sunday Catechism –21st April 2018 Saturday 02 pm- 04 pm**

*Sunday Scholarship Examination Centres:*

| | |
|---|---|
| 1. Chelakkara | St. Mary's Church |
| 2. Cheroor | St. Francis Xavier's Church |
| 3. Cherpu | St. Antony's Church |
| 4. Eravu | St. Theresa's Church |
| 5. Mannampetta | Mary Immaculate Church |
| 6. Mannuthy | St. Antony's Church |
| 7. Ollur | St. Mary's CGHS |
| 8. Palakkal | St. Mathew's Church |
| 9. Mammiyur | Little Flower Convent UPS |

| | |
|---|---|
| 10.Peramangalam | St. Mary's Church |
| 11.Thrissur | St. Mary's UPS, Lourdes Cathedral |
| 12.Thrissur | Mathanikethan, Thrissur Dolours Basilica |
| 13.Wadakkanchery | Clelia Barbieri Holy Angels Eng. Medium High School |
| 14.West Fort (Thrissur) | St. Anne's Church |

**പ്രത്യേകപുസ്തകം (Additional Portion)**

Stds. IV - VII വിദ്യാർത്ഥികൾക്ക് പ്രത്യേകപുസ്തകം ഈ വർഷത്തെ സ്കോളർഷിപ്പ് പരീക്ഷക്ക് താഴെ പറയുന്നവയാണ്.

| | |
|---|---|
| for Std. IV | വി. അൽഫോൻസ (Non-detailed Book of Std. V) |
| for Std. V | വി. കുരിയാക്കോസ് ഏലിയാസ് (Non-detailed Book of Std.VI) |
| for Std. VI | വി. ഡൊമിനിക് സാവിയോ (Non-detailed Book of Std. VII ) |
| for Std. VII | വി. മരിയ ഗൊരേത്തി (Non-detailed Book of Std. VIII. |

Stds. VIII -XI വിദ്യാർത്ഥികൾക്ക് ഈ വർഷത്തെ സ്കോളർഷിപ്പ് പരീക്ഷയ്ക്ക് പ്രത്യേകപാഠ്യഭാഗം 'കത്തോലിക്കാസഭ' മാസിക 2017 ഒക്ടോബർ മുതൽ നവംബർ ഉൾപ്പെടെയുള്ള ലക്കങ്ങളിലെ 'ദർശനം' എന്ന പേജിൽനിന്നും 2017 ഡിസംബർ (പേജ് 13), 2018 ജനുവരി (പേജ് 14), ഫെബ്രുവരി (പേജ് 13) എന്നിവിടങ്ങളിൽനിന്നും ആയിരിക്കും. വിശദവിവരങ്ങൾക്ക് Annual Programme Pages 43-45.

ഞായറാഴ്ച മതബോധന സ്കോളർഷിപ്പ് പരീക്ഷക്ക് ഹാൾടിക്കറ്റുകൾ പരീക്ഷക്ക് 5 ദിവസം മുമ്പുമുതൽ മതബോധന സോഫ്റ്റ് വെയറിൽ നിന്നും പ്രിന്റ് എടുക്കാവുന്നതാണ്.

**7. Intensive Catechism - ദൈവദർശൻ 2018**

(ACC വിദ്യാർത്ഥികൾക്കും കൂടി)

ഏപ്രിൽ, മെയ് മാസങ്ങളിൽ യൂണിറ്റിൽ നടത്തുന്ന ദൈവദർശൻ ക്യാമ്പിൽ ACC വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തുന്ന വിധമാണ് ക്രമീകരിച്ചിട്ടുള്ളത്. വിശദവിവരങ്ങൾക്ക് പെ. ബഹു. മൈനർ സെമിനരി റെക്ടറുമായി ബന്ധപ്പെടുക: ഫോൺ : 0487 - 2420891, 2423196

കുട്ടികളുടെ ധ്യാനത്തിന് ചിൽഡ്രൻസ്മിനിസ്റ്ററിയെയും സമീപിക്കാവുന്നതാണ്. **Director Ph. 2325336**

## 8. Std. X, XI, XII Duplicate Register

യൂണിറ്റുകളിൽ ഇപ്പോഴുള്ള രജിസ്റ്റർ തീരുന്നതുവരെ ഉപയോഗിക്കുക. പുതിയ രജിസ്റ്റർ ബുക്ക്സ്റ്റാളിൽ ലഭ്യമാണ്. മുമ്പുള്ളത് തീർന്നാൽ പുതിയ രജിസ്റ്റർ വാങ്ങി ഉപയോഗിച്ചു തുടങ്ങാവുന്നതാണ്. ഒരു യൂണിറ്റിലെ വളരെ പ്രധാനപ്പെട്ടരേഖയാണ് ഡൂപ്ളിക്കേറ്റ് രജിസ്റ്റർ എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. Std. X, XI, XII ലെ വിവരങ്ങളാണ് പ്രധാനമായും എഴുതേണ്ടത്. 12-ാം ക്ലാസ്സിലെ വാർഷിക പരീക്ഷക്ക് രജിസ്റ്റർ ചെയ്യുന്നവരുടെ വിവരങ്ങൾ എഴുതിയാൽ മതി.

## 9. Basic CTC അവധിക്കാല ബാച്ച്

CTC യിൽ പങ്കെടുക്കാത്ത അധ്യാപകർക്കുവേണ്ടി CTC അവധിക്കാല ബാച്ച് (മതബോധനം തുടങ്ങുന്നതിനുമുമ്പ്) സംഘടിപ്പിക്കുന്നു. 2018 ഏപ്രിൽ 20–22, മെയ് 11–13 തിയതികളിൽ ആയിരിക്കും. രജി. ഫീസടക്കം പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യുക. ഒരു ബാച്ചിൽ 50 പേർക്കാണ് അവസരമുണ്ടാകുക. ആവശ്യത്തിന് അംഗങ്ങളില്ലാതെ വന്നാൽ കോഴ്സ് നടത്തുന്നതല്ല.

## 10. മതാധ്യാപകരുടെ റിട്ടയർമെന്റ്; പ്രധാനാധ്യാപകരുടെ സേവനകാലം:

ഇക്കാര്യങ്ങളെക്കുറിച്ച് വിവിധ തലങ്ങളിലെ ചർച്ചകൾക്കുശേഷമുള്ള തീരുമാനം താഴെ കൊടുക്കുന്നു. ഇവ പുതിയ അധ്യയന വർഷത്തിന്റെ (2018–2019) ആരംഭത്തിൽ നടപ്പിലാക്കേണ്ടതാണ്.

**1) അധ്യാപകരുടെ റിട്ടയർമെന്റ്:**

1.1) 65 വയസ്സുപൂർത്തിയായ മതാധ്യാപകർ റിട്ടയർ ചെയ്യണം. ഇത് പ്രധാനാധ്യാപകർക്കും അധ്യാപകർക്കും അനധ്യാപകർക്കും ഒരുപോലെ ബാധകമാണ്. 65 വയസ്സു പൂർത്തിയായവർ അധ്യയന വർഷത്തിന്റെ ഇടയ്ക്ക് വിരമിക്കേണ്ടതില്ല; അധ്യയനവർഷം അവസാനിക്കുമ്പോഴാണ് വിരമിക്കേണ്ടത്.

1.2) ഏതെങ്കിലും ഇടവകയുടെ പ്രത്യേക സാഹചര്യത്തിൽ, (അതായത്, വേറെ മതാധ്യാപകരെ ലഭ്യമല്ലാത്ത അവസ്ഥയിലോ റിട്ടയർ ചെയ്യുന്ന അധ്യാപകന്റെ/അധ്യാപികയുടെ സവിശേഷ പ്രാഗത്ഭ്യം കണക്കിലെടുത്ത്, ആ വ്യക്തിയുടെ അധ്യാപനസേവനം ഒഴിച്ചുകൂടാനാകത്തതായിരിക്കുന്നതോ ആയ സാഹചര്യത്തിൽ റിട്ടയർമെന്റിനുശേഷവും നിശ്ചിത കാലത്തേക്ക് അധ്യാപനം തുടരുന്നതിന് അനുവദിക്കാം. ഇപ്രകാരം അധ്യാപനസേവനം നീട്ടുന്നതിന് അതിരൂപതാ മതബോധനഡയറക്ടറുടെ അനുവാദം നേടേണ്ടതാണ്.

1.3) അനധ്യാപകരുടെ (Non-Teaching Staff) സേവനം, റിട്ടയർമെന്റിനുശേഷവും, നീട്ടുന്നതിന് അതിരൂപതാ മതബോധനഡയറക്ടറുടെ അനുവാദം ആവശ്യമില്ല.

1.4) 65 വയസ്സുൾപ്പെടെയുള്ള കാല

ഘട്ടം മാത്രമേ സർവ്വീസ് അവാർഡിന് പരിഗണിക്കുകയുള്ളൂ.

**2) പ്രധാനാധ്യാപകരുടെ സേവനകാലം**

2.1) പ്രധാനാധ്യാപകരുടെ സേവനകാലം ഒറ്റത്തുടർച്ചയിൽ 10 വർഷത്തിൽ കൂടുതലാകരുത്. പിന്നീട് വീണ്ടും പ്രധാനാധ്യാപകനായി/ പ്രധാനാധ്യാപിക യായി നിയമിക്കപ്പെടുന്നതിന് തടസ്സമില്ല.

2.2) ഏതെങ്കിലും ഇടവകയുടെ പ്രത്യേക സാഹചര്യത്തിൽ (അതായത്, പ്രധാനാധ്യാപകന്റെ/പ്രധാനാധ്യാപികയുടെ പ്രാഗത്ഭ്യം പ്രശംസനീയമായിരിക്കുകയും ആ വ്യക്തിയുടെ ആ നിലയിലുള്ള സേവനം ഒഴിച്ചുകൂടാനാകാത്തത് ആയിരിക്കുകയും ചെയ്യുന്നതോ പ്രാപ്തിയുള്ള മറ്റൊരാളുടെ സേവനം ലഭ്യമല്ലാതിരിക്കുന്നതോ ആയ സാഹചര്യത്തിൽ) 10 വർഷത്തിനപ്പുറം പ്രധാനാധ്യാപകന്റെ/ പ്രധാനാധ്യാപികയുടെ സേവനം നീട്ടാവുന്നതാണ്. ഇതിന് മതബോധനഡയറക്ടറുടെ അനുവാദം നേടേണ്ടതാണ്.

2.3) പ്രധാനാധ്യാപകസ്ഥാനത്തുനിന്നു മാറുന്ന വ്യക്തി, മറിച്ചൊരു തീരുമാനമില്ലെങ്കിൽ, മതബോധന സ്റ്റാഫ് അംഗമായി തുടരുന്നതാണ്.

**3) തുടർ സേവനം**

3.1) അധ്യാപനം, പ്രധാനാധ്യാപകൻ/പ്രധാനാധ്യാപിക എന്നീ സേവനങ്ങൾക്കു പുറമെയുള്ള ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിന് (ഉദാ: ഓഫീസ് പ്രവർത്തനം, യൂണിറ്റ് വിസിറ്റ്, റിസോഴ്സ് പേഴ്സൻ, മതബോധനകേന്ദ്രത്തിൽനിന്നും ആവശ്യപ്പെടുന്ന പ്രത്യേകപ്രാവീണ്യം ആവശ്യമുള്ള സേവനങ്ങൾ എന്നിവ) റിട്ടയർചെയ്ത അധ്യാപകരെ സ്റ്റാഫിൽ നിലനിറുത്തുന്നതിന് തടസ്സമില്ല. ഇതിന് മതബോധനഡയറക്ടറുടെ അനുവാദം ആവശ്യമില്ല.

3.2) റിട്ടയർമെന്റിനുശേഷം തുടർസേവനത്തിനായി സ്റ്റാഫിൽ നിലനിറുത്തുന്ന അധ്യാപകരെ സീനിയർ സ്റ്റാഫ് (Senior Staff) എന്ന വിഭാഗത്തിലാണ് സ്റ്റാഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്.

4. മേൽപ്പറഞ്ഞ പ്രായപരിധി / സേവനകാലപരിധി എന്നിവയ്ക്ക് വിധേയമായി മതാധ്യാപകരുടെ തിരഞ്ഞെടുപ്പ്, നിയമനം എന്നിവ ബഹു. വികാരിമാരുടെ വിവേചനാധികാരത്തിന് വിധേയമാണ്.

സ്നേഹപൂർവ്വം,

**Fr. Raphael Akkamattathil**
Director

**Fr. Tens Kunnappilly**
**Fr. Rijo Vithayathil**
**Fr. Sijo Muringathery**
Ass. Directors

# Institute of THEOLOGY

**സെമിനാർ:**

Institute of Theology, Trichur ന്റെയും കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ Chair for Christian Studies and Research ന്റെയും സംയുക്ത നേതൃത്വത്തിൽ ലുവെൻ കാത്തലിക് യൂണിവേഴ്സിറ്റിയുടെ തിയോളജി ഫാക്കൽറ്റിയുടെ ഡീൻ ആയ Prof. Dr. Mathijs Lamberigts തിയോളജി വിദ്യാർത്ഥികൾക്കുവേണ്ടി 'Vatican II, An Attempt to answer a Crisis' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നയിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് സെമിനാർ ഉദ്ഘാടനം ചെയ്തു.

**B.A. in Theology and Religious Studies:**

ലുവെൻ ബെൽജിയം യുണിവേഴ്സിറ്റിയുടെ ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ Institute of Theology Office -മായി ബന്ധപ്പെടുക.

**Correspondence Theology Course:**

കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ മാർച്ച് 11, 25 എന്നീ ഞായറാഴ്ചകളിൽ രണ്ടു മണി മുതൽ അഞ്ചു മണി വരെ ആയിരിക്കും. പേപ്പർ 3, 4 ന്റെ പരീക്ഷകൾ മാർച്ച് 4 നും, ഏപ്രിൽ 15നും നടത്തുന്നതായിരിക്കും.

ഈസ്റ്റർ ആശംസകളോടെ,

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
(ഡയറക്ടർ)



# മേരിമാത സെമിനാരി

**നവാഭിഷിക്തർക്ക് സ്വീകരണം**

ഈ അദ്ധ്യയനവർഷം മേരിമാതയിൽ നിന്ന് വൈദികപരിശീലനം പൂർത്തിയാക്കിയ 20 പേരിൽ ഇതിനോടകം വൈദികപട്ടം സ്വീകരിച്ച 19 നവാഭിഷിക്തർക്ക് 14-01-2018 ഞായറാഴ്ച സെമിനാരിയിൽ സ്വീകരണം നൽകി. രാത്രി 8 മണിക്ക് സ്നേഹവിരുന്നോടെ സംഗമം ആരംഭിച്ചു. വൈസ് റെക്ടർ ബഹു. ഫാദർ ബിജു നാഞ്ഞിലത്ത് അദ്ധ്യാപകരുടെ പ്രതിനിധിയായും ബ്രദർ ലിബിൻ ചെമ്മണ്ണൂർ വിദ്യാർത്ഥികളുടെ പ്രതിനിധിയായും ആശംസകളർപ്പിച്ചു സംസാരിച്ചു. തുടർന്ന് നവവൈദികർ തങ്ങളുടെ തിരുപ്പട്ടസ്വീകരണത്തോടനുബന്ധിച്ചുള്ള അനുഭവങ്ങളും മേരിമാതയിലെ പരിശീലനത്തിലൂടെ സ്വന്തമാക്കിയ പൗരോഹിത്യദർശനങ്ങളും പങ്കുവച്ചു. പിറ്റേന്ന് രാവിലെ 6.30 ന് നവവൈദികർ സെമിനാരി കുടുംബത്തോടൊപ്പം ദിവ്യബലിയർപ്പിച്ചു. മേരിമാതയിൽ തത്വശാസ്ത്രം പഠിച്ച് മറ്റു സെമിനാരികളിൽ വൈദികപരിശീലനം പൂർത്തിയാക്കിയ 14 നവവൈദികർ 22-01-2018 തിങ്കളാഴ്ച രാവിലെ സെമിനാരി ചാപ്പലിൽ വിശുദ്ധ കുർബ്ബാനയർപ്പിച്ചു. സെമിനാരി കുടുംബം ഏറെ സ്നേഹത്തോടെ അവർക്ക് പ്രാർത്ഥനാശംസകൾ നേർന്നു.

**റിപ്പബ്ലിക് ദിനാഘോഷം**

ഇന്ത്യയുടെ 69-ാം റിപ്പബ്ലിക് ദിനം മേരിമാതയിൽ സമുചിതമായി ആഘോഷിച്ചു. മുളയത്തുള്ള സെന്റ് ജോൺസ് സെമിനാരി റെക്ടറായ വെരി. റവ. ഫാദർ ജോർജ്ജ് താഴത്തേലാണ് അന്നേദിവസം പ്രഭാതബലിയർപ്പിച്ചതും തുടർന്ന് ദേശീയ പതാകയുയർത്തി സന്ദേശം നൽകിയതും. ഉത്തമ മനസ്സാക്ഷിയുള്ള പൗരന്മാരാകണമെന്നും ക്രിസ്തു നൽകുന്ന യഥാർത്ഥ സ്വാതന്ത്ര്യത്തിന് നാം ഉടമകളാകണമെന്നും അച്ചൻ ആഹ്വാനം ചെയ്തു. ഉച്ചകഴിഞ്ഞ് 4 മണിക്ക് ഫിലോസഫി ബ്രദേഴ്സ് സൺഡേ മിനിസ്ട്രിക്കായി പോകുന്ന ഇടങ്ങളിൽ നിന്നുള്ള യുവതീയുവാക്കളുടെ കലാവിരുന്ന് മേരിമാതയിൽ നടത്തുകയുണ്ടായി. തുടർന്ന്

ബഹു. ചാക്കോ നടക്കെവെളിയില ച്ചന്റെ അദ്ധ്യക്ഷതയിൽ റിപ്പബ്ലിക് ദിനയോഗവും നടന്നു.

**മ്യൂസിക് നൈറ്റ്**

വിദ്യാർത്ഥികളിലെ സംഗീതവാസ നയെ ഉജ്ജ്വലിപ്പിക്കുന്നതിനും പ്രകടിതമാക്കുന്നതിനുമുള്ള അവ സരമായ മ്യൂസിക് നൈറ്റിന് മേരി മാതയിൽ അരങ്ങൊരുങ്ങി. 27-01 -2018 ശനിയാഴ്ച രണ്ടാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾ അണിയിച്ചൊരുക്കിയ ഓപ്പൺസ്റ്റേ ജിൽ മേരിമാതയിലെ ഗാനകോകി ലങ്ങൾ തങ്ങളുടെ മികവ് തെളിയി ച്ചു. സെമിനാരിയിലെ അദ്ധ്യാപക വൃന്ദം ആലപിച്ച ഗാനം സദസ്സിന് ആവേശം പകർന്നു. ഇതിനിടെ സ്നേഹവിരുന്നും ഉണ്ടായിരുന്നു. റവ. ഫാദർ സൈജോ തൈക്കാ ട്ടിൽ പരിപാടി വിലയിരുത്തി സംസാരിച്ചു.

**സ്നേഹോത്സവം ഫോളോ-അപ്പ്**

സ്നേഹോത്സവത്തിന്റെ ഫലദായ കത്വത്തെപ്പറ്റി അറിയുന്നതിനും വിലയിരുത്തുന്നതിനും ഇടവകജ നത്തെ സന്ദർശിച്ച് വിശ്വാസജീവി തത്തിൽ നിലനിൽക്കുവാൻ കരുത്തു പകരുന്നതിനും വേണ്ടി 03 -02-2018 ശനിയാഴ്ച സ്നേഹോ ത്സവം ഫോളോ-അപ്പ് നടത്തുക യുണ്ടായി. രാവിലെ 7 മണിക്ക് സഹോദരന്മാരെല്ലാവരും ഈ അദ്ധ്യയനവർഷം സ്നേഹോ ത്സവം നടത്തിയ കൂനമ്മൂച്ചി, വേലൂപ്പാടം എന്നീ ഇടവകകളി ലേക്കു പോവുകയും അവിടെ വൈകിട്ട് 5 മണിവരെ ഭവനസ ന്ദർശനം നടത്തുകയും ചെയ്തു. 5.30 നുള്ള ദിവ്യബലിക്കുശേഷം ഏവരും ഇടവകജനത്തോട് യാത്ര പറഞ്ഞ് സെമിനാരിയിലേക്ക് തിരിച്ചു പോന്നു.

**യാത്രയയപ്പ്**

മേരിമാതയിൽ നിസ്തുലമായ സേവനം കാഴ്ചവച്ച ബഹു. ഫാ ദർ ഫ്രാൻസിസ് ആളൂർ, ബഹു. ഫാദർ ആന്റണി കുരുതുകുളങ്ങര എന്നിവർക്ക് സമുചിതമായ യാത്ര യയപ്പ് നൽകി. 06-02-2018 ചൊവ്വാ ഴ്ച 6 മണിക്കുള്ള സമൂഹബലിക്കു ശേഷം യാത്രയയപ്പു യോഗം നട ന്നു. ബഹു. ഇ. ജെ. തോമസച്ചനും ബ്ര. സജിൽ കണ്ണനായ്ക്കലും ആശംസകളർപ്പിച്ച് സംസാരിച്ചു. സെമിനാരികുടുംബത്തിന് ബഹു. ഫ്രാൻസിസച്ചനും ആന്റണിയ ച്ചനും നൽകിയ ശുശ്രൂഷകൾ കൃതജ്ഞതാപൂർവ്വം അനുസ്മരി ക്കപ്പെട്ടു. 07-02-2018 ബുധനാഴ്ച ബഹു. ഫ്രാൻസിസ് ആളൂരച്ചൻ മുല്ലക്കര പള്ളി വികാരിയായും ബഹു. ആന്റണി കുരുതുകുളങ്ങര യച്ചൻ മുളയം പള്ളി വികാരി യായും തങ്ങളുടെ പുതിയ നിയോ ഗങ്ങൾ ഏറ്റെടുത്തു.

**മാസധ്യാനം**

ഫെബ്രുവരി 9, 10 തിയ്യതിക ളിലായി നടത്തപ്പെട്ട മാസധ്യാന ത്തിന് ബഹു. ഫാദർ ജിബിൻ താഴേക്കാടൻ നേതൃത്വം നൽകി. ജീവിതത്തിലെ അവ്യക്തതക ളിലും പ്രതിസന്ധികളിലും ആകു ലതകളിലുമെല്ലാം ദൈവം കൂടെയു

ണ്ടെന്നതായിരിക്കണം നമ്മുടെ ബലവും ആശ്വാസവുമെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു.

## ബേഴ്സ് സ്ഥാപിച്ചവർ

### Individual Patron Membership

1. ശ്രീ. ജുവാൻസ് ടി. എ., സുരഭി ഗാർഡൻ, ഹൗസ് നമ്പർ 6, ചിയ്യാരം.

### Individual Benefactor Membership

1. വെരി. റവ. ഫാദർ തോമസ് ചൂണ്ടൽ, സെന്റ് ആന്റണീസ് ഫൊറോന ചർച്ച്, പഴുവിൽ.
2. റവ. ഫാദർ ഫ്രാൻസിസ് ആളൂർ, ഇൻഫന്റ് ജീസസ് ചർച്ച്, മുല്ലക്കര.
3. ശ്രീ. ടൈറ്റസ് സി. എം. S/o മൈക്കിൾ സി. ടി., ചീരൻ ഹൗസ്, പറപ്പൂർ.

### Individual Wellwisher Membership

1. ശ്രീ. സ്റ്റീവോ റാഫേൽ, കുരുതുകുളങ്ങര കൂള ഹൗസ്, മുല്ലക്കര.

തന്റെ നാമത്തെപ്രതി ചെയ്യുന്ന ഏത് കാര്യത്തിനും അനുഗ്രഹങ്ങൾ ലഭിക്കാതിരിക്കുകയില്ല എന്നു പഠിപ്പിച്ച ഈശോനാഥൻ തന്റെ ശിഷ്യഗണത്തിലേക്ക് വിളിക്കപ്പെട്ടവരെ സഹായിക്കുന്ന ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ




# സെ. മേരീസ് മൈനർ സെമിനാരി

**1. റിപ്പബ്ലിക് ദിനാചരണം**

അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് സെമിനാരിയിൽ വിശുദ്ധ ബലി അർപ്പിക്കുകയും തുടർന്ന് ദേശീയ പതാക ഉയർത്തിയ ശേഷം അഭിവന്ദ്യപിതാവ് റിപ്പബ്ലിക് ദിന സന്ദേശം നൽകുകയും ചെയ്തു.

**2. സൗഹൃദ സന്ദർശനം – സൗഹൃദ മത്സരം**

ഫെബ്രുവരി 1–ാം തിയതി പ്രാതിനിധ്യ സ്വഭാവത്തിൽ തൃശ്ശൂർ മൈനർ സെമിനാരി കുടുംബം പാലക്കാട് മൈനർ സെമിനാരി സന്ദർശിച്ച്

സൗഹൃദം പുതുക്കി. തദവസരത്തിൽ സംഘടിപ്പിക്കപ്പെട്ട സൗഹൃദ ബാസ്ക്കറ്റ് ബോൾ മത്സരത്തിൽ പാലക്കാട് മൈനർ സെമിനാരി ടീം വിജയം കരസ്ഥമാക്കി.

**3. മോഡൽ പരീക്ഷകൾ**

പ്ലസ് വൺ, പ്ലസ് ടു പഠനം നടത്തിക്കൊണ്ടിരിക്കുന്ന മൈനർ സെമിനാരി വിദ്യാർത്ഥികളുടെ മോഡൽ പരീക്ഷകൾ ഫെബ്രുവരി 5 മുതൽ 19 വരെയുള്ള ദിവസങ്ങളിലായി നടന്നു.

**4. മാസധ്യാനം**

ഫെബ്രുവരിയിലെ മാസധ്യാനം 9, 10 തിയതികളിലായി നടത്തി. മൈനർ സെമിനാരിക്കാർക്ക് ബഹു. ഫ്രാൻസോ തെക്കത്ത് അച്ചനും ഡിഗ്രി പഠിക്കുന്ന സെമിനാരിക്കാർക്ക് ബഹു. ജോൺസൺ ചിറ്റിലപ്പിള്ളി അച്ചനും ധ്യാനചിന്തകൾ പങ്കുവച്ചു. ഫെബ്രു.16, 17 തിയതികളിലായി റീജൻസിക്കാർക്ക് അതിരൂപതയുടെ നെസ്റ്റിൽ ധ്യാനചിന്തകൾ പങ്കുവച്ചു.

**5. അഭിവന്ദ്യ പിതാക്കന്മാരുടെ ദിവ്യബലിയർപ്പണങ്ങൾ**

2018 ഫെബ്രുവരി 15, 16, 19 എന്നീ തിയതികളിൽ യഥാക്രമം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, അഭിവന്ദ്യ മാർ ജേക്കബ്ബ് തൂങ്കുഴി പിതാവും അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവും സെമിനാരിയിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

**6. യാത്രയയപ്പ് കൂട്ടായ്മ**

ഈ അദ്ധ്യയന വർഷം മൈനർ സെമിനാരിയിൽ പരിശീലനം പൂർത്തിയാക്കുന്ന വൈദികവിദ്യാർത്ഥികൾക്ക് ഫെബ്രുവരി 19-ാം തിയതി സമുചിതമായ യാത്രയയപ്പ് നൽകി. അദ്ധ്യാപകരും പരിശീലകരും സതീർത്ഥ്യരും അവർക്ക് പ്രാർത്ഥനാശംസകൾ നേർന്നു. മൈനർ സെമിനാരി ജീവിതത്തിന്റെ ഊഷ്മളത എന്നും ഹൃദയത്തിൽ സൂക്ഷിക്കാനും വൈദിക ജീവിതാന്തസ്സിന്റെ ശ്രേഷ്ഠത മനസ്സിലാക്കുവാനും ഈ യാത്രയയപ്പു കൂട്ടായ്മക്കു കഴിഞ്ഞു.

**7. ഡിഗ്രി പഠിക്കുന്ന 1, 2 വർഷങ്ങളിലെ സെമിനാരിക്കാരുടെ മാതാപിതാക്കളുടെ സംഗമം**

ഡിഗ്രി പഠിക്കുന്ന 1, 2 വർഷങ്ങളിലെ സെമിനാരിക്കാരുടെ മാതാപിതാക്കൾ ഫെബ്രുവരി 10-ാം തിയ്യതി ഉച്ചകഴിഞ്ഞ് 2 മണിക്ക് സെമിനാരിയിൽ ഒത്തുചേർന്നു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അഭിവന്ദ്യ മാതാപിതാക്കളോടും സെമിനാരിക്കാരോടും വൈദിക പരിശീലനത്തെക്കുറിച്ച് സംസാരിച്ചു. തുടർന്ന് മാതാപിതാക്കളുമായി ചർച്ച നടത്തി. മാതാപിതാക്കളുടെ സംഗമം അനുഭവപ്രദമായിരുന്നെന്ന് മീറ്റിങ്ങിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. പ്രൊഫ. മണി കെ. പി., ശങ്കരയ്യ റോഡ്, തൃശ്ശൂർ
2. ശ്രീ. ഫ്ളുജോ സി. ജെ., ചാലിശ്ശേരി കുറ്റുക്കാരൻ റോഡ്, മുക്കാട്ടുകര
3. റവ. ഫാ. തോമസ് ചൂണ്ടൽ
4. ശ്രീ. ജോർജ്ജ് സി. പി., ചിറമ്മൽ ഹൗസ്, മുണ്ടൂർ
5. ശ്രീമതി ഓമന ജോസ്, അറക്കൽ ഹൗസ്, വേലൂർ
6. ശ്രീമതി റോസിലി ജോണി, മണ്ടുപാൽ ഹൗസ്, ചൊവ്വന്നൂർ
7. ശ്രീ. ജെ. ഫ്രാൻസീസ് മണി, കൊള്ളന്നൂർ ഹൗസ്, കൂനംമൂച്ചി
8. ശ്രീമതി റോസിലി ദേവസ്സി, കൊമ്പൻ ഹൗസ്, നടത്തറ
9. ശ്രീ. ടൈറ്റസ് സി.എം., ചീരൻ ഹൗസ്, പറപ്പൂർ
10. ശ്രീ. ജോബി ചിറമ്മൽ, ചിറമ്മേൽ ഹൗസ്, പാവറട്ടി
11. റവ. ഫാ. ഡഗ്ലസ് പീറ്റർ ചെറുവത്തൂർ
12. ശ്രീ. ജോൺസൺ ടി.എ., താണിക്കൽ ചാലിശ്ശേരി ഹൗസ്, പറപ്പൂർ

പ്രാർത്ഥനയാലും ത്യാഗപൂർണ്ണമായ സംഭാവനകളാലും ഈശോയുടെ സഭയെയും സഭശുശ്രൂഷകരെയും പിന്തുണയ്ക്കുന്ന എല്ലാവരേയും നല്ലവനായ ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ. ഡൊമിനിക് തലക്കോടൻ**
റെക്ടർ




# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**'എക്സാം ഒരു സെൽഫി'**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ മാനസികാരോഗ്യ വിഭാഗം എസ്. എസ്. എൽ. സി., പ്ലസ് ടു പരീക്ഷാർത്ഥികൾക്ക് പരീക്ഷയെ എങ്ങനെ അഭിമുഖീകരിക്കാം എന്ന വിഷയത്തെ ആസ്പദമാക്കി – 'എക്സാം ഒരു സെൽഫി' എന്ന പേരിൽ സൗജന്യ ശില്പശാല സംഘടിപ്പിച്ചു. സൈക്യാട്രി വിഭാഗത്തിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്

സി. ആൻ ഗ്രെയ്സ് ക്ലാസ് നയിച്ചു. ഇരുപതോളം പേർ പരിപാടിയിൽ പങ്കെടുത്തു.

**വാക്സിനേഷന്റെ പ്രാധാന്യം**

കുട്ടികൾക്ക് വിവിധ വാക്സിനേഷനുകൾ നൽകേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് കേരളവർമ്മ കോളേജിൽ അവബോധക്ലാസ് നടത്തി. കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം അസി. പ്രൊഫ. ഡോ. റോണി തോമസ് ക്ലാസ് നയിച്ചു. തൃശ്ശൂർ കേരള വർമ്മ കോളേജിൽ എൻ.സി.സി. ഗേൾസ് ബറ്റാലിയന്റെ നേതൃത്വത്തിൽ നടത്തിയ പരിപാടി, കോളേജ് പ്രിൻസിപ്പാൾ പ്രൊഫ. ലത സി. എം. നിർവ്വഹിച്ചു. അടുത്തകാലത്തായി സാമൂഹ്യമാധ്യമങ്ങളിൽ വാക്സിനേഷന് എതിരായ പ്രചാരണങ്ങൾ കാരണമാണ് അവബോധക്ലാസ് സംഘടിപ്പിച്ചത്.

**ജൂബിലിയിൽ റിപ്പബ്ളിക്ക് ദിനം ആഘോഷിച്ചു**

ജൂബിലി മിഷനാശുപത്രിയിൽ റിപ്പബ്ലിക്ക് ദിനപരേഡും, ആഘോഷവും നടത്തി. ഔപചാരിക ചടങ്ങുകൾക്കുശേഷം മുഖ്യാതിഥി ട്രസ്റ്റ് അംഗവും, തൃശ്ശൂർ അതിരൂപത ഫൈനാൻസ് ഓഫീസറുമായ ബഹു. ഫാ. ജോയ് മൂക്കൻ ആശംസകൾ നേർന്നു.

**പാരാമെഡിക്കൽ വിഭാഗത്തിന് കേന്ദ്രഗവൺമെന്റ് സർട്ടിഫിക്കറ്റ്**

ജൂബിലി മിഷൻ കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസിൽ വിവിധ പാരാമെഡിക്കൽ കോഴ്സുകൾ പൂർത്തിയാക്കിയ 250 വിദ്യാർത്ഥികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ ഹെൽത്ത്കെയർ സ്കിൽ സെക്ടർ കൗസിലിന്റെ സർട്ടിഫിക്കറ്റുകൾ വിദ്യഭ്യാസമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് വിതരണം ചെയ്തു. സമ്മേളനത്തിൽ തൃശ്ശൂർ അതിരൂപത മെത്രാപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷനായിരുന്നു. ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ജനറൽ സെക്രടറി ഡോ. ബിമൽ ചാൾസ് മുഖ്യാതിഥിയായിരുന്നു. HSS യുടെ നോഡൽ

**ഗൈനക്കോളജി വിഭാഗത്തിൽ ശില്പശാല**

ഗൈനക്കോളജി വിഭാഗത്തിലെ ഡോക്ടർമാർക്കും, നേഴ്സുമാർക്കുമായി, 'അനുകമ്പ, ബഹുമാനം, കരുണ എന്നിവയുടെ പ്രാധാന്യം' എന്ന വിഷയത്തെക്കുറിച്ച് ജൂബിലിയിലെ ഗൈനക്കോളജി വിഭാഗം ഏകദിനശില്പശാല സംഘടിപ്പിച്ചു. ഡോ. എവിറ്റ ഫർണാണ്ടസ് (ഫർണാണ്ടസ് ഹോസ്പിറ്റൽ ഗ്രൂപ്പ്), മിസ്. ഷീന ബൈറോൻ എന്നിവർ ശില്പശാലയ്ക്ക് നേതൃത്വം നൽകി. തൃശ്ശൂർ ജില്ലയിലെ വിവിധ ആശുപത്രികളിൽ നിന്ന് 145 പേർ ശില്പശാലയിൽ പങ്കെടുത്തു.

ഓഫീസർ ഡോ. സഞ്ചു തോമസ്, CMAIയുടെ സാരഥികളായ ശ്രീ. ഐ. ആർ. അഷർ, ശ്രീ. പോൾ രാജ്, AHP സെക്രട്ടറി ശ്രീ. ലിറിക് അബ്രഹാം. ജൂബിലി മിഷൻ ആശുപത്രി സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് എന്നിവർ ആശംസകൾ നേർന്നു. ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് സ്വാഗതവും, കോർഡിനേറ്റർ ഫാ. ടിജോ മുള്ളക്കര നന്ദിയും രേഖപ്പെടുത്തി.

**അഭിനന്ദനങ്ങൾ .. ആശംസകൾ ..**

•കോലഞ്ചേരി MOSC മെഡിക്കൽ കോളേജിൽ ദേശീയ തലത്തിൽ നടന്ന എമർജൻസി മെഡിസിന്റെ പോസ്റ്റർ അവതരണത്തിൽ ഡോ. മാത്യു, ഡോ. എറിൻ എൽസ സണ്ണി എന്നിവർ ഒന്നാം സ്ഥാനം നേടി.

•കോഴിക്കോട് മെഡിക്കൽ കോളേജിൽ സി.എം.ഇ ഓൺ ഇമേജിങ്ങ് (APRICOT) ക്വിസ് മത്സരത്തിൽ റേഡിയോളജി വിഭാഗത്തിലെ ജൂനിയർ റെസിഡന്റ് ഡോ. ജെറി ജോർജ്ജ് ഒന്നാം സ്ഥാനം നേടി.

**മെഡിക്കൽ ക്യാമ്പുകൾ**

•പൂത്തൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ മെഡിക്കൽ ക്യാമ്പും നേത്രരോഗനിർണ്ണക്യാമ്പും നടന്നു.

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

•ശ്രീമതി ഡോ. ജീന, ചിമ്മൻ ഹൗസ്, തൃശ്ശൂർ

•ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

•സെന്റ് ജോൺ ബോസ്കോ ചർച്ച്, മരിയാപുരം, തൃശ്ശൂർ (80 ഡയാലിസിസ്)

•ശ്രീമതി ജൂലി ജോസ്, ആളൂർ ഹൗസ്, ആർത്താറ്റ് പി. ഒ., കുന്ദംകുളം, തൃശ്ശൂർ (20 ഡയാലിസിസ്)

•സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച്, ചൊവ്വൂർ തൃശ്ശൂർ (100 ഡയാലിസിസ്)

•മില്ലേനിയം ഗോൾഡ്, വൈറ്റില, എറണാകുളം (80 ഡയാലിസിസ്)

•ശ്രീ. സോണി, അഞ്ചേരി ഹൗസ്, തൃശ്ശൂർ (26 ഡയാലിസിസ്)

•സെന്റ് ജോസഫ്സ് ചർച്ച്, അമലനഗർ, തൃശ്ശൂർ (24 ഡയാലിസിസ്)

•സ്റ്റുഡൻസ് ഓഫ് സെന്റ് ജോസഫ്സ് മോഡൽ സ്കൂൾ, കുരിയിച്ചിറ, തൃശ്ശൂർ (70 ഡയാലിസിസ്)

•ലയസ് ക്ലബ് ഓഫ് തൃശ്ശൂർ, സൗത്ത് ഡിസ്ട്രിക്റ്റ്, തൃശ്ശൂർ (100 ഡയാലിസിസ്)

•ശ്രീ. ചാക്കോ, വെള്ളാനിക്കാരൻ ഹൗസ്, തൃശ്ശൂർ (20 ഡയാലിസിസ്)

•സെന്റ് ആന്റണീസ് ചർച്ച്, അമ്മാടം, തൃശ്ശൂർ (80 ഡയാലിസിസ്)

•അസംപ്ഷൻ ചർച്ച്, വരന്തരപ്പിള്ളി, പള്ളിക്കുന്ന്, തൃശ്ശൂർ (80 ഡയാലിസിസ്)

•ശ്രീ. സെബാസ്റ്റ്യൻ സി. ടി, ചാലിശ്ശേരി ഹൗസ്, ചൊവ്വൂർ, തൃശ്ശൂർ
(20 ഡയാലിസിസ്)
•ശ്രീമതി ഷീന പ്രിൻസ്, കവലക്കാട്ട് ഹൗസ്, തൃശ്ശൂർ
(20 ഡയാലിസിസ്)

**ഹൃദയനിധിയിലേക്ക് സംഭാവന നൽകിയവർ**

•ശ്രീ. ചാക്കോ, വെള്ളാനിക്കാരൻ ഹൗസ്, തൃശ്ശൂർ

**കൺമണിക്കൊരു കരുതൽ സംഭാവന നൽകിയവർ**

•ശ്രീ. പ്രിൻസ് & ശ്രീമതി ഷീന പ്രിൻസ്, കവലക്കാട്ട് ഹൗസ്, തൃശ്ശൂർ
•ശ്രീ. സോണി, അഞ്ചേരി ഹൗസ്, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ




## ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

**മനോരമ യുവ മാസ്റ്റർമൈന്റ് ഒന്നാം സ്ഥാനം ജ്യോതി എഞ്ചിനീയറിംഗ് കോളേജിന് :** മനോരമ യുവ മാസ്റ്റർ മൈന്റ് സീസൺ 8 കോളേജ് വിഭാഗത്തിൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് അവതരിപ്പിച്ച ബ്രെയിൽ ലിപി പ്രിന്റർ ഒന്നാം സ്ഥാനം കരസ്ഥമാക്കി. വളരെ ചുരുങ്ങിയ ചിലവിൽ കാഴ്ചയില്ലാത്തവർക്ക് വായിക്കാൻ പററുന്ന ബ്രെയിൽലിപി പ്രിന്റർ നിർമ്മിച്ച് ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾ സമൂഹത്തിന് മാതൃകയായി. നിലവിൽ ഒന്നരലക്ഷം രൂപയ്ക്ക് മുകളിൽ വിലവരുന്ന ബ്രെയിൽ ലിപി പ്രിന്ററുകൾ മററു രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുകയാണ്. വിദ്യാർത്ഥികളായ ജെസ്‌വിൻ ജോസഫ് പാലാട്ടി, ബർണാഡ് കെ.ബി., ശ്രുതിചന്ദ്രൻ, പ്രണവ്. വി, വരദ. എൻ എന്നിവർ ചേർന്ന് നിർമ്മിച്ച പ്രിന്ററിന് എണ്ണായിരത്തി അഞ്ഞൂറ് രൂപയാണ് ചിലവ് വന്നിരിക്കുന്നത്. അദ്ധ്യാപകരായ ജിനേഷ് കെ. ജെ, ഡോ. സുരേഷ് പി. എന്നിവരുടെ നേതൃത്വത്തിലാണ് പ്രിന്റർ നിർമ്മിച്ചത്. നടക്കാനാകാത്ത തങ്ങളുടെ സഹപാഠിക്കുവേണ്ടി വീൽചെയർ നിർമ്മിച്ച ക്യൂൻ സിനിമയിലെ രംഗം തിയ്യേറററുകളിൽ

കൈയ്യടി വാങ്ങുമ്പോൾ ജീവിതത്തിൽ കാഴ്ചയില്ലാത്തവർക്കായി ചില വുകുറഞ്ഞ ബ്രയ്‌ലക്സ് എന്ന പ്രിന്റർ നിർമ്മിച്ച് ജ്യോതിയിലെ വിദ്യാർത്ഥികൾ സമൂഹത്തോടുള്ള പ്രതിബദ്ധത ഒരിക്കൽകൂടി തെളിയിച്ചു. ഇതറിഞ്ഞ ക്യൂൻ സിനിമയുടെ സംവിധായകൻ ഡിജോ ജോസ് ആന്റണി, സംഗീതസംവിധായകൻ ജക്സ് ബിജോയ്, അഭിനേതാക്കളായ മാടപ്രാവ്, മോണിക്ക എന്നിവർ നേരിട്ടെത്തി വിദ്യാർത്ഥികളെ അഭിനന്ദിച്ചു. മോൺ തോമസ് കാക്കശ്ശേരി അദ്ധ്യക്ഷത വഹിച്ചു. കോളേജ് പ്രിൻസിപ്പാൾ ഫാ. ജെയ്സൺ പോൾ മുളേരിക്കൽ സിഎംഐ, അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ തുടങ്ങിയവർ പ്രസംഗിച്ചു.

**കോളേജ് യൂണിയൻ പ്രവർത്തനോദ്ഘാടനം :** ജ്യോതി എഞ്ചിനീയറിംഗ് കോളേജ് യൂണിയൻ 2017-18ന്റെ പ്രവർത്തനോദ്ഘാടനം ജനുവരി 20ന് പ്രമുഖ സിനി ആർട്ടിസ്റ്റ് ഗോവിന്ദ് പത്മസൂര്യ നിർവ്വഹിച്ചു. കോളേജ് അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രിൻസിപ്പൽ ഫാ. ഡോ. ജെയ്സൺ പോൾ മുളേരിക്കൽ സി.എം.ഐ., അഡ്മിനിസ്ട്രേറ്റർ എഞ്ചിനീയർ തോമസ് മാത്യു, കോളേജ് യൂണിയൻ ചെയർമാൻ അലൻ ഫ്രാൻസിസ് ആന്റണി തുടങ്ങിയവർ പങ്കെടുത്ത് സംസാരിച്ചു. തുടർന്ന് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വിവിധ കലാപരിപാടികൾ അരങ്ങേറി.

**ആമസോൺ പ്ലേസ്മെന്റ് ഡ്രൈവ്:** ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ജനുവരി 16,17 തിയ്യതികളിലായി ആമസോൺ പ്ലെയ്സ്മെന്റ് ഡ്രൈവ് സംഘടിച്ചു. കേരളത്തിലെ 22ൽപരം എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നായി 2500ൽ പരം വിദ്യാർത്ഥികൾ പ്രസ്തുത ഡ്രൈവിൽ പങ്കെടുത്തു. നൂറിൽപരം വിദ്യാർത്ഥികൾക്ക് ജോലിയ്ക്കുള്ള ഓഫർ ലഭിക്കുകയും ചെയ്തു.

**ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ ഐ.ഇ.ഇ.ഇ.-ഇന്റസ്ട്രി അപ്ലിക്കേഷൻസ് സൊസൈറ്റി ഉദ്ഘാടനം:** ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയേഴ്സിന്റെ ഇന്റസ്ട്രി അപ്ലിക്കേഷൻസ് സൊസൈറ്റി (ഐ.ഇ.ഇ.ഇ. -ഐ.എ.എസ്), അസോസിയേഷൻ ഓഫ് ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയേഴ്സ് എന്നിവയുടെ ഉദ്ഘാടനം ഇല്ക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. പ്രസ്തുത പരിപാടികളുടെ ഉദ്ഘാടനം ദക്ഷിണ റെയിൽവേ സീനിയർ ഡിവിഷണൽ ഇലക്ട്രിക്കൽ എഞ്ചിനീയർ എസ്. ജയകൃഷ്ണൻ നിർവ്വഹിച്ചു. കോളേജ് അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. ഫാ. ജെയ്സൺ പോൾ മുളേരിക്കൽ സി.എം.ഐ., അഡ്മിനിട്രേറ്റർ

എഞ്ചിനീയർ. തോമസ് മാത്യു, ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം മേധാവി പ്രൊഫ. രത്നൻ പി., ഐ.ഇ.ഇ.ഇ.–ഐ.എ.എസ്. സ്റ്റാഫ് അഡ്വൈസർ ജിതിൻ കെ. ജോസ്, വിദ്യാർത്ഥി പ്രതിനിധി ഗീതാജ്ഞലി പി. തുടങ്ങിയവർ പങ്കെടുത്ത് സംസാരിച്ചു.

**ജ്യോതിയിൽ രക്തദാനക്യാമ്പ് :** ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, ബ്ലഡ് ഡോണേഴ്സ് ഫോറത്തിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 2ന് രക്തദാനക്യാമ്പ് സംഘടിപ്പിച്ചു. തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പ്രസ്തുത ക്യാമ്പിൽ 50ൽ പരം വിദ്യാർത്ഥികൾ രക്തദാനം ചെയ്തു.

**ഏകദിന ശില്പശാല :** ഫെബ്രുവരി 5ന്, ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് സ്റ്റുഡന്റ്സ് അസോസിയേഷൻ, കമ്പ്യൂട്ടർ സൊസൈറ്റി ഓഫ് ഇന്ത്യ എന്നിവയുടെ നേതൃത്വത്തിൽ "Expirements for Young Engineers and Scientists" എന്ന വിഷയത്തെ അധീകരിച്ച് ഏകദിനശില്പ നടന്നു.

**അസിസ്റ്റന്റ് മാനേജർ ഫാ. ജിന്റോ പെരേപ്പാടന് യാത്രയയപ്പ് :** രണ്ടു വർഷക്കാലം ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ സ്ത്യുത്യർഹമായ സേവനത്തിനുശേഷം സ്ഥലം മാറ്റം ലഭിച്ച കോളേജിന്റെ അസിസ്റ്റന്റ് മാനേജരായിരുന്ന ഫാ. ജിന്റോ പെരേപ്പാടന് മാനേജ്മെന്റിന്റേയും സ്റ്റാഫിന്റേയും പേരിൽ നന്ദിയർപ്പിക്കുന്നു. മാനേജർ മോൺ. തോമസ് കാക്കശ്ശേരി അദ്ധ്യക്ഷത വഹിച്ച യാത്രയയപ്പു ചടങ്ങിൽ അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ, പ്രിൻസിപ്പൽ ഫാ. ഡോ. ജെയ്സൺ പോൾ മുളേരിക്കൽ സി.എം.ഐ., അഡ്മിനിസ്ട്രേറ്റർ തോമസ് മാത്യു, അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്റർ ബോബി പീറ്റർ, സ്റ്റാഫ് പ്രതിനിധികൾ എന്നിവർ സംസാരിച്ചു.

**8 ഫാ. അജീഷ് പെരിഞ്ചേരിയ്ക്ക് സ്വാഗതം :** ജ്യോതി എഞ്ചിനീയറിംഗ് കോളേജ് അസിസ്റ്റന്റ് വാർഡനായി ചുമതലയേറ്റ ഫാ. അജീഷ് പെരിഞ്ചേരിക്ക് ജ്യോതി കുടുംബത്തിലേയ്ക്ക് സ്വാഗതം.

**ഫാ. റോയ് ജോസഫ് വടക്കൻ**
**ഫാ. ജോജു ചിരിയങ്കണ്ടത്ത്**
*അസി. മാനേജേഴ്സ്*

**മോൺ. തോമസ് കാക്കശ്ശേരി**
*മാനേജർ*




## മഹാജൂബിലി ട്രെയിനിംഗ് കോളേജ്

### ബർത്ത് ഡേ ആഘോഷിച്ചു

മുള്ളൂർക്കര : മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിലെ ഫാദർ ബാബു അപ്പാടന്റെ ബർത്ത് ഡേ ജനുവരി 19–ാം തിയ്യതി അത്യധികം വിപുലമായി ആഘോഷിച്ചു. കോളേജ് പ്രിൻസിപ്പൽ റവ.ഫാ.ചാക്കോ ചിറമ്മൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് അധ്യാപകരും വിദ്യാർത്ഥികളും ജന്മദിനാശംസകൾ നേർന്നു.

### പരീക്ഷ സമാപിച്ചു

മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിലെ ഒന്നാം വർഷ ബി.എഡ് വിദ്യാർത്ഥികളുടെ ഒന്നാം സെമസ്റ്റർ പരീക്ഷ ജനുവരി 18 ന് ആരംഭിച്ച് 25–ാം തിയ്യതി സമാപിച്ചു. എല്ലാ വിദ്യാർത്ഥികളും പരമാവധി മികവു പുലർത്തുവാൻ പരിശ്രമിച്ചു.

### കമ്മീഷൻ നടന്നു

മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിലെ അവസാന വർഷ വിദ്യാർത്ഥികളുടെ കമ്മീഷൻ ഫെബ്രുവരി 5–ാം തിയ്യതി നടന്നു. ഇതിന്റെ ഭാഗമായി വൈവയും, വിവിധ വർക്കുകളുടെ പരിശോധനയും നടക്കുകയുണ്ടായി. വിദ്യാർത്ഥികളുടെ മികച്ച പ്രകടനത്തെ അഭിനന്ദിച്ചു.

### ഇനീഷ്യേറ്ററി ആരംഭിച്ചു

മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിലെ ഒന്നാം വർഷ വിദ്യാർത്ഥികളുടെ ഇനീഷ്യേറ്ററി പ്രോഗ്രാം ജനുവരി 28 മുതൽ ആരംഭിച്ചു. അഞ്ചു ദിവസങ്ങൾ നീണ്ടുനിന്ന പ്രോഗ്രാം, 14 സ്കൂളിലായാണ് നടന്നത്. വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു.

### ഡെമോൺസ്ട്രേഷൻ ആരംഭിച്ചു

മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിലെ ഒന്നാം വർഷ വിദ്യാർത്ഥികളുടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ ഫെബ്രുവരി 7–ാം

തിയ്യതി മുള്ളൂർക്കര എൻ.എസ്.എസ് സ്കൂളിൽ വച്ച് നടന്നു. ഇത് വിദ്യാർത്ഥികൾക്ക് തികച്ചും ഒരു വേറിട്ട അനുഭവമായിരുന്നു.

**ക്രിട്ടിസിസം ക്ലാസുകൾ ആരംഭിച്ചു**

മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിലെ ഒന്നാം വർഷ വിദ്യാർത്ഥികളുടെ ക്രിട്ടിസിസം ക്ലാസുകൾ ഫെബ്രുവരി 8, 9 തിയ്യതികളിലായി മുള്ളൂർക്കര എൻ.എസ്.എസ് സ്കൂളിൽ വച്ച് നടന്നു. വിദ്യാർത്ഥികൾ മികച്ച പ്രകടനം കാഴ്ച വെച്ചു.

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പാൾ

**ഫാ. ബാബു അപ്പാടൻ**
അസി.മാനേജർ




## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്) തൃശ്ശൂർ

**സെന്റ് തോമസ് കോളേജിൽ മെഡ്ലിക്കോട്ട് പ്രഭാഷണം**

ചരിത്രവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 11–ാമത് മെഡ്ലിക്കോട്ട് പ്രഭാഷണം കോളേജിൽ നടന്നു. ചരിത്രപഠനങ്ങളിൽ വിവിധ ഭാഷകളുടെയും മതങ്ങളുടെയും സാംസ്കാരിക–സാമൂഹ്യ വ്യവസ്ഥിതികളുടെയും സ്വാധീനം ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അവതാരകൻ പ്രഫ. ഇസ്ത് ഖാൻ പെർസൽ സൂചിപ്പിച്ചു. കോളേജ് പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസൻ അദ്ധ്യക്ഷത വഹിച്ച യോഗം മാർ അപ്രേം മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. ഡോ. എൻ.ജെ. ഫ്രാൻസിസ്, ഡോ. ജോർജ്ജ് അലക്സ് എന്നിവർ പ്രസംഗിച്ചു.

**ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ അദ്ധ്യാപക ശിൽപശാല**

ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഹൈസ്കൂൾ–ഹയർ സെക്കന്ററി അദ്ധ്യാപകർക്കായി ഏകദിന ശിൽപശാല സംഘടിപ്പിച്ചു. ഉന്നത വിദ്യാഭ്യാസരംഗത്തെ സാധ്യതകൾ, വിവിധ സ്കോളർഷിപ്പുകൾ,

വിവിധ പരീക്ഷണങ്ങൾ എന്നീ സെഷനുകൾ ഉൾപ്പെടുത്തി പ്രഫ. പി.എം. ജോയി, പ്രഫ. ജോ. കിഴക്കൂടൻ, ഡോ. ഡെയ്സൻ പാണേങ്ങാടൻ, ഡോ. ടി.വി. വിമൽകുമാർ, ഡോ. ആൻമേരി കെ.എ., പ്രഫ. ഫ്രെഡി എന്നിവർ ക്ലാസുകൾ നയിച്ചു. ഡിപ്പാർട്ട്മെന്റ് മേധാവി പ്രഫ. പി.എം. ജോയി അദ്ധ്യക്ഷത വഹിച്ച യോഗം പ്രിൻസിപ്പാൾ ഡോ. ജെൻസൻ പി.ഒ. ഉദ്ഘാടനം ചെയ്തു. ഡോ. ആന്റോ ജോണി ആശംസകളർപ്പിച്ചു.

**ഊർജ്ജസംരക്ഷണ ശിൽപ്പശാല**

എനർജി മാനേജ്മെന്റ് സെന്റർ കേരളയുടെയും സെന്റ് തോമസ് കോളേജ് എനർജി–എൻവയോൺമെന്റ് ക്ലബിന്റെയും സംയുക്താഭിമുഖ്യത്തിൽ ഉർജ്ജസംരക്ഷണ ശിൽപശാല കോളേജിൽ സംഘടിപ്പിച്ചു. വകുപ്പുമേധാവി പ്രഫ. പി.എം. ജോയി അദ്ധ്യക്ഷത വഹിച്ച ശിൽപശാല എനർജി മാനേജ്മെന്റ് സെന്റർ ജില്ലാ പ്രോഗ്രാം കോഡിനേറ്റർ ശ്രി. കെ.ജി. ജയരാൻ ഉദ്ഘാടനം ചെയ്തു. പ്രോഗ്രാം കോർഡിനേറ്റർമാരായ ഡോ. ടി.വി. വിമൽകുമാർ, സി.വി. സുബ്രഹ്മണ്യൻ എന്നിവർ ക്ലാസ്നയിച്ചു.

**സോഷ്യൽവർക് ഡിപ്പാർട്ട്മെന്റിൽ പൂർവ്വവിദ്യാർത്ഥി സംഗമം**

സോഷ്യൽവർക് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ 'ഒരുമ' എന്ന പേരിൽ പൂർവ്വവിദ്യാർത്ഥി സംഗമം സംഘടിപ്പിച്ചു. പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസൻ ഉദ്ഘാടനം നിർവഹിച്ച യോഗത്തിൽ മുൻ വൈസ് പ്രിൻസിപ്പാൾ ഫാ. ബൈജു ചാക്കേരി മുഖ്യാതിഥിയായി. വൈസ് പ്രിൻസിപ്പാൾ റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത് മുഖ്യപ്രഭാഷണം നടത്തി. പൂർവ്വവിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പൊതുജനങ്ങൾക്കായി കൗൺസിലിംഗ് സെന്റർ തുടങ്ങാൻ തീരുമാനിച്ചു.

**രസതന്ത്രവകുപ്പിന്റെ നേതൃത്വത്തിൽ അനുസ്മരണപ്രഭാഷണവും മെറിറ്റ് ഡേയും**

രസതന്ത്രവകുപ്പിന്റെ നേതൃത്വത്തിൽ പ്രഫ. കെ.പി. ആന്റണി – ഡോ. ജോസ് മേച്ചേരി അനുസ്മരണ പ്രഭാഷണവും മെറിറ്റ് ഡേയും സംഘടിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടനം, തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി നിർവഹിച്ചു. വകുപ്പ് മേധാവി ഡോ. ജോബി തോമസ് കാക്കശ്ശേരി അദ്ധ്യക്ഷത വഹിച്ച സെമിനാറിൽ അമേരിക്കയിലെ ഫിച്ബർഗ് യൂണിവേഴ്സിറ്റി പ്രൊഫസർ ഡോ.മേലേടത്തു ഗോവിന്ദൻ, ബാംഗ്ലൂർ നാഷണൽ എയ്റോ സ്പേസ് ലബോറട്ടറീസ് ശാസ്ത്രജ്ഞൻ ഡോ. പി.എസ്. രാമൻ, അലുമിനി അസോസിയേഷൻ പ്രസിഡന്റ് ഡോ. കെ.പി. ജോണി എന്നിവർ പ്രസംഗിച്ചു.

**എക്സിക്യൂട്ടീവ് മാനേജർക്കു സ്വീകരണം നൽകി.**

കോളേജിന്റെ എക്സിക്യൂട്ടീവ് മാനേജരും ബർസാറും സെന്റിനറി ബിൽഡിംങ് പ്രോജക്ട് ഓഫീസുമായി ചുമതലയേറ്റെടുത്ത റവ. ഫാ. വർഗ്ഗീ

സ് കൂത്തൂരിന് അദ്ധ്യാപകരും അനദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് സ്വീകരണം നൽകി.

**ഡോ. ഡെയ്സൻ പാണേങ്ങാടൻ** **ഫാ. വർഗ്ഗീസ് കൂത്തൂർ**
പി.ആർ.ഒ. ബർസാർ




# കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

1. ഓർമ്മിക്കാൻ ............2018 മാർച്ച്

| | | |
|---|---|---|
| മാർച്ച് 2 | (വെള്ളി) | – ആദ്യവെള്ളി, വി. കുർബാന |
| മാർച്ച് 8 | (വ്യാഴം) | – ലോക വനിതാദിനം |
| മാർച്ച് 19 | (തിങ്കൾ) | – വി.യൗസേപ്പിതാവിന്റെ മരണത്തിരുനാൾ |
| മാർച്ച് 22 | (വ്യാഴം) | – ലോക ജലദിനം |
| മാർച്ച് 23 | (വെള്ളി) | – ലോക കാലവസ്ഥദിനം |
| മാർച്ച് 25 | (ഞായർ) | – മംഗലവാർത്ത തിരുനാൾ ഓശാന ഞായർ |
| മാർച്ച് 29 | (വ്യാഴം) | – പെസഹാവ്യാഴം |
| മാർച്ച് 30 | (വെള്ളി) | – പീഡാനുഭവവെള്ളി |

**2. സ്ഥലമാററ അപേക്ഷകൾ**

അധ്യാപകർ സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ മാനേജരച്ചന്മാരുടെ ഒപ്പോടുകൂടി 2018 മാർച്ച് 28 ന് വൈകീട്ട് 5 മണിക്ക് മുമ്പായി കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. രണ്ട് അധ്യയനവർഷം പൂർത്തിയായവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**3. മെയിന്റനൻസ് ഗ്രാന്റ്**

മെയിന്റനൻസ് ഗ്രാന്റ് ലഭിക്കുന്നതിനുള്ള അപേക്ഷകൾ തയ്യാറാക്കി സമയത്തിന് വിദ്യാഭ്യാസ ഡിപ്പാർട്ട്മെന്റിൽ ഹാജരാക്കി ട്രഷറിയിൽ അടച്ച് സംഖ്യ കിട്ടുന്നതിനുള്ള ക്രമീകരണങ്ങൾ പ്രധാനധ്യാപകർ ചെയ്യേണ്ടതാണ്.

| Sl. No. | Name | Designation | Date of Birth | Subject | School from where the retirement effects | Parent school |
|---|---|---|---|---|---|---|
| 1. | Reena Anto P. | Principal | 27/07/61 | - | St. Joseph's H.S.S., Avinissery | H.S. Mannamangalam |
| 2. | Lissy Lazar K. | Headmistress | 31/07/61 | - | St. Antony's H.S.S., Ammadam | U.P.S. Kottapadi |
| 3. | Geetha P. | Headmistress | 15/03/62 | - | St. Joseph's H.S.S., Velupadam | H.S. Chevoor |
| 4. | A.O. Leena | Headmistress | 26/05/62 | - | St. Thomas C.H.S.S., Thrissur | H.S. Mannampetta |
| 5. | Elsy K.T. | Headmistress | 31/05/62 | - | St. Antony's H.S.S., Puthenpeedika | H.S.S. Vallachira |
| 6. | Jaison K.J. | Headmaster | 31/05/62 | - | St. John's H.S.S., Parappur | U.P.S. Vendore |
| 7. | Babu Jose K. | Headmaster | 31/07/61 | - | St. George's U.P.S., Mukkattukara | H.S.S. Parappur |
| 8. | Agnes A.I. | Headmistress | 12/11/61 | - | St. Antony's U.P.S., Paravattani | U.P.S. Vendore |
| 9. | Joy M.P. | Headmaster | 27/04/62 | - | St. Antony's U.P.S., Kodannur | U.P.S. Vendore |
| 10. | Mary John Kannath | Headmistress | 22/03/62 | - | St. Mary's L.P.S., Enamakkal | U.P.S. Vatanappally |
| 11. | Beena Raphel K. | Headmistress | 24/05/62 | - | St. Joseph's L.P.S., Chiranellur | H.S. Mannampetta |
| 12. | Delilah Filomena Chakko | HSST | 17/01/62 | English | St. Thomas H.S.S. Thope, Thrissur | H.S.S. Thope, Thrissur |
| 13. | Dennis K.A. | HSST | 14/05/62 | Economics | St. John's H.S.S., Parappur | U.P.S. Kodannur |
| 14. | Elsy P.K. | HSST (Junior) | 09/11/61 | Economics | St. Antony's H.S.S., Pudukad | H.S.S. Thiroor |
| 15. | Annie George | HSA | 07/03/62 | Malayalam | St. Sebastian's H.S., Chittattukara | H.S.S. Velupadam |
| 16. | N.P. Sherly | HSA | 02/05/62 | Malayalam | C.J.M.A.H.S.S., Varandarappilly | H.S.S. Varandarappilly |
| 17. | Lizy K.P. | HSA | 27/05/62 | Malayalam | St. Thomas H.S.S. Thope, Thrissur | H.S.S. Varandarappilly |
| 18. | Sheela Poulose Kallukaran | HSA | 01/06/62 | Malayalam | C.J.M.A.H.S.S., Varandarappilly | H.S.S. Varandarappilly |
| 19. | Shirly Gabriel Thattil | HSA | 20/07/61 | Physical Science | St. Antony's H.S.S., Puthenpeedika | U.P.S. Vatanappally |
| 20. | Molly C.K. | HSA | 14/06/62 | Physical Science | Matha H.S., Mannampetta | H.S. Chengaloor |
| 21. | Sunny Jos P. | HSA | 17/05/62 | Natural Science | St. John's H.S.S., Parappur | H.S.S. Parappur |
| 22. | N.V. James | HSA | 12/01/62 | Mathematics | C.J.M.A.H.S.S., Varandarappilly | H.S.S. Varandarappilly |
| 23. | Agnes K.C. | HSA | 19/05/62 | Mathematics | St. Antony's H.S.S., Pudukad | H.S. Enamakkal |
| 24. | Margaret T. | HSA | 25/05/62 | Mathematics | St. Sebastian's H.S., Chittattukara | H.S.S. Mayannur |
| 25. | Omana Joseph T. | HSA | 30/05/62 | Mathematics | St. John's H.S.S., Parappur | U.P.S. Manalur |

| | | | | | | |
|---|---|---|---|---|---|---|
| 26. | Meena Paul | HSA | 27/07/61 | Social Science | St. John's H.S.S., Parappur | H.S. Enamakkal |
| 27. | Rosily P.T. | HSA | 15/12/61 | Social Science | St. Thomas H.S.S., Thiroor | L.P.S. Palissery |
| 28. | Margret T.R. | HSA | 22/01/62 | Social Science | St. Antony's H.S., Pudukad | L.P.S. Kanjany |
| 29. | Usha A.T. | HSA | 21/05/62 | Social Science | St. Xavier's H.S., Chevoor | H.S.S. Avinissery |
| 30. | Molly Raphael C. | HSA | 02/06/62 | Social Science | St. Xavier's H.S., Chevoor | H.S. Mannampetta |
| 31. | M.A. Pushpam | HSA | 11/01/62 | Hindi | C.J.M.A.H.S.S., Varandarappilly | H.S.S. Varandarappilly |
| 32. | Maria Clair C.G. | HSA | 20/01/62 | Hindi | St. Sebastian's H.S., Chittattukara | H.S. Aranattukara |
| 33. | Pushpam T.M. | HSA | 17/05/62 | Hindi | St. Thomas H.S.S., Mayannur | General |
| 34. | Mary M.C. | HSA | 29/05/62 | Hindi | St. Antony's H.S.S., Puthenpeedika | U.P.S. Vatanappally |
| 35. | Thressia C.V. | HSA | 24/05/62 | Sanskrit | St. Sebastian's H.S., Chittattukara | H.S. Enamakkal |
| 36. | K.M. Khadeeja | HSA | 21/03/62 | Arabic | St. Antony's H.S.S., Pazhuvil | H.S.S. Velupadam |
| 37. | Lissy A.K. | UPSA | 27/07/61 | - | St. Antony's H.S.S., Pudukad | U.P.S. Vendore |
| 38. | Beena Devassy | UPSA | 30/11/61 | - | St. Mary's U.P.S. Lourdes, Thrissur | H.S.S. Avinissery |
| 39. | Soja Malar Anto | UPSA | 21/03/62 | - | St. Antony's H.S.S., Pudukad | H.S.S. Thiroor |
| 40. | K.A. Sherly | UPSA | 14/05/62 | - | St. Xavier's U.P.S., Velur | H.S. Enamakkal |
| 41. | Licy A.J. | UPSA | 25/05/62 | - | St. Sebastian's H.S., Chittattukara | H.S. Mannamangalam |
| 42. | Magie Louis P. | UPSA | 01/06/62 | - | St. Antony's H.S.S., Ammadam | H.S.S. Ammadam |
| 43. | Omana P.V. | UPSA | 27/06/62 | - | St. Antony's H.S.S., Ammadam | H.S.S. Mayannur |
| 44. | V. Suma | LPSA | 20/07/61 | - | St. Xavier's U.P.S., Velur | L.P.S. Wadakkanchery |
| 45. | Kochumary M.J. | LPSA | 21/07/61 | - | St. Thomas L.P.S., Arthat | U.P.S. Poovathur |
| 46. | Annamma K.O. | LPSA | 06/09/61 | - | St. Francis Xavier's R.C.U.P.S., Vatanappally | U.P.S. Vatanappally |
| 47. | Achama U.D. | LPSA | 21/11/61 | - | St. Antony's U.P.S., Paravattani | H.S. Aranattukara |
| 48. | Alphonsa V.J. | LPSA | 14/12/61 | - | St. Joseph's H.S., Enamakkal | L.P.S. Kanjany |
| 49. | Silive P.K. | LPSA | 18/04/62 | - | St. Francis L.P.S., Wadakkanchery | L.P.S. Wadakkanchery |
| 50. | Magie P.I. | LPSA | 01/05/62 | - | St. Antony's U.P.S., Poovathur | H.S.S. Parappur |
| 51. | Baby A.S. | LPSA | 15/05/62 | - | St. Ignatius U.P.S., Manalur | H.S.S. Thiroor |
| 52. | Jennie Davis Ukken | LPSA | 04/05/62 | - | St. Sebastian's H.S., Chittattukara | General |

| | | | | | | |
|---|---|---|---|---|---|---|
| 53. | Sandha M.M. | LPSA | 02/06/62 | - | St. Francis L.P.S., Attathara | U.P.S. Kundannur |
| 54. | Lissy T.J. | LPSA | 12/06/62 | - | St. Louis L.P.S., Venmenad | L.P.S. Pavaratty |
| 55. | Margret Joseph K. | LPSA | 18/06/62 | - | St. Thomas L.P.S., Palayoor | L.P.S. Palayoor |
| 56. | Ittianam T.D. | Junior Hindi | 17/11/61 | - | St. Thomas H.S.S., Engandiyur | U.P.S. Vatanappally |
| 57. | Gracy K.A. | Junior Hindi | 04/05/62 | - | St. Thomas H.S.S. Thope, Thrissur | H.S.S. Engandiyur |
| 58. | Thankamma P.R. | Junior Hindi | 15/06/62 | - | St. Antony's H.S.S., Pazhuvil | H.S.S. Varandarappilly |
| 59. | Omana T.J. | Junior Hindi | 01/07/62 | - | St. Thomas H.S.S., Thiroor | H.S.S. Avinissery |
| 60. | Darly P.L. | Physical Education | 30/07/61 | - | St. Joseph's H.S., Enamakkal | U.P.S. Kundannur |
| 61. | Teresa Baby A.V. | Physical Education | 31/08/61 | - | St. Antony's H.S.S., Ammadam | H.S. Aranattukara |
| 62. | Mary P.V. | Physical Education | 08/12/61 | - | Matha H.S., Mannampetta | H.S.S. Engandiyur |
| 63. | Baby K.J. | Music | 10/11/61 | - | Matha H.S., Mannampetta | H.S. Chengaloor |
| 64. | Ancy Mathew | Music | 25/05/62 | - | C.J.M.A.H.S.S., Varandarappilly | H.S.S. Varandarappilly |
| 65. | M.J. Sheela | Needle Work | 24/10/61 | - | C.J.M.A.H.S.S., Varandarappilly | H.S.S. Varandarappilly |
| 66. | Rosy M.R. | Needle Work | 01/07/62 | - | St. George's U.P.S., Mukkattukara | L.P.S. Pallissery |
| 67. | Tony Albert K.J. | Drawing | 23/07/61 | - | St. Joseph's H.S.S., Velupadam | H.S. Chevoor |
| 68. | Lalu P.T. | Lab Assistant | 29/08/62 | - | St. Antony's H.S.S., Pudukad | H.S.S. Pudukad |
| 69. | Rappai K.O. | Office Attendant | 28/03/62 | - | Matha H.S., Mannampetta | U.P.S. Kallur |
| 70. | Paul C.C. | Office Attendant | 30/05/62 | - | St. Sebastian's H.S., Chittattukara | H.S. Chittattukara |

Note:
1. Parent school means:
   (a) School from where the Nomination is received or (b) School at which the teacher on worked as on 31-3-1971.
2. Nomination facility in present school is only applicable to this Archdiocese.
3. The school can't enjoy the Nomination facility if there is division fall in previous years.
4. If the retirement vacancy arises in the protected post, the school will not enjoy the Nomination facility.
5. The final list of Nomination will be published only after the Managers' Meeting.
6. Irregularities on parent school will be clarified at the time of Managers' Meeting, if any.

**Fr.Antony Chembakassery**, Corporate Manager.

# സാന്ത്വനം

## യാത്രാമംഗളങ്ങൾ

ഒരു വർഷം സാന്ത്വനത്തിന്റെ അസിസ്റ്റന്റ് ഡയറക്ടറായി സേവനമനുഷ്ഠിച്ച് പുത്തൂർ ഫെറോന ഇടവകയുടെ അസിസ്റ്റന്റ് വികാരിയും അതിരൂപത പറോക്കിന്റെ ഫീൽഡ് കോ-ഓർഡിനേറ്ററുമായി സ്ഥലം മാറി പോകുന്ന റവ.ഫാ.പോൾ മാളിയമ്മാവിന് ഹൃദ്യമായ യാത്രാമംഗളങ്ങൾ. പുതിയ ഉത്തരവാദിത്വങ്ങൾ സ്വീകരിക്കുന്ന അച്ചന്റെ എല്ലാ പ്രവർത്തനങ്ങളും അനുഗ്രഹദായകമാകട്ടെയെന്ന് പ്രത്യേകം ആശംസിക്കുന്നു.

**ആശാകിരണം സന്നദ്ധപ്രവർത്തക സംഗമം നടത്തി.**

ആശാകിരണം കാൻസർ സുരക്ഷാ യജ്ഞത്തിന്റെ തൃശൂർ മേഖലാ സസദ്ധ പ്രവർത്തകസംഗമം, സാന്ത്വനവും ഇരിങ്ങാലക്കുട രൂപതയുടെ സാമൂഹ്യസേവന പ്രസ്ഥാനമായ സോഷ്യൽ ആക്ഷൻ ഫോറവും സംയുക്തമായി DBCLC ഹാളിൽ വെച്ച് നടത്തുകയുണ്ടായി. സസദ്ധ പ്രവർത്തകസംഗമം, തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. കാരിത്താസ് ഇന്ത്യ അസോ. ഡയറക്ടർ ഫാ. പോൾ മൂഞ്ഞേലി അധ്യക്ഷത വഹിച്ച യോഗത്തിൽ അതിരൂപത വികാരി ജനറാളും സാന്ത്വനം ചെയർമാനുമായ മോൺ. തോമസ് കാക്കശ്ശേരി സ്വാഗതം ആശംസിച്ചു. സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി ആശാകിരണം പദ്ധതിയുടെ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. ഇതോടനുബന്ധിച്ച് ആശാകിരണം കൈപുസ്തകത്തിന്റെ രണ്ടാം പതിപ്പ് FCC പ്രൊവിൻഷ്യൽ ഡോ. സി. റോസ് അനിത കാത്തലിക് സിറിയൻ ബാങ്ക് സോണൽ മാനേജർ ശ്രീമതി. ലിസി പോളിന് നല്കിക്കൊണ്ട് പ്രകാശനം ചെയ്തു. സാന്ത്വനം നടപ്പിലാക്കിയ സ്കൂൾതല കാൻസർ സുരക്ഷാ യജ്ഞമായ ലാവൻഡർ ആർമിയെക്കുറിച്ചുള്ള CD പ്രകാശനം കാരിത്താസ് ഇന്ത്യ പ്രോജക്റ്റ് ഓഫീസർ ശ്രീമതി. സിബി പൗലോസ് നിർവ്വഹിച്ചു. ആശാകിരണം വളണ്ടിയേഴ്സിനായുള്ള ഐഡന്റിറ്റി കാർഡ് വിതരണം കാരിത്താസ് ഇന്ത്യ അസോ. ഡയറക്ടർ റവ. ഫാ.

പോൾ മൂഞ്ഞേലി നിർവഹിക്കുകയുണ്ടായി. ആശാകിരണം കാൻസർ സഹായനിധിയുടെ നറുക്കെടുപ്പു വിജയികൾക്ക് സമ്മാനവിതരണവും ആശാകിരണം സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റ് കോ-ഓർഡിനേറ്റേഴ്സിന് മെമന്റോ വിതരണവും ഈയവസരത്തിൽ നടത്തുകയുണ്ടായി. ആശാകിരണം കോർകമ്മിറ്റി അംഗങ്ങൾ, സാന്ത്വനം സ്റ്റാഫ് അംഗങ്ങൾ, സ്നേഹനിധി അംഗങ്ങൾ, ലാവൻഡർ ആർമി പ്രവർത്തകർ, കോളേജ് വിദ്യർത്ഥികൾ, സ്വയം സഹായ സംഘാംഗങ്ങൾ തുടങ്ങി 1200ൽ പരം ആളുകൾ ഈ സംഗമത്തിൽ സംബന്ധിച്ചു.

**ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ ആശാകിരണം കാൻസർ സുരക്ഷാ യജ്ഞത്തിന്റെ ഭാഗമായി കാൻസറിനെക്കുറിച്ച് ഒരു ബോധവത്ക്കരണ സെമിനാർ നടത്തുകയുണ്ടായി. സെമിനാറിന് കാരിത്താസ് ഇന്ത്യ നാച്ചുറൽ റിസോഴ്സ് മാനേജ്മെന്റ് ഹെഡ് ഡോ.വി. ആർ ഹരിദാസ് നേതൃത്വം നല്കി. രോഗം വന്നിട്ട് ചികിത്സിക്കുന്നതിനേക്കാൾ രോഗം വരാതിരിക്കാനുള്ള ജീവിതശൈലിക്ക് രൂപം നല്കുകയാണ് വേണ്ടതെന്ന് അദ്ദേഹം ഓർമിപ്പിച്ചു.

**ആശാകിരണം സ്റ്റുഡന്റ്സ് സ്പോൺസർഷിപ്പ് പദ്ധതി ഉദ്ഘാടനം ചെയ്തു.**

ആശാകിരണം കാൻസർ സുരക്ഷാ യജ്ഞത്തിന്റെ ഭാഗമായി കാൻസർ ബാധിതരായ വ്യക്തികൾ ഉൾപ്പെടുന്ന കുടുംബങ്ങളിലെ കുട്ടികളുടെ പഠനത്തിനായി സാന്ത്വനം ഒരുക്കുന്ന സ്റ്റുഡന്റ്സ് സ്പോൺസർഷിപ്പ് പദ്ധതി FCC പ്രൊവിൻഷ്യൽ സി. റോസ് അനിത ഉദ്ഘാടനം ചെയ്തു. അർഹരായ 100 കുട്ടികൾക്ക് പഠനത്തിനാവശ്യമായ ട്യൂഷൻഫീസും പഠനോപകരണങ്ങളും ഒരുവർഷത്തേക്ക് നല്കുന്നതാണ് ഈ പദ്ധതി. സ്പോൺസർഷിപ്പ് പദ്ധതിയിൽ ചേരാനാഗ്രഹിക്കുന്നവർ മാർച്ച് 31 നുള്ളിൽ സാന്ത്വനത്തിൽ അപേക്ഷ നല്കേണ്ടതാണ്.

**കുടുംബങ്ങളെ ദത്തെടുക്കൽ പദ്ധതി ഉദ്ഘാടനം ചെയ്തു.**

ആശാകിരണം കാൻസർ സുരക്ഷാ യജ്ഞത്തിന്റെ ഭാഗമായി സാന്ത്വനം ആരംഭിച്ചിരിക്കുന്ന നിർധനരായ കാൻസർ രോഗികളെ ദത്തെടുക്കുന്ന പദ്ധതിയുടെ ഉദ്ഘാടനം വടക്കാഞ്ചേരി MLA ശ്രീ. അനിൽ അക്കര നിർവ്വഹിച്ചു. ഈ പദ്ധതിയുടെ ഭാഗമായി നിർധനരായ നൂറ് കാൻസർ രോഗികളുടെ കുടുബങ്ങളെ ദത്തെടുത്ത് അവർക്ക് ഓരോ മാസവും ഒരു നിശ്ചിത സംഖ്യ നല്കുന്നതായിരിക്കും. പദ്ധതിയുടെ ഭാഗമാകാനാഗ്രഹിക്കുന്നവർ മാർച്ച് 31 നുള്ളിൽ സാന്ത്വനത്തിൽ അപേക്ഷ നല്കേണ്ടതാണ്.

**പഞ്ചായത്തുകളിൽ ക്ലാസ്സ് സംഘടിപ്പിച്ചു.**

സേവ് എ ഫാമിലി പ്ലാനിന്റെ ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിലേക്ക് പുതിയ കുടുംബങ്ങളെ കണ്ടെത്തുന്നതിനായി പാണഞ്ചേരി, തോളൂർ എന്നീ പഞ്ചായത്തുകളിൽ പഞ്ചായത്ത് പ്രസിഡണ്ടിന്റെ സഹകരണത്തോടെ ആശാപ്രവർത്തകർക്കും,വാർഡ് മെമ്പേഴ്സിനും അംഗൻവാടി ടീച്ചേഴ്സിനും വേണ്ടി ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ നിബന്ധനകളെക്കുറിച്ചും മാനദണ്ഡങ്ങളെക്കുറിച്ചും ഒരു ക്ലാസ്സ് സംഘടിപ്പിക്കുകയുണ്ടായി. സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി, SAFP സ്റ്റാഫംഗങ്ങൾ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി.

**പുതിയ അക്കൗണ്ട് തുടങ്ങി.**

ഫാമിലി ഡെവലപ്പ്മെന്റ് പദ്ധതിയിലേക്ക് പുതിയതായി തെരഞ്ഞെടുത്ത 50 കുടുംബങ്ങൾക്കുവേണ്ടി ബാങ്കിങ്ങ് ഇടപാടുകളെക്കുറിച്ചും പദ്ധതിയിലെ ഫണ്ട് ഉപയോഗത്തെക്കുറിച്ചും ക്ലാസ്സുകൾ നല്കുകയും കുടുംബങ്ങളുടെ പേരിൽ കാത്തലിക് സിറിയൻ ബാങ്കിൽ അക്കൗണ്ട് തുടങ്ങുകയും ചെയ്തു.

**FDP മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു**.

പൊങ്ങണംകാട ് – Rs.9500/–, മുള്ളൂർക്കര – Rs.20000/–, കൂനംമൂച്ചി– Rs.15000/–, മനക്കൊടി–Rs.13000/–

**തിരുവില്വാമല പള്ളിയിൽ ക്ലാസ്സ് സംഘടിപ്പിച്ചു.**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ, സ്നേഹനിധി ക്രെഡിറ്റ് യൂണിയനെക്കുറിച്ച് തിരുവില്വാമല പള്ളിയിൽ ക്ലാസ്സ് സംഘടിപ്പിച്ചു. സ്നേഹനിധി കോ–ഓർഡിനേറ്റർ നയിച്ച ക്ലാസിൽ സ്നേഹനിധിയെക്കുറിച്ച് വിശദമായി സംസാരിച്ചു. തിരുവില്വാമല ഇടവകയിലെ വനിതാംഗങ്ങൾ, വികാരി ഫാ. സാജൻ പിണ്ടിയാൻ, സി. വിനയ SSJW തുടങ്ങിയവർ ക്ലാസ്സിൽ പങ്കെടുത്തു.

**സഹായങ്ങൾ വിതരണം ചെയ്തു.**

സ്നേഹനിധി അംഗങ്ങൾക്ക് വേണ്ടിയുള്ള കരുതൽ ക്ഷേമപദ്ധതിയിൽ നിന്നും ഇതുവരെ 161 അംഗങ്ങൾക്കായി 8,55,000 /–രൂപ സഹായധനം നല്കി. 104 പേർക്ക് വിവാഹ സഹായവും 47 പേർക്ക് ചികിത്സാ സഹായവും 10 പേർക്ക് മരണാനന്തരസഹായവുമാണ് നൽകിയത്.

**ജെസ്പ് – യൂണിറ്റ് സന്ദർശനം നടത്തി.**

ജെസ്പ് പദ്ധതിയുടെ ഭാഗമായി ചാഴൂർ, പെരിങ്ങോട്ടുകര, വരടിയം, കൊട്ടേക്കാട്, എറവ്, ആർത്താറ്റ്, ആളൂർ, കുരിയച്ചിറ, പടവരാട് എന്നീ യൂണിറ്റുകൾ സാന്ത്വനം ഡയറക്ടർ, കോ–ഓർഡിനേറ്റർ, ആനിമേറ്റർ തുടങ്ങിയവർ സന്ദർശിച്ചു. യൂണിറ്റുകളിൽ നടത്തിയ യോഗത്തിൽ പദ്ധതിയിൽ ഉൾപ്പെട്ട കുട്ടികളും അവരുടെ മാതാപിതാക്കളും

പങ്കെടുത്തിരുന്നു. യോഗത്തിൽ കുട്ടികളുടെ പഠനനിലവാരം വിലയിരുത്തുകയും പരീക്ഷക്കൊരുങ്ങുവാൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഏപ്രിൽ –മെയ് മാസങ്ങളിൽ പതിവായി നടത്തിവരാറുള്ള സമ്മർ ക്യാമ്പ് ഈ വർഷം നടത്തുന്നതിനെപ്പറ്റി ഡയറക്ടർ സംസാരിച്ചു.

**ഗോഡ്സ് ഓൺ ഫാമിലി**

ഗോഡ്സ് ഓൺ ഫാമിലി പദ്ധതിപ്രകാരം സഹായങ്ങൾ ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.
എരവിമംഗലം–Rs.7,000/–, അന്തിക്കാട്–Rs.30,000/–, ചേലക്കര–Rs.65,000/–, കോനിക്കര–Rs.10,000/–, കാഞ്ഞാണി–25,000/–, അയ്യന്തോൾ–Rs.3,000/–. വില്ലടം–Rs.7,000/–.

**കേശദാനം നടത്തി.**

കാൻസർ ചികിത്സയുടെ ഭാഗമായി മുടി നഷ്ടപ്പെടുന്ന രോഗികൾക്ക് വിഗ്ഗ് നിർമ്മിക്കുന്നതിനായി 150 പേർ മുടി ദാനം ചെയ്തു. കേശദാനത്തിന്റെ പ്രസക്തിയെക്കുറിച്ചും മാഹാത്മ്യത്തെക്കുറിച്ചും അമല ഹോസ്പിറ്റൽ അസോസിയേറ്റ് ഡയറക്ടർ ഫാ. ജെയ്സൺ മുണ്ടൻമാണി ബോധവല്ക്കരണം നടത്തി. അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീമതി ഡോ. മേരി റെജീന സ്വന്തം മുടി ദാനം ചെയ്തു കൊണ്ട് കേശദാനക്യാമ്പ് ഉദ്ഘാടനം ചെയ്തു. വിവിധ സ്കൂളുകളിൽ നിന്നുള്ള ലാവൻഡർ ആർമി പ്രവർത്തകർ, സ്നേഹനിധിയംഗങ്ങൾ തുടങ്ങി മുടി ദാനം ചെയ്തവർക്ക് സർട്ടിഫിക്കറ്റ് വിതരണവും നടത്തി.

**നവവൈദികർ സന്ദർശിച്ചു.**

തൃശൂർ അതിരൂപതയിലെ നവവൈദികർ സാന്ത്വനം ഓഫീസ് സന്ദർശിച്ചു. അതിരൂപതയുടെ സാമൂഹ്യപ്രസ്ഥാനങ്ങളെക്കുറിച്ച് അറിയുക, പരിചയപ്പെടുക എന്ന ലക്ഷ്യത്തോടെയാണ് സന്ദർശനമൊരുക്കിയത്. മേരിമാത മേജർ സെമിനാരിയിലെ റവ. ഫാ. തോമസ് E.J., റവ.ഫാ.ആന്റണി കുരുതുകുളങ്ങര എന്നിവർ സന്ദർശനത്തിന് നേതൃത്വം വഹിച്ചു. സാന്ത്വനം ഡയറക്ടർ സാന്ത്വനത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചു.

**ഫാ. തോമസ് പൂപ്പാടി**
ഡയറക്ടർ

FAMILY APOSTOLATE CENTRE, THRISSUR



# ഫാമിലി അപ്പോസ്റ്റലേറ്റ്

**നവദമ്പതിസംഗമം : മാർച്ച് 4 ഞായർ**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ നവദമ്പതികളുടെ ഏഴാമത്തെ കൂട്ടായ്മയാണ് മാർച്ച് 4–ാം തിയ്യതി ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നത്. 2017 ഡിസംബർ, 2018 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ വിവാഹിതരായവരാണ് ഈ കൂട്ടായ്മയിൽ പങ്കെടുക്കേണ്ടത്. അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന നവദമ്പതി സംഗമത്തിലേക്ക് സ്നേഹത്തോടെ ക്ഷണിക്കുന്നു. സമയം രാവിലെ 9.30 മുതൽ 1.00 മണി വരെയായിരിക്കും. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ.ജിയോ തെക്കിനിയത്ത്**
അസോ.ഡയറക്ടർ




**ചർച്ചാപഠനപരിശീലന ക്യാമ്പ്**
**മാർച്ച് 24 ശനി**

ഫെബ്രുവരി മാസത്തെ കുടുംബകൂട്ടായ്മ ചർച്ചാപഠനക്ലാസ്സിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി. ഏപ്രിൽ മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറി

ച്ചുള്ള ചർച്ചാ പഠനക്ലാസ്സ് മാർച്ച് 24–ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് രണ്ടുപേരെയെങ്കിലും പറഞ്ഞയക്കുമല്ലോ.

**കുടുംബകൂട്ടായ്മ മേഖല കൺവെൻഷൻ**

കുടുംബകൂട്ടായ്മ ഭാരവാഹികളെ ശക്തിപ്പെടുത്തുകയും അവരുടെ ദൗത്യത്തെയും കടമകളെയും കുറിച്ച് കൂടുതൽ ബോധവാന്മാരാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുക്കൂടി മാർച്ച് 4, 11 തിയ്യതികളിൽ 4 മേഖലകളായി എല്ലാ കുടുംബകൂട്ടായ്മ ഭാരവാഹികളുടെയും സംഗമം നടക്കുകയാണ്.

മാർച്ച് 4–ാം തിയ്യതി ബസിലിക്ക മേഖലയുടെ കൺവെൻഷൻ (ബസിലിക്ക, ഒല്ലൂർ, പുതുക്കാട്, പഴുവിൽ ഫൊറോനകൾ) ഡോളേഴ്സ് ബസിലിക്ക ഹാളിൽ വച്ച് ഉച്ചയ്ക്ക് 2 മുതൽ വൈകീട്ട് 5 വരെ നടക്കുന്നു.

മാർച്ച് 4–ാം തിയ്യതി ലൂർദ്ദ് മേഖലയുടെ കൺവെൻഷൻ (ലൂർദ്ദ്, കൊട്ടേക്കാട്, പട്ടിക്കാട്, പുത്തൂർ ഫൊറോനകൾ) ലൂർദ്ദ് പള്ളിയിൽ വച്ച് ഉച്ചയ്ക്ക് 2 മുതൽ വൈകീട്ട് 5 വരെ നടക്കുന്നു.

മാർച്ച് 11–ാം തിയ്യതി പാലയൂർ മേഖലയുടെ കൺവെൻഷൻ (പാലയൂർ, മറ്റം, പറപ്പൂർ, കണ്ടശ്ശാംകടവ് ഫൊറോനകൾ) പാവറട്ടി പള്ളി ഹാളിൽ വച്ച് ഉച്ചയ്ക്ക് 2 മുതൽ വൈകീട്ട് വൈകീട്ട് 5 വരെ നടക്കുന്നു.

മാർച്ച് 11–ാം തിയ്യതി വടക്കാഞ്ചേരി മേഖലയുടെ കൺവെൻഷൻ (വടക്കാഞ്ചേരി, ചേലക്കര, എരുമപ്പെട്ടി, വേലൂർ ഫൊറോനകൾ) ചേലക്കര പള്ളി ഹാളിൽ വച്ച് ഉച്ചയ്ക്ക് 2 മുതൽ വൈകീട്ട് 5 വരെ നടക്കുന്നു.

മേഖല കൺവെൻഷനിൽ ഇടവകയിലെ എല്ലാ ഭാരവാഹികളെയും പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ. അന്നേദിവസം കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ നടത്താതിരിക്കാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അൽജോ കരേരക്കാട്ടിൽ**
അസി.ഡയറക്ടർ

**എ.എ. ആന്റണി**
ജനറൽ കൺവീനർ

**പോൾ പാറക്കൽ**
ജനറൽ സെക്രട്ടറി



# മാതൃവേദി

**വനിതാദിനം**
**മാർച്ച് 8 വ്യാഴം (2.00 pm – 4.00 pm)**

ലോകവനിതാദിനത്തോടനുബന്ധിച്ച് മാർച്ച് 8–ാം തിയ്യതി വ്യാഴാഴ്ച്ച 2 മുതൽ 4 വരെ രൂപതാതലത്തിൽ വനിതാദിനം ആഘോഷിക്കുന്നു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ ആചരിക്കുന്ന ഈ വനിതാ ദിനത്തിലേക്ക് മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അൽജോ കരേരക്കാട്ടിൽ**
അസി.ഡയറക്ടർ

**ശ്രീമതി. ബീന ജോഷി**
പ്രസിഡണ്ട്

**ശ്രീമതി. ജൂലി ബാബു**
സെക്രട്ടറി

നിന്റെ എല്ലാ പ്രവൃത്തികളും
ദൈവവിചാരത്തോടെയാകട്ടെ; അവിടുന്ന്
നിനക്ക് വഴി തെളിച്ചുതരും. *സുഭാ. 3:6*




# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**പ്രോലൈഫ് ഡോക്ടേഴ്സ് സെമിനാർ**

**മാർച്ച് 4 ഞായർ (2.00 pm – 5.00 pm)**

തൃശ്ശൂർ അതിരൂപതയുടെ പ്രോലൈഫ് സംഘടനയുടെ ആഭിമുഖ്യത്തിൽ ഡോക്ടേഴ്സ് പ്രോലൈഫ് സെമിനാർ 2018 മാർച്ച് 4–ാം തിയ്യതി ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് നടക്കുന്നു. ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ ഡോക്ടർമാരെയും ഈ ഡോക്ടേഴ്സ് പ്രോലൈഫ് സെമിനാറിലേക്ക് ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**തിരുമണിക്കൂർ ആരാധന**

**മാർച്ച് 5 തിങ്കൾ (വൈകീട്ട് 6.30 മുതൽ 7.30 വരെ)**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**പ്രോലൈഫ് ഡേ ആചരണം**

**മാർച്ച് 25 ഞായർ (2.00 pm – 4.00 pm)**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലും കെ.സി.ബി.സി പ്രോലൈഫ് സമിതിയും ചേർന്ന് പ്രോലൈഫ് ഡേ ആചരിക്കുന്നു. ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സുമനസ്സുകളെയും ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് നടത്തുന്ന പ്രോലൈഫ് ഡേ ആചരണത്തിലേക്ക് ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

## വനിതാ കമ്മീഷൻ

### അന്തർദേശീയ വനിതാദിനം

**മാർച്ച് 8 വ്യാഴം (2.00 pm – 4.00 pm)**

അന്തർദേശീയ വനിതാദിനത്തോടനുബന്ധിച്ച് മാർച്ച് 8 അതിരൂപത വനിതാ കമ്മീഷന്റെ നേതൃത്വത്തിൽ വനിതാ സെമിനാറും ബോധവൽക്കരണ ക്ലാസ്സും സംഘടിപ്പിക്കുന്നു. അതിരൂപതയിലെ എല്ലാ വനിതാസംഘടനകളും ഇതിൽ സംബന്ധിക്കണമെന്ന് ഓർമ്മപ്പെടുത്തുകയും സ്നേഹത്തോടെ ക്ഷണിക്കുകയും ചെയ്യുന്നു.

**ഫാ.ഡെന്നി താണിക്കൽ** ഡയറക്ടർ

**പ്രൊഫ. എലിസബത്ത് മാത്യു** – പ്രസിഡന്റ്

# CCWI

### വനിതാദിനം

**മാർച്ച് 8 വ്യാഴം (2.00 pm – 4.00 pm)**

ലോകവനിതാദിനത്തോടനുബന്ധിച്ച് മാർച്ച് 8–ാം തിയ്യതി വ്യാഴാഴ്ച്ച 2 മുതൽ 4 വരെ രൂപതാതലത്തിൽ വനിതാദിനം ആഘോഷിക്കുന്നു. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ ആചരിക്കുന്ന ഈ വനിതാ ദിനത്തിലേക്ക് സി.സി.ഡബ്ലിയു.ഐയിലെ എല്ലാവരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ.ഡെന്നി താണിക്കൽ** ഡയറക്ടർ

**ശ്രീമതി നിർമ്മല കള്ളിയത്ത്** – പ്രസിഡന്റ്



# ബൈബിൾ അപ്പസ്തോലേറ്റ്

**യാത്രാമംഗളങ്ങൾ..!**

അതിരൂപത ബൈബിൾ അപ്പസ്തൊലേറ്റിന്റെ ഡയറക്ടറായി കഴിഞ്ഞ 3 വർഷത്തോളം നേതൃത്വം നൽകിയ ഞങ്ങളുടെ പ്രിയപ്പെട്ട ബഹു. ഫ്രാൻസീസ് കൂത്തൂരച്ചന് സ്തുത്യർഹമായ സേവനത്തിന് കൃതജ്ഞതയുടെ നറുമലരുകൾ... പുതിയ സേവനരംഗങ്ങളിൽ എല്ലാ വിധ പ്രാർത്ഥനാശംസകളും നേരുന്നു...

**സ്വാഗതം..!**

ബൈബിൾ അപ്പസ്തൊലേറ്റിന്റെ അസി. ഡയറക്ടറായി കഴിഞ്ഞ 2 വർഷത്തോളം സേവനമനുഷ്ഠിക്കുകയും, ഇപ്പോൾ ഡയറക്ടറായി ചുമതലയേൽക്കുകയും ചെയ്യുന്ന ബഹു. ലിജോ ചിറിയങ്കണ്ടത്തച്ചന് എല്ലാവിധ ആശംസകളും പ്രാർത്ഥനകളും...

**വെരിത്താസ് ക്വിസ് 2018**

**I. പ്രായവിഭാഗം**

A വിഭാഗം: 1–1–2007 നുശേഷം ജനിച്ചവർ

B വിഭാഗം: 1–1–2002 നും 31–12–2006 നും ഇടയിൽ ജനിച്ചവർ

C വിഭാഗം: 1–1–1987 നും 31–12–2001 നും ഇടയിൽ ജനിച്ചവർ

D വിഭാഗം: 1–1–1967 നും 31–12–1986 നും ഇടയിൽ ജനിച്ചവർ

E വിഭാഗം: 1–1–1954 നും 31–12–1966 നും ഇടയിൽ ജനിച്ചവർ

F വിഭാഗം: 31–12–1953ന് മുമ്പ് ജനിച്ചവർ

**II. വിഷയം**

1.) **നിയമാവർത്തനം:** 1–ാം അദ്ധ്യായം മുതൽ 11–ാം അദ്ധ്യായം വരെ

2.) **പ്രഭാഷകൻ:** 1–ാം അദ്ധ്യായം മുതൽ 10–ാം അദ്ധ്യായം വരെ

3.) **മത്തായി:** 10–ാം അദ്ധ്യായം മുതൽ 18–ാം അദ്ധ്യായം വരെ

4.) **വെളിപാട്:** 10–ാം അദ്ധ്യായം മുതൽ 16–ാം അദ്ധ്യായം വരെ

**III. രജിസ്ട്രേഷൻ:** 2018 മെയ് 25 മുതൽ ആഗസ്റ്റ് 15 വരെ

**IV. പരീക്ഷാതിയ്യതികൾ**

| | |
|---|---|
| ഇടവകതലം | : 2018 സെപ്റ്റംബർ 16 (2 pm - 3.30 pm) |
| അതിരൂപതാതലം | : 2018 നവംബർ 04 (2 pm) |
| ഗ്രാന്റ് ഫിനാലെ | : 2018 നവംബർ 25 (2 pm) |

*വെരിത്താസ് പ്രതിഭയ്ക്ക് വിശുദ്ധനാട് തീർത്ഥാടനം*
*ഇടവക–ഫൊറോന–അതിരൂപതാതല വിജയികൾക്ക്*
*ആകർഷകമായ സമ്മാനങ്ങൾ*

**VI. ഇതര വെരിത്താസ് ക്വിസ് മത്സരങ്ങൾ**

| | |
|---|---|
| 1. യൂത്ത് വെരിത്താസ് ക്വിസ്: | 2018 ആഗസ്റ്റ് 05ന് |
| 2. ഫാമിലി വെരിത്താസ് ക്വിസ്: | 2018 ആഗസ്റ്റ് 12ന് |
| 3. ടീച്ചേഴ്സ് വെരിത്താസ് ക്വിസ്: | 2018 ആഗസ്റ്റ് 19ന് |
| 4. സമർപ്പിത വെരിത്താസ് ക്വിസ്: | 2018 ആഗസ്റ്റ് 26ന് |
| 5. വചനമെഴുത്ത് മത്സരം: | 2018 സെപ്റ്റംബർ 2ന് |
| 6. കാറ്റക്കിസം വെരിത്താസ് ക്വിസ്: | 2018 സെപ്റ്റംബർ 09ന് |

**ബൈബിൾ ക്വിസ് പഠനസഹായി –2018**

2018 ലെ ബൈബിൾ ക്വിസുകൾക്കുള്ള "സമ്പൂർണ്ണ പഠനസഹായി" 2018 മാർച്ച് 10–ാം തീയ്യതി നടക്കുന്ന ബൈബിൾ ആനിമേറ്റേഴ്സിന്റെ മീറ്റിംഗിൽ പ്രകാശനം ചെയ്യുന്നതാണ്. അന്തർദ്ദേശീയ തലത്തിൽ നടക്കുന്ന ലോഗോസ് മത്സരങ്ങൾക്കു ചോദിക്കുവാൻ സാധ്യതയുള്ളതും, അതിരൂപതതല വെരിത്താസ് ക്വിസിലെ ഒട്ടുമിക്ക ചോദ്യങ്ങളും ഉൾക്കൊള്ളുന്ന ഈ പഠനസഹായി വേണ്ടവർക്ക് ബൈബിൾ അപ്പസ്തൊലേറ്റിലോ, ഇൻ ചാർജ്ജുമാർ വഴിയോ, ബുക്ക്സ്റ്റാളുകളിൽ നിന്നോ കൈപ്പറ്റാവുന്നതാണ്. വചന പഠനത്തിനുള്ള ബൈബിൾ ഭാഗങ്ങൾകൂടി ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**നോമ്പുകാല വിചിന്തനങ്ങൾ**

അനുതാപത്തിന്റെയും പരിത്യാഗത്തിന്റെയും സന്ദേശങ്ങളുമായി **കാൽവരിയിലേക്ക്** എന്ന പേരിൽ തൃശ്ശൂർ അതിരൂപതയിലെ വൈദീകർ നല്കുന്ന 50 ദിവസത്തെ 3 മിനിറ്റ് നീളുന്ന വീഡിയോ വചനസന്ദേശങ്ങൾ ഓരോ ദിവസവും Whats App, Facebook, Youtube മാധ്യമങ്ങൾ വഴി ലോകമെമ്പാടുമുള്ള വിശ്വാസികൾക്ക് അയച്ചുകൊടുക്കുന്നു. ഉത്ഥാനത്തിന്റെ മഹത്വത്തിലേക്ക് ഈ 50 ദിവസവും കുരിശിന്റെ വഴിയെ....

നമുക്കൊരുമിച്ച് യാത്രാ ചെയ്യാം...

ഈ സന്ദേശങ്ങൾ ലഭിക്കാൻ ആഗ്രഹിക്കുന്നവർക്ക് Whats App നമ്പറിൽ (+919447721976) ബന്ധപ്പെടാവുന്നതാണ്.

**ബൈബിൾ കോഴ്സ്**

ബൈബിൾ ഡിപ്ലോമ കോഴ്സിനും പോസ്റ്റൽ സ്റ്റഡിയ്ക്കും പങ്കെടുക്കാൻ താത്പര്യമുള്ളവർ ബൈബിൾ അപ്പസ്തൊലേറ്റ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**തീർത്ഥാടനങ്ങൾ**

യൂറോപ്പ് തീർത്ഥാടനം 2018 മെയ് 1നും ഒക്ടോബർ 1നും, വിശുദ്ധനാട് തീർത്ഥാടനം 2018 ഏപ്രിൽ 3, 17; മെയ് 2, 9, 19; ആഗസ്റ്റ് 19; സെപ്റ്റംബർ 16; ഒക്ടോബർ 12; നവംബർ 2 എന്നീ തിയ്യതികളിൽ പുറപ്പെടുന്നു.

പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ.

ഫോൺ: 0487–2320780, 7558937090, 8921266465

**ബൈബിൾ കലണ്ടർ**

അനുദിന ബൈബിൾ പാരായണത്തെ സഹായിക്കുന്ന ലിറ്റർജിക്കൽ കലണ്ടറിന്റെ ഇടവകകളിലേയ്ക്കുള്ള കോപ്പികൾ ഇനിയും കൊണ്ടുപോകാത്ത ഇടവകക്കാർ മാർച്ച് 10ന് മുമ്പായി ബൈബിൾ അപ്പസ്തൊലേറ്റിൽ നിന്നും കൊണ്ടു പോകേണ്ടതാണ്. ഓരോ ഭവനത്തിലും കലണ്ടർ എത്തിക്കാൻ സഹകരിക്കുന്ന വികാരിയച്ചന്മാർക്കും കുടുംബ കൂട്ടായ്മ ഭാരവാഹികൾക്കും ബൈബിൾ ആനിമേറ്റേഴ്സിനും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

**ഫാ. ലിജോ ചിരിയങ്കണ്ടത്ത്**
**ഡയറക്ടർ**




### എക്സൽ ആപ്റ്റിറ്റ്യൂഡ് പരീക്ഷ

എക്സൽ അക്കാദമി പരിശീലനത്തിനായി 2018 വർഷത്തിലേക്കുള്ള അഡ്മിഷനുവേണ്ടി ഇടവകതലത്തിൽ നടത്തപ്പെട്ട ആപ്റ്റിറ്റ്യൂഡ് പരീക്ഷയിൽ 85 ഇടവകകളിൽ നിന്നായി 2300 കുട്ടികൾ പങ്കെടുത്തു. ഈ പരീക്ഷയിലെ റാങ്കുകൾ അനുസരിച്ചാണ് അക്കാദമിയിലേക്ക് പുതിയ അഡ്മിഷൻ സജ്ജീകരിക്കുന്നത്. സയൻസ്, ഹ്യൂമാനിറ്റിക്സ് എന്നിങ്ങനെ രണ്ടു വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി രണ്ടു പരീക്ഷകളാണ് നടത്തപ്പെട്ടത്. സഹകരിച്ച വികാരിയച്ചന്മാർക്കും മതബോധനധ്യാപകർക്കും പ്രത്യേകം നന്ദി പറയുന്നു. മാർച്ച് 12 ന് റിസൽട്ടും തെരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ ലിസ്റ്റും www.excelacademytcr.com എന്ന വെബ്സൈറ്റിൽ ലഭ്യമാകും.

ഈ പരീക്ഷയിൽ പങ്കെടുക്കുവാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് ഏപ്രിൽ 14 ന് ഉച്ചയ്ക്ക് രണ്ടു മണിക്ക് സെന്റ് തോമസ് കോളേജ് ജൂബിലി ബ്ലോക്കിൽ വെച്ച് ജനറൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് നടത്തുന്നുണ്ട്. അതിൽ പങ്കെടുക്കാവുന്നതാണ്.

### സൗജന്യ PSC സെമിനാർ

കേരള ഗവൺമെന്റിലെ ജോലി സാദ്ധ്യതകളെക്കുറിച്ചും PSC പരീക്ഷകളെക്കുറിച്ചും സൗജന്യ സെമിനാറുകൾ ഇടവകാതലത്തിൽ സംഘടിപ്പിക്കുന്നു. **18 വയസ്സിനും 35 വയസ്സിനും** ഇടയിലുള്ള വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ആണ് ഈ സെമിനാർ നടത്തുന്നത്. രണ്ടു മണിക്കൂർ ദൈർഘ്യമുള്ള ഈ സെമിനാറിൽ അരമണിക്കൂർ മോഡൽ PSC പരീക്ഷയുണ്ടായിരിക്കും. അതിൽ ഒന്നാം സ്ഥാനം നേടുന്ന വ്യക്തിക്ക് എക്സൽ PSC സൗജന്യ പരിശീലനം നൽകുന്നു. സിവിൽ പോലീസ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്നീ കോഴ്സുകളിലേക്ക് പരിശീലനം നൽകുന്നുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് – **Mob: 9846905210, 9744941585**

### K-TET പരിശീലനം

എക്സൽ അക്കാദമിയുടെ കെ–ടെറ്റ് ഒന്നാം ബാച്ച് പരിശീലനം പൂർത്തിയായി, പരീക്ഷ എഴുതി, നല്ലൊരു ശതമാനം അദ്ധ്യാപകർ ഉന്നത വിജയം

കരസ്ഥമാക്കി. രണ്ടാം ബാച്ച് പരിശീലനം **ഫെബ്രുവരി 17-ാം** തീയതി **9.30 ന്** ആരംഭിച്ചു. ശനിയാഴ്ച **രാവിലെ 9.30 മുതൽ 4 മണി വരെയും ഞായറാഴ്ച ഉച്ചയ്ക്ക് 1 മണി മുതൽ 5 മണി വരെയായിരിക്കും** പരിശീലനം. രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **Mob: 8111842784, 9744941585**

**മെഡിക്കൽ, എഞ്ചിനീയറിങ്ങ് ക്രാഷ് കോഴ്സ്**

ഈ വർഷം മെഡിക്കൽ, എഞ്ചിനീയറിംഗ് പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന കുട്ടികൾക്ക് **മാർച്ച് 28 ബുധനാഴ്ച മുതൽ** ഒരു മാസം ക്രാഷ് കോഴ്സ് ഒരുക്കിയിരിക്കുന്നു. **രാവിലെ 9 മണി മുതൽ 4 മണി വരെ D.B.C.L.C യിൽ** വെച്ചാണ് കോച്ചിങ്ങ്. 12-ാം ക്ലാസ്സിൽ വേദപാഠം പഠിക്കുന്ന കുട്ടികൾ എൻട്രൻസ് പരീക്ഷകൾക്ക് ഒരുങ്ങുന്നുണ്ടെങ്കിൽ അവരെ ഈ ക്രാഷ് കോഴ്സിലേക്ക് പ്രോത്സാഹിപ്പിക്കുന്നത് ഉചിതമാണ്.

കൂടുതൽ വിവരങ്ങൾക്ക് - **Mob: 9495106870, 9744941585**

**സൗജന്യ ബ്രിഡ്ജ് കോഴ്സ്**

മെഡിക്കൽ, എഞ്ചിനീയറിങ്ങ് പരീക്ഷ എഴുതുവാൻ താൽപ്പര്യമുള്ള ഈ വർഷം 10-ാം ക്ലാസ്സ് പരീക്ഷ എഴുതിയിരിക്കുന്ന കുട്ടികൾക്ക് 5 ദിവസം നീണ്ടു നിൽക്കുന്ന സൗജന്യ ബ്രിഡ്ജ് കോഴ്സ് നടത്തുന്നു. **ഏപ്രിൽ 23 മുതൽ 27 വരെ രാവിലെ 9 മുതൽ 4 വരെ D.B.C.L.C ക്യാമ്പസിൽ** വെച്ചാണ് ഈ കോഴ്സ് ഒരുക്കിയിരിക്കുന്നത്.

കൂടുതൽ വിവരങ്ങൾക്ക് - **Mob: 9495106870, 9744941585**

**വ്യക്തിത്വ പരിശീലന ക്യാമ്പ്**

വേനൽക്കാല അവധി ദിവസങ്ങളിൽ ഇംഗ്ലീഷ് ഭാഷയും, വ്യക്തിത്വ വികസനവും, മെന്റൽ എബിലിറ്റിയും പരിശീലിപ്പിക്കുന്നു. മൂന്നു ദിവസത്തെ റസിഡൻഷ്യൽ ക്യാമ്പ് D.B.C.L.C യിൽ വെച്ച് നടത്തുന്നു. **7-ാം ക്ലാസ്സു മുതൽ 10-ാം ക്ലാസ്സു വരെ** പഠിക്കുന്ന കുട്ടികളെയാണ് പ്രതീക്ഷിക്കുന്നത്. റജിസ്റ്റർ ചെയ്യുന്ന ആദ്യത്തെ അമ്പതുപേർക്കാണ് പ്രവേശനം ലഭിക്കുന്നത്. താമസം, ഭക്ഷണം എന്നിവയടക്കം **റജിസ്ട്രേഷൻ ഫീസ് Rs. 550/-** ഏപ്രിൽ 4-ാം തിയ്യതി ഉച്ച കഴിഞ്ഞ് 2 മണി മുതൽ 6-ാംതിയ്യതി ഉച്ച കഴിഞ്ഞ് 2 മണി വരെയാണ് ക്യാമ്പ്.

കൂടുതൽ വിവരങ്ങൾക്ക് - **Mob : 9495106870, 9744941585**

**സിവിൽ സർവ്വീസ് ബ്രിഡ്ജ് കോഴ്സ്**

10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് IAS കോച്ചിങ്ങിനായി 20 ദിവസം നീണ്ടു നിൽക്കുന്ന ബ്രിഡ്ജ് കോഴ്സ് **ഏപ്രിൽ 3 മുതൽ** ആരംഭിക്കുന്നു. അവിണിശ്ശേരി ക്യാമ്പസ്സിൽ വെച്ചാണ് ഈ ആമുഖ ക്ലാസ്സുകൾ ഒരുക്കിയിരിക്കുന്നത്.

കൂടുതൽ വിവരങ്ങൾക്ക് - **0487 - 2351333, 9539262823**

സ്നേഹത്തോടെ,

**റവ. ഡോ. ഡേവീസ് തെക്കേകര**

NEST



# നെസ്റ്റ്

2017 ഏപ്രിൽ മാസം 17ന് വാടാനപ്പിള്ളിക്കു സമീപം ഉണ്ടായ വാഹന അപകടത്തിൽ പരിക്കേറ്റ നെസ്റ്റിലെ ഡോ. സി. ബീന ചൂണ്ടൽ മരീന ഹോമിൽ ചികിത്സയും വിശ്രമവും കഴിഞ്ഞ് ഡിസംബർ മാസത്തിൽ നെസ്റ്റിലെ ശുശ്രൂഷകൾ വീണ്ടും ഏറ്റെടുത്തു. സിസ്റ്ററിന്റെ അസാന്നി ധ്യത്തിൽ ഡോ. ഷെറിൻ നെസ്റ്റിൽ സഹായിച്ചു.

2018 ജനുവരി 23ന്, അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് നെസ്റ്റിൽ ട്രസ്സ് വർക്ക് ചെയ്ത ഭാഗത്തിന്റെ ആശീർവാദ കർമ്മം നിർവഹിച്ചു. ഡയറക്ടർ ഫാ. ലിജോ ചിറ്റിലപ്പിള്ളി അച്ചനെ പ്രത്യേകം അനുമോദിച്ചു.

മൂന്നുവർഷക്കാലത്തെ സ്തുത്യർഹവും നിസ്വാർത്ഥവുമായ ശുശ്രൂഷ ക്കുശേഷം ഡയറക്ടർ ലിജോ അച്ചൻ തൃശ്ശൂർ സെന്റ് ആൻസ് ഇടവക വികാരിയായി സ്ഥലം മാറിപ്പോയി. നെസ്റ്റ് കുടുംബാംഗങ്ങൾ ഉചിതമായ യാത്രയയ്പ്പു നൽകി.

ചേലക്കര ഫൊറോവികാരിയായിരുന്ന ഫാ. റാഫേൽ താണിശ്ശേരി നെസ്റ്റിന്റെ അഞ്ചാമത്തെ ഡയറക്ടറായി സ്ഥാനമേറ്റു. നെസ്റ്റ് കുടുംബാം ഗങ്ങൾ ഹൃദ്യമായ സ്വാഗതം നൽകി.

**ഫാ. റാഫേൽ താണിശ്ശേരി –ഡയറക്ടർ**




# സി.എൽ.സി.

**സി.എൽ.സി. കാരുണ്യ-വാരാചരണത്തിന് തുടക്കമായി**

തൃശ്ശൂർ അതിരൂപത സി.എൽ.സി പരിശുദ്ധ ലൂർദ്ദ് മാതാവിന്റെ തിരുന്നാളിനോടനുബന്ധിച്ച് അമല മെഡിക്കൽ കോളേജിൽ നടത്തിയ കാരുണ്യ വാരാചരണത്തിന്റെ ഉദ്ഘാടനം സി എം ഐ ദേവമാതാ പ്രൊവിൻഷ്യൽ ഫാ. വാൾട്ടർ തേലപ്പിള്ളി നിർവ്വഹിച്ചു. സംസ്ഥാന സി.എൽ.സി പ്രമോട്ടർ ഫാ. ജിയോ തെക്കിനിയത്ത് കാരുണ്യദിന സന്ദേശം നൽകി. അതിരൂപത സി.എൽ.സി പ്രസിഡന്റ് ജോമി ജോൺസൺ, അതിരൂപത സി.എൽ.സി സെക്രട്ടറി ജെസ്‌വിൻ സാജു, ട്രഷറർ ഐജോ പോറുത്തൂർ എന്നിവർ സംസാരിച്ചു. ജനറൽ കോർഡിനേറ്റർ ബിജിൽ സി ജോസഫ്, നാഷണൽ കൺസൾട്ടന്റ് വിനേഷ് കോളേങ്ങാടൻ, സംസ്ഥാന എക്സിക്യൂട്ടീവ് നോബി മേനാച്ചേരി, വൈസ് പ്രസിഡന്റ് ഡോംസൺ സൈമൺ, ജോ. സെക്രട്ടറി ജീസോ ലോനപ്പൻ എന്നിവർ നേതൃത്വം നൽകി.

**കേപ്പോ-അതിരൂപത സി.എൽ.സി ലീഡേഴ്സ് മീറ്റ് 2018**

സ്പിരിചൽ ആനിമേഷൻ സെന്ററിൽ വച്ചു നടന്ന തൃശ്ശൂർ അതിരൂപത സി.എൽ.സിയുടെ കേപ്പോ 2018 ലീഡേഴ്സ് മീറ്റ് അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് ഉദ്ഘാടനം ചെയ്തു. രണ്ടു ദിവസമായി നടത്തപ്പെട്ട ക്യാമ്പിൽ അതിരൂപതയിലെ ഫൊറോന ഭാരവാഹികൾ പങ്കെടുത്തു. മോൺ. ജോർജ്ജ് കോമ്പാറ, സംസ്ഥാന-അതിരൂപത സി.എൽ.സി പ്രമോട്ടർ ഫാ. ജിയോ തെക്കിനിയത്ത്, അസി. പ്രമോട്ടർ ഫാ. ഫ്രജോ വാഴപ്പിള്ളി, അതിരൂപത സി.എൽ.സി പ്രസിഡന്റ് ജോമി ജോൺസൺ, അതിരൂപത സി.എൽ.സി സെക്രട്ടറി ജെസ്‌വിൻ സാജു, ദേശീയ സി.എൽ.സി കൺസൾട്ടന്റ് വിനേഷ് കോളേങ്ങാടൻ, ജനറൽ കോർഡിനേറ്റർ ബിജിൽ സി ജോസഫ്, ട്രഷറർ ഐജോ പോറുത്തൂർ, ദീപ്തി, നിയ തോബിയാസ്, ഡോംസൺ സൈമൻ, ജീസോ ലോനപ്പൻ എന്നിവർ സംസാരിച്ചു. ആഷ്മി, ജെറിൻ, റോയ്ഡ്, സ്റ്റെഫി അക്കര തുടങ്ങി അതിരൂപത ഫൊറോന ഭരവാഹികൾ ലീഡേഴ്സ് മീറ്റിനു നേതൃത്വം നൽകി.

**ദേശീയ സി.എൽ.സി എക്സിക്യൂട്ടീവ് അംഗങ്ങൾ**

ദേശീയ സി.എൽ.സി എസ്കൊ മെമ്പറായി അതിരൂപത സി.എൽ.സി അസിസ്റ്റന്റ് പ്രൊമോട്ടർ ഫാ. ഫ്രജോ വാഴപ്പിള്ളിയേയും നാഷണൽ സി.എൽ.സി കൺസൽട്ടന്റായും സംസ്ഥാന അതിരൂപത സി.എൽ.സി ജനറൽ കോർഡിനേറ്റർ ശ്രീ. വിനേഷ് കോളേങ്ങാടനെയും തെരഞ്ഞെടുത്ത്.

**ജാഗരണ പദയാത്ര**

അതിരൂപത സി.എൽ.സിയുടെ നേതൃത്വത്തിൽ മാർച്ച് 9ന് പാലയൂരിലേക്ക് ജാഗരണ പദയാത്ര നടത്തുന്നു.

**വേസ്റ്റ് മാനേജ്മെന്റ്**

മാർച്ച് 18 ന് നടത്തുന്ന തൃശ്ശൂർ അതിരൂപതയുടെ പാലയൂർ തീർത്ഥാടനത്തിൽ ഈ വർഷവും വേസ്റ്റ് മാനേജ്മെന്റിന് അതിരൂപത സി.എൽ.സി നേതൃത്വം നൽകുന്നു.

**ലോക സി.എൽ.സി ദിനം**

ഈ വർഷത്തെ ലോക സി.എൽ.സി ദിനാചരണം മാർച്ച് 25 ന് ലൂർദ്ദ് ഫൊറോനയിലെ നെല്ലിക്കുന്ന് ഇടവകയിൽ വെച്ച് അതിരൂപത സി.എൽ.സി.യുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു.

**ഫാ. ജിയോ തെക്കിനിയത്ത്**
ഡയറക്ടർ

# ചിൽഡ്രൻസ് മിനിസ്ട്രി




**നന്ദി... സ്വാഗതം**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ ഡയക്ടറായി മൂന്ന് വർഷക്കാലം സേവനമനുഷ്ഠിച്ച ബഹുമാനപ്പെട്ട ജിജോ കപ്പിലാംനിരപ്പേലച്ചന് തിരുബാലസഖ്യത്തിന്റേയും, ജൂനിയർ സി. എൽ. സി യുടേയും അൾത്താര സംഘത്തിന്റെയും ഹൃദ്യമായ നന്ദി അറിയിക്കുന്നു. ചിൽഡ്രൻസ് മിനിസ്ട്രിക്ക് പുതിയ രൂപവും ഭാവവും നല്കുവാൻ അച്ചന്റെ പ്രവർത്തനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. ഈ കാലഘട്ടമത്രയും ചിൽഡ്രൻസ് മിനിസ്ട്രിയോട് അച്ചൻ കാണിച്ച

സ്നേഹത്തിനും, കരുതലിനും, പ്രോത്സാഹനത്തിനും നന്ദിയർപ്പിക്കുന്നു. മായന്നൂർ ഇടവക വികാരിയായി നിയമിതനായിരിക്കുന്ന അച്ചന് പുതിയ മേച്ചിൽ സ്ഥലത്ത് ഏറെ ദൈവാനുഗ്രഹത്തോടെ മുന്നേറുവാൻ സാധിക്കട്ടെ. അച്ചന് എല്ലാവിധ ഭാവുകങ്ങളും പ്രാർത്ഥനാപൂർവ്വം നേരുന്നു.

ചിൽഡ്രൻസ് മിനിസ്ട്രിയുടെ ഡയക്ടറായി പുതിയതായി നിയമിതനായ റവ. ഫാ. സിജോ മുരിങ്ങാത്തേരിക്ക് ഹൃദ്യമായ സ്വാഗതവും ഒപ്പം എല്ലാവിധ പ്രാർത്ഥനാശംസകളും നേർന്നുകൊള്ളുന്നു.

**യൂണിറ്റ് രജിസ്ട്രേഷൻ 2018**

തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളുടെ 2018 ലെ യൂണിറ്റ് രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു. എല്ലാ യൂണിറ്റുകളും എത്രയും വേഗം ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്ന് രജിസ്ട്രേഷൻ ഫോം കൈപറ്റേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

**കലാമത്സര സമ്മാനദാനം 2017-18**

2017-18 അദ്ധ്യയനവർഷത്തിലെ കലാമത്സരങ്ങളുടെ സമ്മാനദാനം 2018 ജനുവരി 27-ന് ഡി.ബി.സി.എൽ.സി. ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് നിലവിളക്കു തെളിയിച്ച് സന്ദേശം നല്കി ചടങ്ങ് ഉദ്ഘാടനം ചെയ്തു. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. ജിജോ കപ്പിലാംനിരപ്പേൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തിരുബാലസഖ്യദിനാചരണത്തിന്റെ ഭാഗമായി എല്ലാവരും ചേർന്ന് തിരുബാലസഖ്യ പ്രതിജ്ഞ ചൊല്ലി. കോഡിനേറ്റർ റവ. സി. റെജി വാർഷിക റിപ്പോർട്ട് വായിച്ചു. തൃശ്ശൂർ അതിരൂപത മതബോധന ഡയറക്ടർ റവ. ഫാ. റാഫേൽ ആക്കാമറ്റത്തിൽ അദ്ധ്യക്ഷത വഹിക്കുകയും, ചിൽഡ്രൻസ് മിനിസ്ട്രി പ്രമോട്ടർ റവ. ഫാ. സിജോ മുരിങ്ങാത്തേരി അനുഗ്രഹ പ്രഭാഷണം നടത്തുകയും ചെയ്തു. റവ. സി. ഗീതി മരിയ, ബ്രദർ ജീസ്മോൻ, ശ്രീമതി ശോഭ ജോൺസൺ, ശ്രീമതി മൃദുല ജോയ് എന്നിവർ ആശംസകൾ നേർന്നു. അതിരൂപതാ ചിൽഡ്രൻസ് മിനിസ്ട്രി ഭാരവാഹികളും 130 യൂണിറ്റുകളിൽ നിന്നും അഞ്ഞൂറിൽപരം കുട്ടികളും യോഗത്തിൽ സന്നിഹിതരായിരുന്നു. സമ്മാനങ്ങൾ വിതരണം ചെയ്യുന്നതിനും മറ്റു ക്രമീകരണങ്ങൾക്കും കോഡിനേറ്റർ സി. റെജി, ആനിമേറ്റർമാരായ സി. സെറിൻ, സി. അനീഷ, ബ്രദർ സ്റ്റെയ്ൻസ്, അജി ജോസ്, ബീന സെവി, ലിസി ജോസ്, ജിസ ജോസ്, എന്നിവർ നേതൃത്വം നൽകി. സെയിന്റ്സ് ക്വിസ് മൽസര

വിജയികൾക്കും, ബെസ്റ്റ് യൂണിറ്റിനും, മോഡൽ യൂണിറ്റിനും, ബെസ്റ്റ് മിഷൻ കളക്ഷൻ യൂണിറ്റിനും, ബെസ്റ്റ് പ്രയർ ഫ്രണ്ട് കളക്ഷനും, ബെസ്റ്റ് ജീസസ് ബർത്ത് ഡേ കളക്ഷൻ നടത്തിയവർക്കും, സാഹിത്യമത്സരങ്ങളിലും, സ്ക്കൂൾതല മത്സരവിജയികൾക്കും സമ്മാനവിതരണം നടത്തി. ചിൽഡ്രൻസ് മിനിസ്ട്രി അവാർഡ് ഡേ വളരെ ഭംഗിയായി നടത്തുവാൻ സഹായിച്ച ഏവർക്കും നന്ദി.

**HOLY CHILDHOOD - BEST UNITS**

| | |
|---|---|
| **Best Model Unit Parish level** | - St. John Bosco Church, **Mariapuram** |
| **Best Animator** | - Mrs. Sobha Johnson (Mariapuram) |
| **Best Active Member** | - Irene Sanoj (Mariapuram) |
| **Best Active Parents Award** | - Sanoj & Joycy (Mariapuram) |
| **Best Mission Collection in Holy Childhood** | - St. John Bosco Church, **Mariapuram** |
| **Best Model Unit School Level** | - Sacred Heart C.L.P.School, Trichur |
| **Best Animator** | - Dilma (SH CLPS, Trichur) |
| **Best Active Member** | - Angel Rose Benny (SH CLPS, Trichur) |
| **Best Active Parents Award** | - Benny K D & Siju Benny (SH CLPS, Tcr) |

**MODEL UNITS - HOLY CHILDHOOD**

| **Forane** | **Unit Name** |
|---|---|
| **1) Chelakkara** | - Our Lady of Grace Church, **Mayannur** |
| **2) Erumapetty** | - St George Church, **Mangad** |
| **3) Mattom** | - St Thomas Forane Church,**Mattom** |
| **4) Ollur** | - St Rocky’s Church, **Poothrakkal** |
| **5) Palayoor** | - Christ King Convent EM LP School, **Pavaratty** |
| **6) Parappur** | - St Joseph’s Church, **Amalanagar** |
| **7) Pazhuvil** | - St Antony’s Forane Church,**Pazhuvil** |
| **8) Pudukkad** | - Mary Immaculate Church,**Mannampetta** |
| **9) Puthur** | - Holy Trinity Church,**Bharatha** |
| **10) Velur** | - Our Lady of Rosary Church,**Eranellur** |

**11) Wadakkanchery** - Arogya Matha Church, **Karumathara**
**12) Pattikkad** - St Joseph Church,**Chuvannamannu**
**13) Trichur Basilica** - Sacred Heart Convent EM LP School,**Thrissur**

**ALTAR BOYS - BEST UNITS**

**Best Model Unit** - St.Marys Church, **Perakom**
**Best Animator** - Br . Jeesmon Chemmannur
**Best Active Member** - Tonet C. J.
**Best Active Parents Award** - Joseph & Teena
**Best in Prayer Friend Collection**- St. Geroges Church, **Mangad**

**MODEL UNITS - ABA**

| Forane | Unit Name |
|---|---|
| **1) Chelakkara** | - Our Lady of Grace Church, **Mayannur** |
| **2) Erumapetty** | - St George Church, **Mangad** |
| **3) Kandasankadavu** | - St Antony's Chruch, **North Karamuck** |
| **4) Parappur** | - St Joseph Church, **Amalanagar** |
| **5) Pattikkadu** | - St Joseph Church, **Chuvannamannu** |
| **6) Pazhuvil** | - St Antony's Forane Chruch, **Pazhuvil** |
| **7) Pudukkad** | - Mary Immaculate Church,**Mannampetta** |
| **8) Wadakkanchery** | - St Francis Xavier's Church**,Wadakkanchery** |

**JUNIOR CLC - BEST UNITS**

**Best Model Unit** - St. Joseph Church, **Amalanagar**
**Best Animator** - Denna Johnson
**Best Active Member** - Shaym Peter
**Best Active Parents Award** - Peter & Sheela.
**Best in Jesus Birthday Collection** - St Antonys Forane Church, **Pazhuvil**

**MODEL UNITS - JUNIOR C L C**

| Forane | Unit Name |
|---|---|
| **1) Chelakkara** | - Our Lady of Grace Church, **Mayannur** |
| **2) Pazhuvil** | - St Antony's Forane Chruch**, Pazhuvil** |
| **3) Pudukkad** | - Mary Immaculate Church, **Mannampetta** |
| **4) Trichur Lourde** | - Vimalanatha Church, **Paravattani** |
| **5) Pattikkad** | - St Patrick's Church**, Mulayam** |

**6) Puthur** - St Joseph's Church, **Ponnukkara**
**7) Wadakkanchery** - Arogyamatha Church, **Karumathra**
**8) Velur** - Our Lady of Rosary Church, **Eranellur**

## നേതൃത്വ പരിശീലന ക്യാമ്പുകൾ

**ആനിമേറ്റേഴ്സ് ഫോർമേഷൻ ക്യാമ്പ്**

ഏപ്രിൽ 9,10,11 (തിങ്കൾ, ചൊവ്വ, ബുധൻ) തിയ്യതികളിൽ മൂന്ന് ദിവസങ്ങളിലായി രാവിലെ 9 ന് ആരംഭിച്ച് വൈകീട്ട് 4ന് അവസാനിക്കുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. രജിസ്ട്രഷൻ ഫീസ് 100/ രൂപ.

**സ്പർശ് 2018**

ഇടവകകളിലും സ്കൂളുകളിലും 4–ാം ക്ലാസ്സ് മുതൽ 7–ാംക്ലാസ്സ് വരെ പഠിക്കുന്ന തിരുബാലസഖ്യം കുട്ടികൾക്ക് ഏപ്രിൽ 9,10,11 (തിങ്കൾ, ചൊവ്വ, ബുധൻ) തിയ്യതികളിൽ സ്പർശ് 2018 നടത്തുന്നതായിരിക്കും.

**ബെർക്കുമെൻസ് 2018**

അൾത്താരസംഘം കുട്ടികൾക്ക് ഏപ്രിൽ 12,13,14 (വ്യാഴം, വെള്ളി, ശനി) തിയതികളിൽ ബെർക്കുമെൻസ് 2018 നടത്തുന്നതായിരിക്കും.

**ക്രിസ്ത്യൻ ലൈഫ് 2018**

ജൂനിയർ സി എൽ സി കുട്ടികൾക്ക് ഏപ്രിൽ 16,17,18(തിങ്കൾ, ചൊവ്വ, ബുധൻ) തിയതികളിൽ ക്രിസ്ത്യൻ ലൈഫ് 2018 നടത്തുന്നതായിരിക്കും.

**നിർദ്ദേശങ്ങൾ**

1. തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി എൽ സി കുട്ടികൾക്കായുള്ള ക്യാമ്പുകൾ ആദ്യ ദിവസം രാവിലെ 9 ന് ആരംഭിച്ച് മൂന്നാം ദിവസം രാവിലെ 10 ന് അവസാനിക്കുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്.
2. ഈ ക്യാമ്പിൽ വച്ചാണ് അതിരൂപതാ ഭാരവാഹികളെ നിശ്ചയിക്കുന്നത്.
3. ക്യാമ്പിൽ പങ്കെടുക്കുന്നതിന് സംഘടനയിൽ സജീവമായി പ്രവർത്തിക്കുന്നവരെയാണ് ഉദ്ദേശിക്കുന്നത്. ഒരു യൂണിറ്റിൽ നിന്ന് 2 പേർക്ക് മാത്രമേ പങ്കെടുക്കാൻ കഴിയൂ. 100 രൂപ രജിസ്ട്രേഷൻ ഫീസോടുകൂടെ ആദ്യം ബുക്ക് ചെയ്യുന്ന 45 പേർക്കായിരിക്കും മുൻഗണന.
4. ക്രിസ്ത്യൻ ലൈഫ് ക്യാമ്പിൽ പങ്കെടുക്കുന്നതിന് ഇടവകകളിൽ നിന്ന് ഒരു ആൺകുട്ടി ഒരു പെൺകുട്ടി എന്ന രീതിയിൽ രണ്ട് പേർക്ക് മാത്രമേ പങ്കെടുക്കാൻ കഴിയൂ.

**ബെർക്കുമെൻസ് ക്രിക്കറ്റ് ലീഗ്**

അൾത്താരസംഘം കുട്ടികൾക്കായി നടത്തുന്ന ബെർക്കുമെൻസ് ക്രിക്കറ്റ് ലീഗിൽ പങ്കെടുക്കാൻ താത്പര്യമുള്ള യുണിറ്റുകൾ മാർച്ച് 30ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. **ഏപ്രിൽ 12 ന് രാവിലെ 10 ന് ഡി ബി സി എൽ സി യിൽ വച്ച്** നടത്തുന്ന മീറ്റിങ്ങിൽ ടീം ക്യാപ്റ്റന്മാർ പങ്കെടുക്കേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 34 ടീമുകൾക്കായിരിക്കും മത്സരിക്കാനാവുക. **ഏപ്രിൽ 16** മുതൽ മത്സരം ആരംഭിക്കും.

**മരിയൻ കാരംസ് ലീഗ്**

ജൂനിയർ സി.എൽ.സി കുട്ടികൾക്കായി നടത്തുന്ന കാരംസ് ലീഗിൽ പങ്കെടുക്കാൻ താത്പര്യമുള്ള യൂണിറ്റുകൾ മാർച്ച് 30 ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. **ഏപ്രിൽ 18 ന് രാവിലെ 10 ന് ഡി ബി സി എൽ സി യിൽ** വച്ച് നടത്തുന്ന മീറ്റിങ്ങിൽ ടീം ക്യാപ്റ്റന്മാർ പങ്കെടുക്കേണ്ടതാണ്. ഏപ്രിൽ 23 മുതൽ മത്സരം ആരംഭിക്കും.

**എയ്ഞ്ചലോസ് 2018**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ **2018 മെയ് 20–ന്** അതിരൂപതാതലത്തിൽ ഈ വർഷം ആഘോഷമായ കുർബ്ബാന സ്വീകരണം നടത്തിയവർക്ക് ഉച്ചതിരിഞ്ഞ് 1.30 മണി മുതൽ 4 മണിവരെ **കുരിയച്ചിറ, സെന്റ് ജോസഫ് സ്കൂളിൽ** വച്ച് സ്വീകരണം നല്കുന്നു. എല്ലാ ഇടവകളിൽ നിന്നും സഹകരണം പ്രതീക്ഷിക്കുന്നു.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** കർത്താവിന്റെ നാമം ബലിഷ്ഠമായ ഒരു ഗോപുരമാണ്; നീതിമാൻ അതിൽ ഓടിക്കയറി സുരക്ഷിതനായിക്കഴിയുന്നു. (സുഭാ. 18.10)

**സുകൃതജപം:** ഈശോയെ ഞാൻ അങ്ങയുടേതാണ്.

**പ്രാർത്ഥനാനിയോഗം:** വൈദികർക്കുവേണ്ടിയും വൈദിക വിദ്യാർത്ഥികൾക്കും വേണ്ടി പ്രാർത്ഥിക്കുക

**പരിചയപ്പെടുന്ന വിശുദ്ധൻ:** വി. യൂദാ തദേവൂസ് (ഒക്ടോബർ 28)

**പ്രവർത്തനം:** പരീക്ഷക്ക് നന്നായി പഠിച്ച് ഒരുങ്ങുക

**സി. റെജി എസ്. എസ്. പി. സി**
കോഡിനേറ്റർ

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ



# KCSL തൃശ്ശൂർ അതിരൂപത

**അതിരൂപത വാർഷികം**

KCSL അതിരൂപത വാർഷികവും ചാരിറ്റി കിറ്റ് വിതരണം, ബൊക്കെ മെഗാക്വിസ് സമ്മാന വിതരണം എന്നിവ ജനുവരി 25 ന് തൃശ്ശൂർ അതിരൂപത ഫാമിലി അപ്പോസ്തോലേറ്റിൽവെച്ച് നടന്നു. അതിരൂപത വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി ഉദ്ഘാടനം ചെയ്തു.

**അതിരൂപത KCSL ബെസ്റ്റ് യൂണിറ്റ് അവാർഡ്**

2017–2018 അദ്ധ്യയന വർഷത്തെ പ്രവർത്തന മികവിനെ അടിസ്ഥാനപ്പെടുത്തി താഴെ പറയുന്ന യൂണിറ്റുകളെ ബെസ്റ്റ് യൂണിറ്റുകളായി തിരഞ്ഞെടുത്തു.

| | |
|---|---|
| 1. UP Boys | St. Pius Xth CUPS, Varandarappilly |
| 2. UP Girls | St. Xaviers CUPS, Pudukkad & SHCGHSS, TSR |
| 3. HS Boys | Deepthy HSS, Thalore |
| 4. HS Girls | SHCGHSS, TSR |
| 5. HSS Boys | St. Thomas College HSS, TSR |
| 6. HSS Girls | LFCGHSS, Chelakkara & SHCGHSS, TCR |

(മീറ്റിംങ്ങിൽ അനൗൺസ് ചെയ്തതിൽ തിരുത്തുണ്ട്. സദയം ക്ഷമിക്കുക)

**അതിരൂപത KCSL നേതൃത്വ പരിശീലന ക്യാമ്പ്**

KCSL അതിരൂപതാ നേതൃത്വ പരിശീലനക്യാമ്പ് 2018 മാർച്ച് 10ന് (ശനിയാഴ്ച തൃശ്ശൂർ അതിരൂപത ഫാമിലി അപ്പോസ്തോലേറ്റിൽവെച്ച് നടക്കുന്നു. 2018–2019 അദ്ധ്യയന വർഷത്തെ വിദ്യാർത്ഥി ഭാരവാഹികളെ ഈ ക്യാമ്പിൽവെച്ച് തിരഞ്ഞെടുക്കുന്നു. കഴിവും ആത്മാർത്ഥതയുമുള്ള വിദ്യാർത്ഥി ഭാരവാഹികളെ പങ്കെടുപ്പിക്കാൻ ആനിമേറ്റർമാർ ശ്രദ്ധിക്കുക. കൂടുതൽ വിവരങ്ങൾക്ക് KCSL ബ്ലോഗ് നോക്കുക

**റവ. ഡോ. ആന്റണി ചെമ്പകശ്ശേരി** – ഡയറക്ടർ




# കത്തോലിക്ക കോൺഗ്രസ്

കത്തോലിക്ക സഭയുടെ ശക്തിസ്രോതസ്സ് അത്മായരും അത്മായ പ്രസ്ഥാനങ്ങളുമാണ്: **മാർ ആൻഡ്രൂസ് താഴത്ത്.**

തൃശ്ശൂർ അതിരൂപത കത്തോലിക്കകോൺഗ്രസ്സിന്റെ നേതൃത്വത്തിൽ കാത്തലിക് യൂണിയൻ മുൻ ഭാരവാഹികളുടെ സംഗമം ബിഷപ്സ് ഹൗസിൽ സംഘടിപ്പിച്ചു. കത്തോലിക്ക സഭയുടെ ശക്തി സ്രോതസ്സ് അത്മായരും അത്മായ പ്രസ്ഥാനങ്ങളുമാണെന്ന് സംഗമം ഉദ്ഘാടനം ചെയ്തുകൊണ്ട് ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു. മാർ ജോസഫ് കുണ്ടുകുളത്തിന്റെ ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങൾ അത്മായ പ്രസ്ഥാനങ്ങളുടെ വളർച്ചക്ക് കാരണമായിട്ടുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

കാത്തലിക് യൂണിയൻ മുൻകാല നേതാക്കളായ ഷെവലിയാർ എൻ. എ. ഔസേപ്പ് മാസ്റ്ററുടെ മകൻ ബിഷപ് മാർ ടോണി നീലങ്കാവിലിനെയും എം. പി. ഐപ്പുണ്ണി മാസ്റ്ററുടെ മകൻ ബിഷപ് മാർ ഫ്രാങ്കോ മുളക്കലിനെയും ഷെവലിയർ എൻ. എ. ഔസേപ്പ് മാസ്റ്ററെയും ചടങ്ങിൽ പൊന്നാടയണിയിച്ച്, ഉപഹാരങ്ങൾ നല്കി ആദരിച്ചു. കത്തോലിക്ക കോൺഗ്രസ്സ് അതിരൂപത പ്രസിഡന്റ് പ്രഫ. കെ. എം. ഫ്രാൻസിസ് അദ്ധ്യക്ഷത വഹിച്ചു. കത്തോലിക്ക കോൺഗ്രസ്സ് ഗ്ലോബൽ ഡയറക്ടർ ഫാ. ജിയോ കടവി, ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറന്നിലം, ഫാ. ജോസ് പുന്നോലിപ്പറമ്പിൽ, ഫാ. ജെയ്സൻ വടക്കേത്തല, ഡോ. മേരി റജീന, പി. ഐ. ലാസർ മാസ്റ്റർ, തൊമ്മി പിടിയത്ത്, വർഗ്ഗീസ് മാവേലി, പി. ആർ. വർഗ്ഗീസ്, അഡ്വ. ബിജു കുണ്ടുകുളം, I. എൽ. ഇഗ്നേഷ്യസ്, ശ്രീമതി ജോയ്സി ജൂഡ് തുടങ്ങിയവർ പ്രസംഗിച്ചു. ജോഷി വടക്കൻ, ജോൺസൻ ജോർജ്, പ്രഫ. എലിസബത് മാത്യു, ഷിന്റോ മാത്യു എന്നിവർ നേതൃത്വം നല്കി.

**ഫാ. വർഗ്ഗീസ് കുത്തൂർ** — ഡയറക്ടർ
**പ്രൊഫ. കെ. എം. ഫ്രാൻസിസ്** — പ്രസിഡന്റ്
**ഡേവിസ് പുത്തൂർ** — ജന. സെക്രട്ടറി



# സൊസൈറ്റി ഓഫ്
# സെന്റ് വിൻസെന്റ് ഡി പോൾ

1. 2018–19 ലെ സെൻട്രൽ കൗൺസിലിന്റെ പ്രവർത്തന രൂപരേഖ തയ്യാറാക്കുന്നതിനായി ഏരിയ കൗൺസിലുകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ 04–03–2018 ന് മുമ്പായി സി. സി. ആഫീസിൽ സമർപ്പിക്കേണ്ടതാണ്.
2. കേരള റീജിയണൽ കോ–ഓർഡിനേഷൻ കമ്മറ്റിയുടെ നേതൃത്വത്തിൽ നടന്ന മത്സരങ്ങളിൽ ക്രിസ്തീയ ഭക്തിഗാനത്തിൽ രണ്ടാംസ്ഥാനം നേടിയ അരണാട്ടുകര വനിത കോൺഫ്രൻസ് അംഗം സി. സ്നേഹ ജോയിക്ക് സെൻട്രൽ കൗൺസിലിന്റെ അനുമോദനങ്ങൾ.
3. പല്ലിശ്ശേരി ശാന്തിഭവൻ പാലിയേറ്റിവ് ഹോസ്പിറ്റലിന്റെ കീഴിൽ ആരംഭിച്ചുവരുന്ന റീജിയണൽ സെന്ററുകളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായസഹകരണങ്ങൾ സംഘടന വാഗ്ദാനം ചെയ്തു.
4. 04–03–2018 ഞായറാഴ്ച രാവിലെ 10.30ന് വിൻസെൻഷ്യൻ കോംപ്ലക്സിൽ വെച്ച് സി. സി. അംഗങ്ങളുടെ കുടുംബസംഗമവും തുടർന്ന് സി.സി. യോഗവും നടത്തുവാൻ തീരുമാനിച്ചു.
5. പുത്തൂർ ഫൊറോനയിലെ ഇരവിമംഗലം ദൈവാലയത്തിൽ ഒരു വനിത കോൺഫ്രൻസ് ആരംഭിക്കുന്നതിന് അനുമതി നൽകി.
6. കാരുണ്യസ്പർശം ചികിത്സാ സഹായം 31–01–2018 വരെ 10,27,800 രൂപ വിതരണം ചെയ്തു.

| | | |
|---|---|---|
| **റവ. ഡോ. ആന്റണി ചെമ്പകശ്ശേരി** | **കെ. എ. ഷിബു.** | **കെ. കെ. പോൾസൺ** |
| സി. സി. ആദ്ധ്യാത്മികോപദേഷ്ടാവ് | സി. സി. പ്രസിഡണ്ട് | സി.സി. സെക്രട്ടറി |

# മദ്യ വിരുദ്ധ സമിതി




**സ്മരണിക പ്രകാശനവും വാർഷിക കർമ്മപദ്ധതിയുടെ ഉദ്ഘാടനവും:**

മദ്യവിരുദ്ധസമിതിയുടെ 2017ലെ സ്മരണികയുടെ പ്രകാശനവും (വിംശതി വിശേഷങ്ങൾ) 2018 പ്രവർത്തനവർഷ പദ്ധതിയുടെ ഉദ്ഘാടനവും ജനുവരി 26ന് പാസ്റ്ററൽ സെന്ററിൽ അരങ്ങേറി. പ്രകാശന–ഉദ്ഘാടനകർമ്മം നിർവഹിച്ചത് ശ്രീ. ഡേവിസ് കണ്ണനായ്ക്കലാണ്. പ്രസിഡന്റ് എം. കെ. ബാബു അധ്യക്ഷത വഹിച്ചു. എഡിറ്റർ ഹിറ്റ്ലസ് ചാക്കുണ്ണി സ്മരണികയുടെ അവലോകനം നടത്തി. ഡയറക്ടറച്ചൻ സ്വാഗതപ്രസംഗത്തിൽ പുതിയ പ്രവർത്തനപരിപാടികൾ വിശദീകരിച്ചു. സംസ്ഥാന സെക്രട്ടറി ജോസ് ചെമ്പിശ്ശേരി, സെക്രട്ടറി റപ്പായി മേച്ചേരി, ട്രഷറർ ഫ്രാൻസിസ് തേർമഠം തുടങ്ങിയവർ സംസാരിക്കുകയുണ്ടായി. സ്മരണികയുടെയും കർമ്മപദ്ധതിയുടെയും വിതരണം മേഖലാസമ്മേളനം കൂടി എത്രയും വേഗം പൂർത്തിയാക്കണമെന്ന് തീരുമാനിച്ചു. 2018ലെ ഈ പ്രഥമ സമ്മേളനത്തിൽ നൂറോളം പേർ പങ്കെടുത്തത് പ്രതീക്ഷക്കു വക നൽകുന്നുണ്ട്.

**പുസ്തകപ്രകാശനം**

ഡയറക്ടറച്ചൻ രചിച്ചതും മദ്യവിരുദ്ധസമിതി വിതരണം ഏറ്റെടുത്തിട്ടുള്ളതുമായ "മദ്യത്തിനെതിരെ മല്ലടിച്ച മറുനാടൻ മഹാരഥന്മാർ" എന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മം മാർ ടോണി നീലങ്കാവിൽ നിർവഹിച്ചു. വി. ഫ്രാൻസിസ് സേവ്യർ, വാഴ്ത്ത. മാറ്റ് ടാൽ ബോത്ത്, ഫാ. ജോൺ മരിയ ഹാവ് എന്നീ പാശ്ചാത്ത്യർ മദ്യവിരുദ്ധ ചിന്തകരും പ്രചാരകരുമായിരുന്നുവെന്ന് വ്യക്തമാക്കുന്നതാണ് ഈ പുസ്തകം. ഇതിന്റെ കോപ്പികൾ ഒന്നിന് മുപ്പതുരൂപാ നിരക്കിൽ പരമാവധി വീടുകളിൽ എത്തിക്കുന്നതിന് പ്രവർത്തകർ ആത്മാർത്ഥമായും സത്വരമായും ശ്രമിക്കണം. മദ്യവിരുദ്ധ ചിന്തകൾ പ്രചരിപ്പിക്കുന്നതിന് ഈ ബോധവത്കരണഗ്രന്ഥം തീർച്ചയായും സഹായകമായിരിക്കും.

**ഉത്തര മേഖലാസമ്മേളനം**

മദ്യവിരുദ്ധസമിതിയുടെ ഉത്തരമേഖലാസമ്മേളനം 11.02.2018 ഞായറാഴ്ച വടക്കാഞ്ചേരി ഫൊറോന ദൈവാലയത്തിൽ സമ്മേളിച്ചു. റപ്പായി

മേച്ചേരി, ജോസ് ചെമ്പിശ്ശേരി, ഫ്രാൻസിസ് തേർമഠം, ജോണി ചിറ്റില പ്പിള്ളി, ജോൺസൻ കുമ്പളങ്ങാട് തുടങ്ങിയവർ സംസാരിക്കുകയുണ്ടാ യി.

**ഹിറ്റ്ലസ് ചാക്കുണ്ണി**
**പി. ആർ. ഒ.**

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
**ഡയറക്ടർ**



# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

കാത്തലിക് നേഴ്സസ് ഗിൽഡിന്റെ അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിങ്ങ് ജൂബിലി മിഷൻ ആശുപത്രിയിൽ ജനുവരി 30–ന് വൈകീട്ട് 2.30–ന് പ്രാർത്ഥനയോടെ നടന്നു. ഫെബ്രുവരി 15–ന് ജൂബിലി മിഷൻ ആശുപത്രിയിൽ പുതിയ എക്സിക്യൂട്ടീവ് തിരഞ്ഞെടുപ്പ് നടത്താൻ ഈ യോഗത്തിൽ തീരുമാനം ഉണ്ടായി. രോഗീദിനമായ ഫെബ്രുവരി 11–ന് ആതുരാലയങ്ങളിൽ പ്രാർത്ഥനാശുശ്രൂഷയും, ദിവ്യബലിയും നടന്നു. രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും, മധുരം നൽകുകയും, മറ്റ് കാരുണ്യ പ്രവൃർത്തികൾ ചെയ്തും, രോഗീദിനം സമുചിതമായി ആചരിച്ചു. ചേലക്കര ജീവോദയ ആശുപത്രിയിൽ ഹൃദ്രോഗനിൽണ്ണയ ക്യാമ്പിൽ 75 രോഗികൾക്ക് സൗജന്യചികിത്സയും മരുന്നും നൽകി. ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ റവ.സി. ദെപ്പാസി സി.എസ്.സി. പരിപാടികൾക്ക് നേതൃത്വം നൽകി. എട്ട് വർഷത്തോളം കാത്തലിക് നേഴ്സസ് ഗിൽഡിന്റെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിക്കുകയും, കരുത്തുറ്റ സാന്നിധ്യമായി ആത്മീയ മാർഗ്ഗനിർദ്ദേശത്തോടൊപ്പം ആത്മാർത്ഥ ശുശ്രൂഷകൾ കാഴ്ച്ചവെയ്ക്കുകയും ചെയ്ത് പുതിയ ദൗത്യത്തിനായി പോകുന്ന ഡയറക്ടർ ഫാ. സിജോ അരിക്കാട്ടിന് കാത്തലിക് നേഴ്സസ് ഗിൽഡിന്റെ ഹൃദയം നിറഞ്ഞ നന്ദിയും , യാത്രാമംഗളങ്ങളും . ഫെബ്രുവരി ഏഴിന് സി.എൻ.ജി.ഐ.–യുടെ പുതിയ ഡയറക്ടറായി ചാർജ്ജെടുത്ത റവ. ഫാ. പോൾ കള്ളിക്കാടന് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

**ഫാ. പോൾ കള്ളിക്കാടൻ** – ഡയറക്ടർ
**സി. റൊസീന. എഫ്.സി.സി.** – സെക്രട്ടറി



# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

**പുതിയ സോണൽ സർവ്വീസ് ടീം ചുമതലയേറ്റെടുത്തു**

തൃശ്ശൂർ അതിരൂപതയിലെ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് പുതിയ സോണൽ സർവീസ് ടീമിനെ തിരഞ്ഞെടുത്തു. പുതിയ ടീമംഗങ്ങൾക്കുവേണ്ടിയുള്ള പരിശീലന പരിപാടി കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ സംസ്ഥാന തല കേന്ദ്രമായ കളമശ്ശേരി എമ്മാവൂസിൽ വച്ച് ജനുവരി 9,10 തീയതികളിൽ നടന്നു. മുവാറ്റുപുഴ മലങ്കര കത്തോലിക്ക രൂപതയുടെ മെത്രാൻ സാമുവൽ മാർ ഐറീനിയോസ് കൈവയ്പ് ശുശ്രൂഷ നടത്തി.

തൃശ്ശൂർ സോണിന്റെ കോ–ഓർഡിനേറ്ററായി സാബു.എം.വർഗ്ഗീസ്, സെക്രട്ടറിയായി എം.എ ബാബു. ട്രഷററായി ഇ.ടി ജോൺസൺ എന്നിവർ ചുമതലയേറ്റെടുത്തു. വിജു സി.ടി, റോയ് ടി.ഒ, ബൈജു കല്ലൂക്കാരൻ, റീന റാഫേൽ, ജയ ജോയ്, ബേബി റോയ് എന്നിവരാണ് സർവ്വീസ് ടീം അംഗങ്ങൾ.

**സബ്സോണുകൾക്ക് പുതിയ സർവീസ് ടീം.**

തൃശ്ശൂർ അതിരൂപതയിലെ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ 2018 –20 വർഷത്തെ സബ്സോൺ കോ–ഓർഡിനേറ്റർമാരായി താഴെ പറയുന്നവർ ചുമതലയേറ്റെടുത്തിരിക്കുന്നു.

ലൂർദ്ദ് – ബാബു പി.വി
പുതുക്കാട് –വർഗ്ഗീസ് പടയാട്ടിൽ
ഒല്ലൂർ – വർഗ്ഗീസ് (അസ്സീസ്സി)
പുത്തൂർ – ബേബി. സി.ആർ
ബസിലിക്ക – ബേബി കളത്തിൽ
പട്ടിക്കാട് – വർഗീസ് വട്ടംകാട്ടിൽ
കണ്ടശ്ശാംകടവ് –ഡേവീസ് തറയിൽ
പഴുവിൽ – ജോബ് ജെയ്ക്കബ്
പറപ്പൂർ – ജിബി ജെയ്ക്കബ്
എരുമപ്പെട്ടി – ജോസ് കെ.എൽ
മറ്റം – ശാന്തൻ
വടക്കാഞ്ചേരി – പോൾ പി.ടി
വേലൂർ –ജോസഫ് ടി.എൽ
പാലയൂർ – ജോജി സണ്ണി
കൊട്ടേക്കാട് – ടി.പി ദേവസ്സി

**ലീഡേഴ്സ് സംഗമം**

കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ പ്രാർത്ഥന ഗ്രൂപ്പുകളുടെയും സബ്സോൺ സേവന സമിതികളുടെയും നേതൃസംഗമം ജനു

വരി 12 ന് ആബാ റിന്യൂവൽ സെന്ററിൽ നടന്നു. രാവിലെ 9.30 ന് ആരംഭിച്ച കൂട്ടായ്മയിൽ ഡയറക്ടർ ഫാ.സജീവ് ഇമ്മട്ടി മുഖ്യ പ്രഭാഷണം നടത്തി. ഫാ.സെബി ചിറ്റിലപ്പിള്ളി വി.കുർബാന അർപ്പിച്ചു. കോ–ഓർഡിനേറ്റർ സാബു എം. വർഗീസ്, സെക്രട്ടറി ബാബു എം. എ. എന്നിവരും സർവീസ് ടീം അംഗങ്ങളും നേതൃത്വം നൽകി. കഴിഞ്ഞ മൂന്നുവർഷക്കാലം ശുശ്രൂഷചെയ്ത സോണൽ സർവീസ് ടീം അംഗങ്ങൾ, സബ്സോൺ കോ–ഓർഡിനേറ്റേഴ്സ് എന്നിവരെ ഉപഹാരങ്ങൾ നൽകി ആദരിച്ചു.

**വചനപ്രഘോഷകർക്കും സ്പിരിച്ച്വൽ ഗൈഡൻസ് ശുശ്രൂഷകർക്കുമുള്ള ഐഡന്റിറ്റി കാർഡ് വിതരണം:** തൃശ്ശൂർ സോണിലെ വചനപ്രഘോഷകർ, സ്പിരിച്ച്വൽ ഗൈഡൻസ് നടത്തുന്നവർ എന്നിവർക്കുള്ള ഐഡന്റിറ്റി കാർഡ് വിതരണം ഫെബ്രുവരി 8 തിങ്കളാഴ്ച നടന്നു. ചേറൂർ ആബാ റിന്യൂവൽ സെന്ററിൽ നടന്ന പരിപാടിയിൽ ഫാ.ജെയിംസ് മാറോക്കി വചന പ്രഘോഷം നടത്തി. ഡയറക്ടറും ആനിമേറ്ററുമായ ഫാ.സജീവ് ഇമ്മട്ടി കാർഡുകൾ വിതരണ ം ചെയ്തു.

**ഫാ. സജീവ് ഇമ്മട്ടി,** ഡയറക്ടർ

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)



തൃശൂർ അതിരൂപത ഫ്രാൻസിസ്കൻ അൽമായ സഭയുടെ എക്സിക്യൂട്ടീവ് യോഗം 11.2.2018 ഞായറാഴ്ച വടക്കാഞ്ചേരി എ. ആർ. സി യിൽ വെച്ച് പ്രസിഡണ്ട് സണ്ണി വടക്കന്റെ അദ്ധ്യക്ഷതയിൽ കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. സെക്രട്ടറി റിപ്പോർട്ടും ട്രഷറർ കണക്കും അവതരിപ്പിച്ചു. യോഗം പാസ്സാക്കി. യോഗത്തിൽ ഫാ. ഷിന്റോ ഞർളേലി, ഫാ. ജോസ് പുല്ലോക്കാരൻ, ഫാ. ബിനോയ് കോതകുളത്ത്, പി.ഐ. സൈമൺ, കെ.ജി.ജേക്കബ്, സെലീന ജോൺ, ജോസ് പീറ്റർ, ഡോ. ജെറി ജോസഫ് എന്നിവർ പങ്കെടുത്തു. ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ യൂണിറ്റ് തലത്തിലുള്ള ഇലക്ഷൻ നടത്തേണ്ടതിനുള്ള ക്രമീകരണങ്ങൾ ചെയ്യാൻ യോഗം ബന്ധപ്പെട്ടവരോട് നിർദ്ദേശിച്ചു. നോമ്പുകാലങ്ങളിൽ പളളികളിൽ നടക്കുന്ന

കുരിശിന്റെ വഴിക്ക് നേതൃത്വം നല്കുവാനും നോമ്പുകാലത്ത് എല്ലാ അംഗങ്ങളും എല്ലാ ദിവസവും ഭക്തിപൂർവ്വം ദിവ്യബലിയിൽ സംബന്ധിക്കുവാനും നിർദ്ദേശം നൽകി. മാർച്ച് 18 ന് നടക്കുന്ന പാലയൂർ പദയാത്രയിൽ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്നും നിർദ്ദേശിച്ചു.

**റവ. ഫാ. ഷിന്റോ ഞർളേലി OFM. Cap.** - ഡയറക്ടർ
**സണ്ണി വടക്കൻ** – പ്രസിഡന്റ്
**പി.ഐ. സൈമൺ** – സെക്രട്ടറി



# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ 680–ാമതും തൃശ്ശൂർ കൂരിയായുടെ 731–ാമതും സമ്മേളനം 2018 ഫെബ്രുവരി 4 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് കമ്മീസിയം പ്രസിഡന്റ് ബ്ര. കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിലും, ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ജോൺ മൂല നച്ചന്റെ സാന്നിദ്ധ്യത്തിലും പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വെച്ച് പ്രാരംഭ പ്രാർത്ഥനയോടും, ജപമാലയോടും കൂടി ആരംഭിച്ചു.

നിയമഗ്രന്ഥത്തിൽ നിന്ന് ആദ്ധ്യാത്മിക നിയന്താവ് പേജ് 392 ജ്ഞാന വായന നടത്തി. കമ്മീസിയം സെക്രട്ടറി ബ്ര. പി. സി. കുരിയപ്പൻ മുൻ മാസ റിപ്പോർട്ടും, മുൻമാസ വരവ് ചിലവ് കണക്കും വായിച്ചത് അംഗീകരിച്ചു.

ജോ. സെക്രട്ടറി സി. റോസിലി ജോസഫ് ഹാജർ വിളിച്ചതിന് ശേഷം ബ്ര. പ്രസിഡന്റ് എല്ലാ മരിയ സൈനീകരേയും സ്വാഗതമാശംസിച്ചു. സൈനീക ജപശൃംഖലക്ക് ശേഷം ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ജോൺ മൂലൻ പ്രഭാഷണം നടത്തി. മാതാവിന്റെ മാതൃത്വം അംഗീകരിക്കാത്തവർ ക്രിസ്ത്യാനികളല്ലെന്നും, സഭയുടെ ഗർഭപാത്രമാണ് മാമ്മോദീസ തൊട്ടിയെന്നും, ദൈവരാജ്യം ഭൂമിയിലേക്ക് ഇറക്കി കൊണ്ടുവന്നവളാണ് നമ്മുടെ അമ്മയായ മറിയം. നമ്മിലുള്ള ദുരന്തങ്ങളെ സന്തോഷത്തോടെ സ്വീകരിക്കാൻ നാം ഓരോരുത്തരും

തയ്യാറാകണമെന്ന് ഓർമ്മിപ്പിച്ചു. അമ്പത് നോമ്പിന്റെ ആരംഭം മുതൽ പ്രാർത്ഥനയും ഉപവാസവും അനുഷ്ഠിക്കാൻ മരിയ സൈനീകർ ഒരുങ്ങണമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് പ്രഭാഷണം അവസാനിപ്പിച്ചു. മാന്ദാമംഗലം ഇടവകയിൽ പുതിയ പ്രസീദിയം ആരംഭിച്ചതായും അറിയിച്ചു.

മാർച്ച് മാസം 11 ഞായറാഴ്ച ഏകദിന പരിപാടിയുടെ ആച്ചിയസ് (സൈനീക പ്രകടനം) നടത്തുന്നതിന് തീരുമാനിച്ചു. രാവിലെ 9.30ന് രജിസ്ട്രേഷൻ, 10ന് പ്രാരംഭ പ്രാർത്ഥന, ജപമാല, തുടർന്ന് ധ്യാനപ്രസംഗം/ മരിയ സന്ദേശം, 12 മണിക്ക് മരിയ സൈനീകർക്കുള്ള അനുസ്മരണപ്രാർത്ഥനയും, വിശുദ്ധ കുർബാനയും ഉണ്ടായിരിക്കും. ഉച്ചഭക്ഷണത്തിനുശേഷം ആച്ചിയസ് സമ്മേളനം അതിരൂപത ചാൻസിലർ റവ. ഫാ. മാത്യു കുറ്റിക്കോട്ടയിൽ ഉദ്ഘാടനം ചെയ്യും. വർഷത്തിലൊരിക്കൽ അതിരൂപതയിൽ നടക്കുന്ന പ്രതിജ്ഞ പുതുക്കൽ ചടങ്ങിൽ രൂപതയിലെ എല്ലാ മരിയ സൈനികരും പങ്കെടുത്തുകൊണ്ടുള്ള ജപമാല പ്രദക്ഷിണം ബസലിക്ക പള്ളിയിലേക്ക് പോകുന്നതും അവിടെ വെച്ച് ബസിലിക്ക റെക്ടർ സന്ദേശവും ആശീർവ്വാദവും നൽകുന്നതുമാണ്.

ആച്ചിയസ് ദിനത്തിൽ 25, 50 വർഷം ലീജിയൻ അംഗമായി പ്രവർത്തിച്ചു വരുന്ന മരിയൻ സൈനികരെ ആദരിക്കുന്നതിനും തീരുമാനിച്ചു. ലീജിയൻ പ്രചരണമെന്നോണം തയ്യാറാക്കിയ ഷീറ്റ് കലണ്ടർ കൂരിയാകൾ വഴി പ്രസീദിയങ്ങളിൽ വിതരണം ചെയ്യുന്നതിനും അറിയിച്ചു. ആച്ചിയസ് പരിപാടിയുടെ നോട്ടീസ് വിതരണം ചെയ്തതിന് ശേഷം സമാപന പ്രാർത്ഥനക്കും ആദ്ധ്യാത്മിക നിയന്താവിന്റെ ആശിർവ്വാദത്തിനും ശേഷം സമ്മേളനം വൈകീട്ട് 5 മണിക്ക് സമാപിച്ചു.

ദിവ്യനാഥയുടെ സേവനത്തിൽ,

| **ഫാ. ജോൺ മൂലൻ** | **കെ.പി. ജോയ്** | **പി.സി. കുരിയപ്പൻ** |
|---|---|---|
| ആദ്ധ്യാത്മിക നിയന്താവ് | കമ്മീസിയം പ്രസിഡന്റ് | കമ്മീസിയം സെക്രട്ടറി |



# അഭിനന്ദനങ്ങൾ



**മാർ ജോൺ നെല്ലിക്കുന്നേൽ**
ഇടുക്കി രൂപത
നിയുക്ത മെത്രാൻ



**മാർ ജെയിംസ് അത്തിക്കളം**
സാഗർ രൂപത
നിയുക്ത മെത്രാൻ

Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 25.02.2018
March- 2018



# തിരുന്നാൾ ആശംസകൾ...

മാർച്ച് 19
വിശുദ്ധ യൗസേപ്പിതാവിന്റെ
മരണതിരുന്നാൾ...

Edited, Printed & Published by Dr. Francis Aloor, Catholic Archbishop's House, Thrissur, Kerala, India- 680 005
*Printed at* : St. Mary's Orphanage Press, Madona Nagar, Kachery -680 005